www.malankaralibrary.com



# വിശുദ്ധ തോമസ് മൂർ

ജയിംസ് ടി. പുതിയാപറമ്പിൽ

www.malankaralibrary.com

# വിശുദ്ധ തോമസ് മൂർ

BETHANY PUBLICATIONS

No. 41

www.malankaralibrary.com

visudtha thomas moore
life history
by james puthiaparambil
first published, april 1987
impression 1000
price rs. 10
printed at bethany press, kottayam
cover printing: d.c. press
published by bethany publications
distribntion: bethany book centre, thiruvalla
cover: jayaprakash, pazhayidom

www.malankaralibrary.com


# വിശുദ്ധ തോമസ് മൂർ

(ജീവചരിത്രം)

ജയ്സ് പുതിയാപറമ്പിൽ

ബഥനി പബ്ളിക്കേഷൻസ്
തിരുവല്ല–1

www.malankaralibrary.com



ജയ്സ്. ടി. പുതിയാപറമ്പിൽ

പ്രസംഗകൻ, സംഘാടകൻ എന്നീ നിലകളിൽ അറിയപ്പെടുന്നു. വിവിധ സാംസ്കാരിക സംഘടനകളുടെ നേതൃത്വം വഹിക്കുന്നു. 'യുവജനങ്ങളുടെ കരുത്തനായ വക്താവ്' കുട്ടികൾക്ക് പ്രിയങ്കരൻ' പല പ്രമുഖരും അഭിപ്രായപ്പെട്ടു കഴിഞ്ഞു, സാമൂഹികവും മതപരവുമായി അര ഡസനോളം ഗ്രന്ഥങ്ങൾ പുറത്തിറക്കി. ആനുകാലികപ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി എഴുതിക്കൊണ്ടിരിക്കുന്നു. ഹാസ്യാത്മകമായ അവതരണ രീതിയും ഗഹനതയും കൃതികളുടെ പ്രത്യേകതയാണ്. എം. എ. (മലയാള ഭാഷയും സാഹിത്യവും) ബിരുദവും ഫിലോസഫിയിൽ ബാച്ചലർ ബിരുദവും എടുത്തിട്ടുണ്ട്

വിലാസം:

ചെട്ടിക്കുന്ന്,

നാട്ടകം പി. ഒ.

കോട്ടയം – 686013.

www.malankaralibrary.com

എന്നെ സ്നേഹിക്കുകയും വളർത്തി വലിയവനാക്കുകയും ചെയ്ത എന്റെ മാതാപിതാക്കൾക്കും സഹോദരീ സഹോദരന്മാർക്കും സുഹൃത്തുക്കൾക്കും അദ്ധ്യാപകർക്കുമായി നന്ദി നിറഞ്ഞ ഹൃദയത്തോടെ ഈ കൃതി സമർപ്പിച്ചുകൊള്ളുന്നു.

www.malankaralibrary.com

# ഗ്രന്ഥകർത്താവിൻെറ കൃതികൾ

വിശുദ്ധതോമസ് മൂർ

ജീവചരിത്രം

ഞാൻ സ്നേഹിക്കുകയാണ്

നാടകം

നിൻെറ സുഖം എൻെറ സുഖം

സാമൂഹ്യവിമർശനം

തിരക്കിനിടയിൽ തനിയെ

സാമൂഹ്യഹാസ്യം

യുവാക്കളെ യുവതികളെ

മന:ശാസ്ത്രപരമായ അപഗ്രഥനം

ജ്യോതിർഗമയ:

വിമർശനം

സദ്ഗമയ:

ചിന്തകൾ

www.malankaralibrary.com

## ഉള്ളടക്കം

സ്നേഹപൂർവ്വം....
അവതാരിക
ആമുഖം
ഉയർച്ചയുടെ പടവുകൾ
വിദ്യാഭ്യാസം
കവിയും സാഹിത്യകാരനും
ക്രാന്തദർശിയായ സമാധാനദൂതൻ
ഉത്തമ കുടുംബനായകൻ
തോമസ് മൂറും ലൂഥറൻ പാഷണ്ഡതയും
ഹെൻറി എട്ടാമനും വിവാഹമോചന ശ്രമങ്ങളും
ചാൻസലറായ തോമസ് മൂർ
കാരാഗൃഹവാസം
രക്തസാക്ഷിത്വവും വിശുദ്ധപദവിയും

www.malankaralibrary.com

## സ്നേഹപൂർവ്വം....

വിശുദ്ധ തോമസ് മൂറിൻെറ ജീവിതത്തെകുറിച്ചറിഞ്ഞപ്പോഴ്,
ആ ജീവിത മുഹൂർത്തങ്ങൾ എന്നെ ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചു
മററാരിലും കാണാത്ത അദ്ദേഹത്തിൻെറ ഊർജ്ജസ്വലതയും,
കർമ്മകുശലതയും, നിശ്ചയദാർഢ്യവും വല്ലാതാകർഷിച്ചു.
സത്യത്തിനും ധർമ്മത്തിനും നീതിക്കും വേണ്ടിയുള്ളപോരാട്ടം—
തുടർന്ന വീരോചിതമരണം. സാധാരണക്കാർക്ക്
ലളിതമായി കൈകാര്യം ചെയ്യതക്കവിധം ഒരു ഗ്രന്ഥം
ഈ വിശുദ്ധനെ കുറിച്ചില്ലെന്നുള്ളത് ഒരു കുറവായിതോന്നി
അഭൗമികമായ ദിവ്യജ്യോതിസ്സിലേയ്ക്കുള്ള പ്രയാണം
വിശുദ്ധാത്മാക്കളിലൂടെ
എന്ന ക്രൈസ്തവതത്വം മനസ്സിലാക്കിക്കൊണ്ട്
ഇതുപോലുള്ള ജീവചരിത്ര ഗ്രന്ഥങ്ങൾ
കൂടുതൽ പഠന—മനന—വിഷയമാക്കണമെന്നും
ചിന്തിക്കാതിരുന്നില്ല.
അതിൻെറ ആദ്യപടി എന്ന നിലയിൽ ഒരു എളിയ ശ്രമം
ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണം ഏറെറടുത്ത
ബഥനി പബ്ളിക്കേഷൻ മനേജർ ബ്ര. ബക്ക്മാൻസ്,
അച്ചടി ഭംഗിയായി നിർവ്വഹിച്ച
ബ്ര. ശ്രേഷ്യസും സുഹൃത്തുക്കളും,
ഡി. സി. പ്രസ്സ് അധികൃതർ,
അവതാരിക നൽകി കൃതിയെ മനോജ്ഞമാക്കിയ
പ്രൊ. ജോസഫ് അഞ്ചനാട്ട്,
വേണ്ടതിരുത്തലുകൾ നടത്തി മോടിപിടിപ്പിച്ച
ശ്രീ. ബാബു ചെറിയാൻ എന്നിവരെ
നന്ദിയോടെ സ്മരിക്കുന്നു.
മനോഹരമായി കവർ ഡിസൈൻ ചെയ്ത
ജയപ്രകാശ് പഴയയിടവും
നന്ദിഅർഹിക്കുന്നു.
പുസ്തകനിർമ്മിതിയിൽ ആത്മാർത്ഥമായി സഹകരിച്ച
ശ്രീ. ജോസഫ് കടന്തോടിൻെറ സേവനങ്ങൾ നിസ്തുലം.

സഹൃദയരുടെ മുമ്പാകെ സ്നേഹപൂർവ്വം....

**ജയ്സ് ടി. പുതിയാപറമ്പിൽ**

കോട്ടയം
1–4–1987

www.malankaralibrary.com

# അവതാരിക

'സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുക' എന്നു യേശു പറഞ്ഞു. സീസറും ദൈവവും തമ്മിലുള്ള ബന്ധത്തെ, അതായത് രാഷ്ട്രവും മതവും തമ്മിലുള്ളബന്ധത്തെ ഇത്ര സമൃദ്ധമായി നിർദ്ധാരണം ചെയ്യുന്ന മറെറാരു പ്രസ്താവം അതിനു മുൻപോ അതിനു ശേഷമോ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. മനുഷ്യൻെറ ഭൗമിക പുരോഗതിക്കു രാഷ്ട്രം അനിവാര്യമായ ഒരാവശ്യമാണ്; അവൻെറ ആധ്യാത്മിക സാക്ഷാൽക്കാരത്തിനു മതവും. രണ്ടും അതതിൻെറ മേഖലകളിൽ സ്വയം ശാസനാധികാരമുള്ള (autonomous) ഘടകങ്ങളത്രേ. ഒന്നു മറെറാന്നിൻെറ അധികാര പരിധിയിൽ കൈ കടത്താൻ ശ്രമിക്കുമ്പോഴാണ് അസ്വാസ്ഥ്യങ്ങൾ പൊട്ടിപ്പുറപ്പെടുന്നു.

മതവും രാഷ്ട്രവും പരസ്പരധാരണയോടും ബഹുമാനത്തോടും കൂടി സഹകരിച്ചു പ്രവർത്തിക്കുമ്പോഴാണ്

www.malankaralibrary.com



ചരിത്രത്തിലെ സുവർണ്ണയുഗങ്ങൾ പിറന്നുവീഴുക. മറിച്ചുള്ളഘട്ടങ്ങൾ കലാപ കലുഷിതങ്ങളായിരിക്കും. ഇംഗ്ലണ്ടിന്റെ ചരിത്രത്തിൽ അത്തരമൊരു ഘട്ടമായിരുന്നു ഹെൻട്രി എട്ടാമന്റെ ഭരണകാലം. ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരി താനാണ് എന്ന് ഹെൻട്രി സ്വയം പ്രഖ്യാപിച്ചതോടെ അവിടെ രാഷ്ട്രം മതത്തിന്റെ അവകാശങ്ങളിൽ കൈയ്യേററം നടത്തുകയായിരുന്നു. ഹെൻട്രി എട്ടാമന്റെ ചാൻസലറും ഉദ്യോഗസ്ഥപ്രമുഖനുമായിരുന്ന തോമസ് മൂർ, രാജാവിന്റെ ഈ പ്രഖ്യാപനത്തെ പിന്തുണയ്ക്കാൻ കൂട്ടാക്കിയില്ല. രാജാധികാരത്തിനെതിരെ മന:സാക്ഷിസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിച്ചതിന് കനത്തവിലയാണ് അദ്ദേഹത്തിനു നൽകേണ്ടിവന്നു. സുദീർഘമായ കാരാലയ വാസവും കഴുവുമരവും സ്വയം വരിച്ചുകൊണ്ട് അദ്ദേഹം തന്റെ ഉത്തമ ബോധ്യങ്ങളിൽ ഉറച്ചു നിന്നു. അങ്ങനെ തോമസ് മൂർ ഒരു രക്തസാക്ഷിയായിത്തീർന്നു.

മതവും രാഷ്ട്രവും തമ്മിലുള്ള ഈ ഏററുമുട്ടൽ 16-ാം നൂററാണ്ടിലെ ഇംഗ്ലണ്ടിൽ മാത്രം ഒതുങ്ങി നിന്ന ഒരു പ്രതിഭാസമല്ല. ആധുനിക ലോകത്തിലും അതു പല രൂപഭാവങ്ങളിൽ ആവർത്തിക്കപ്പെടുന്നുണ്ട്. ഇരുമ്പുമറയ്ക്കുള്ളിലെ പല രാഷ്ട്രങ്ങളിലും മതമന:സാക്ഷിസ്വാതന്ത്ര്യങ്ങൾ നിഷേധിക്കപ്പെടുന്നുണ്ടെന്നു നമുക്കറിയാം. അയത്തൊള്ളാ ഖൊമേനിയുടെ ഇറാനിലും, സിക്കുപുരോഹിതന്മാർ സ്വാധീനം ചെലുത്തുന്ന പഞ്ചാബിലുമൊക്കെ മതം പൊയ്മുഖം ചാർത്തിക്കൊണ്ട് രാഷ്ട്രീയവേദിയിൽ അഴിഞ്ഞാടുന്നു. ഇത്തരം വഴിപിഴച്ചുപോക്കുകൾ രാഷ്ട്രത്തിന്റേയും മതത്തിന്റേയും ഭാഗത്ത് ഇനിയും ആവർത്തിക്കപ്പെടാനിടയുണ്ട്. തന്മൂലം മത—രാഷ്ട്രബ

www.malankaralibrary.com



ന്ധങ്ങളിലെ സുവർണ്ണ നിയമത്തിനു വേണ്ടി ആത്മബലിയർപ്പിച്ച തോമസ് മൂറിന്റെ ജീവചരിത്രം എക്കാലത്തും ശ്രദ്ധേയമായിരിക്കും. തോമസ് മൂറിന്റെ ജീവചരിത്രത്തിന്റെ അനന്യസാധാരണമായ ഈ ശ്രദ്ധേയത്വ്വും ആകർഷകത്വത്തിനും നിദാനമായിരിക്കുന്നതു് അതിന്റെ ചരിത്രപരമായ ഈ സാംഗത്യമാണെന്നു പറയാം.

തോമസ് മൂറിന്റെ ചില ജീവചരിത്രങ്ങൾ ഇതിനു മുൻപും മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ടു്. ഇപ്പോൾ യുവാവും നിരന്തര പരിശ്രമശാലിയും പക്വമതിയുമായ ശ്രീ. ജെയിംസ് പുതിയാപറമ്പിൽ "വി. തോമസ് മൂർ" എന്ന പേരിൽ ഈ പുതിയ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നു. തോമസ് മൂറിന്റെ രക്തസാക്ഷിത്വത്തിനു വഴി തെളിച്ച ചരിത്ര പശ്ചാത്തലത്തിനെന്നപോലെ, അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു സമീപനം സ്വീകരിച്ചിരിക്കുന്നതിനാൽ ആകെക്കൂടി ഒരു സമതോലനം ദീക്ഷിക്കാൻ കഴിഞ്ഞിരിക്കുന്നു വെന്നതാണു് ഈ ഗ്രന്ഥത്തിന്റെ എടുത്തു പറയേണ്ട ഒരു പ്രത്യേകത. വിശ്വപ്രസിദ്ധമായ 'യുട്ടോപ്യ' യുടെ കർത്താവിനെ ഒരു ചിന്തകൻ, ബുദ്ധിജീവി, സാഹിത്യകാരൻ എന്നീ നിലകളിൽ അപഗ്രഥിക്കാനും ഗ്രന്ഥകാരൻ ശ്രദ്ധിക്കുന്നുണ്ടു്. എങ്കിലും തോമസ് മൂർ എന്ന മനുഷ്യനിലാണു് അദ്ദേഹം പ്രധാനമായും കണ്ണുറപ്പിക്കുന്നതു്. ഇംഗ്ലണ്ടിലെ ചാൻസലറായിരുന്ന സർ. തോമസ് മൂർ തന്റെ മോടിയേറിയ വേഷവിധാനങ്ങൾക്കുള്ളിൽ ഒരു രോമ വസ്ത്രം ധരിച്ചിരുന്നുവെന്നും സ്വയം ശരീരത്തെ പീഡിപ്പിച്ചു കൊണ്ടു് പരിഹാരപ്രവൃത്തികൾ അനുഷ്ഠിച്ചിരുന്നുവെന്നും വായിക്കുമ്പോൾ നാം

www.malankaralibrary.com



രോമാഞ്ചമണിയുന്നു. എത്ര ഉന്നതമായ പദവിയിലായിരുന്നാലും ഒരു മനുഷ്യനു ഉത്തമ ക്രൈസ്തവ ജീവിതം നയിക്കാനാവുമെന്നത് തോമസ്മൂറിന്റെ ഒരു ബോധ്യമായിരുന്നു. രാഷ്ട്രം, മതം, ജീവിതം, മരണം എന്നിവയെക്കുറിച്ചെല്ലാം ക്രൈസ്തവമായ ഒരു കാഴ്ചപ്പാടു പുലർത്തിയ ഒരു ദാർശനികാഗ്രണിയായിരുന്നു കഥാപുരുഷൻ. ആ ദാർശനികതയ്ക്കു മാത്രം നൽകാൻ കഴിയുന്ന നിസ്സംഗമായ ഒരു നർമ്മബോധം ആ ജീവിതത്തിനാകെ തിളക്കമാർന്ന ഒരു പരിവേഷം ചാർത്തി.

ജീവചരിത്രത്തിലെ കഥാപുരുഷനാകാൻ അർഹത നേടുന്നതെങ്ങിനെ എന്ന ചോദ്യത്തിനു പണ്ട് ആരോ ഇങ്ങനെ ഉത്തരം നൽകി: ഒന്നുകിൽ എഴുതി വയ്ക്കാനുള്ളതു വല്ലതും ചെയ്യുക; അല്ലെങ്കിൽ വായിക്കാൻ കൊള്ളാവുന്നതു വല്ലതും എഴുതിവയ്ക്കുക. തോമസ് മൂർ ഇതു രണ്ടും ചെയ്തു. തന്മൂലം അദ്ദേഹം അനശ്വരനായ ഒരു ജീവചരിത്ര നായകനായി തീർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ഈ പുതിയ ജീവചരിത്രം മലയാളത്തിലവതരിപ്പിച്ചതിലൂടെ ശ്രീ. ജയ്സ്. ടി. പുതിയാപറമ്പിൽ മലയാളത്തിലെ അനുവാചകരെ ഋണബദ്ധരാക്കിത്തീർത്തിരിക്കുന്നു.

**പ്രൊഫ. ജോസഫ് അഞ്ചനാട്ട്**

ചങ്ങനാശ്ശേരി
25–2–87.

www.malankaralibrary.com

# ആമുഖം

ചിലർ ജന്മനാ തന്നെ മഹാന്മാരാണ്. മററു ചിലരാവട്ടെ, കർമ്മം കൊണ്ടു് മഹാന്മാരാകുന്നു. ധനികദരിദ്രഭേദമെന്യേ സമഭാവനയോടും സഹാനുഭൂതിയോടും, സാഹോദര്യത്തോടും കൂടെ മനുഷ്യരെ നോക്കിക്കാണാനുള്ള മഹാമനസ്കത വിശുദ്ധ തോമസ് മൂർ കുടുംബ പാരമ്പര്യത്തിൽ നിന്നു തന്നെ ആർജ്ജിച്ചിരുന്നു. സജ്ജനങ്ങളുമായുള്ള സമ്പർക്കം അദ്ദേഹത്തിനു് ആഹ്ലാദകരമായിരുന്നു; അദ്ദേഹത്തിൻെറ സ്നേഹപൂർവ്വമായ പെരുമാററരീതി മററുള്ളവർക്കും.

ആദരണീയനായ ധീരാത്മാവു്, സരസസാഹിത്യകാരൻ, തത്വചിന്തകൻ, രാഷ്ട്രതന്ത്രജ്ഞൻ, ഉത്തമകുടുംബനായകൻ, ഇവയ്ക്കെല്ലാം ഉപരി സന്മാർഗ്ഗനിഷ്ഠയ്ക്കും ആദർശശുദ്ധിക്കും വേണ്ടി സ്വജീവൻ ബലികഴിച്ച ധന്യാത്മാവു് എന്നീ വിധമെല്ലാം അദ്ദേഹത്തെ മനസ്സിലാ

www.malankaralibrary.com



ക്കാൻ കഴിയും. ലോക ചരിത്രത്തിൽ ഈ നിലകളിൽ വ്യതിരിക്തമായ വ്യക്തിത്വത്തോടു കൂടി വിശുദ്ധ തോമസ് മൂർ സ്മരിക്കപ്പെടുന്നു.

കാൻറർബറി മെത്രാപ്പോലീത്തായുടെ ശുശ്രൂഷകനായിരുന്ന തോമസിൻെറ ബുദ്ധിക്കൂർമ്മതയും, പ്രവൃത്തികുശലതയും ആർച്ചു ബിഷപ്പിനെ ആശ്ചര്യഭരിതനാക്കി. അദ്ദേഹം പറഞ്ഞു: ''ഈ ബാലൻെറ ഐശ്വര്യപൂർണ്ണമായ ഭാവി കാണുന്നതിനു് നമ്മളിൽ ആരെങ്കിലും ജീവിച്ചിരിക്കുമോ എന്നു സംശയം; ഇവൻ നിശ്ചയമായും ഒരു സാധാരണ മനുഷ്യനായിത്തീരും''.

ബാരിസ്റ്ററായിരുന്ന കാലത്തു തന്നെ കർത്തൂസ്യൻ സഭയിൽ ചേരാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു കൊണ്ടു് അവരുടെ ആശ്രമത്തിനു സമീപം ചെന്നു താമസിക്കുകയും, അവരുടെ പ്രാർത്ഥനകളിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു തോമസ് മൂർ.

മൂർ സ്വശരീരത്തെ പീഡിപ്പിക്കുന്നതിനു വേണ്ടി മരണം വരെ രോമക്കുപ്പായം ധരിച്ചിരുന്നതായി ചരിത്രത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയും. ഹെൻറി എട്ടാമൻ രാജാവു് തൻെറ പുത്രിയുടെ വിവാഹത്തിനു് ധനസഹായം ചെയ്യണമെന്നു് പാർലമെൻറിൽ അഭ്യർത്ഥന നടത്തിയ അവസരത്തിൽ, മൂർ പാർലമെൻറിൽ സ്പീക്കറായിരുന്നു. അദ്ദേഹം രാജാവിൻെറ ഈ പ്രസ്താവനയിൽ പരസ്യമായി പ്രതിഷേധിക്കുകയും, മററുള്ളവരെ കൂടി അതിനെതിരെ പ്രതികരിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. കുപിതനായ രാജാവു് യാതൊരു കാരണവും കൂടാതെ തന്നെ മൂറിൻെറ പിതാവിനെ ബന്ധനസ്ഥനാക്കുകയും നൂറു പവൻ പിഴയടിപ്പിക്കുകയും ചെയ്തു.

www.malankaralibrary.com



ഹെൻറി എട്ടാമന്റെ ഭരണ കാലത്ത് മൂർ പടിപടിയായി ഉയൎന്ന് ചാൻസലർ പദവിയിലെത്തി. ഭരണ സംബന്ധമായും നിയമപരമായും ചാൻസലർക്കുണ്ടായിരുന്ന അധികാരം വളരെയായിരുന്നു. എങ്കിലും വിനയാന്വിതനായിരുന്ന അദ്ദേഹം ഔചിത്യപൂൎവ്വം കാര്യങ്ങൾ നോക്കി ചെയ്തിരുന്നു. തന്റെ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെയാണ് അദ്ദേഹം കച്ചേരിയിൽ പോയിരുന്നത്. ഒരു ചാൻസലർ ദേവാലയത്തിൽ പോയി സാധാരണക്കാരോടൊന്നിച്ച് ഗാനം ആലപിച്ചിരുന്നത് പല പ്രഭുക്കന്മാരെയും അത്ഭുതപരതന്ത്രരാക്കി.

ആശ്രമ ജീവിതത്തിലേക്കു കടന്നു വന്ന തോമസ് മൂർ ഒരു കർത്തൂസ്യൻ സന്യാസിയായിത്തീൎന്നു. കഠിനമായ തപശ്ചര്യകൾ അനുഷ്ഠിച്ചു കൊണ്ട് അപകട പൂൎണ്ണമായ ജീവിത യാത്ര അദ്ദേഹം തുടൎന്നു. വീരയോധാവിനെപ്പോലെ അഭിമാനത്തോടും സന്തോഷത്തോടും കൂടി കാരാഗൃഹവാസമനുഭവിച്ചു.

ന്യായരഹിതമായി ഹെൻറിയുടെ പ്രേമഭാജനമായിത്തീൎന്ന ആനിബോളിന്റെ കുതന്ത്രങ്ങൾ 1529—ൽ ചാൻസലറായിരുന്ന കാർഡിനൽ വൂൾസിയുടെ അധഃപതനത്തിനു കാരണമായി. തൽസ്ഥാനത്ത് തോമസ് മൂർ നിയമിക്കപ്പെട്ടു.

മാർപ്പാപ്പായുടെ പ്രത്യേക അനുമതിയോടെ താൻ വിവാഹം കഴിച്ചു കാതറൈനിനെ, ഇരുപതുവർഷങ്ങൾക്കുശേഷം ഉപേക്ഷിക്കാൻ സുന്ദരിയും യുവതിയുമായ ആനിബോളുമായുണ്ടായ ബന്ധം ഹെൻറിയെ പ്രേരിപ്പിച്ചു: കാതറൈനുമായുള്ള ബന്ധം അസാധുവും പാപകരവുമായിരുന്നുവെന്നും തന്നിമിത്തം വിവാഹ

www.malankaralibrary.com



മോചനം ആവശ്യമാണെന്നുമുള്ള തൻെറ വാദത്തെ മാപ്പാപ്പാ അംഗീകരിക്കുകയില്ലാ എന്നു അറിഞ്ഞ പ്പോഠം ഹെൻറി അദ്ദേഹത്തെ ഭീഷണിപ്പെടുത്തി വശം വദനാക്കുവാൻ ശ്രമിച്ചു. എന്നാൽ മാപ്പാപ്പാ തൻെറ പൂർവ്വനിശ്ചയത്തിൽ ഉറച്ചുനിന്നു. ആയതിനാൽ ഹെൻറി, സഭയ്ക്കു താൻ ന്യായമായി കൊടുത്തിരുന്ന വിഹിതം മേലിൽ കൊടുക്കുന്നതു നിയമ വിരുദ്ധമാണെന്നുള്ള ഒരു നിയമം പാർലമെൻറിനെക്കൊണ്ടു അംഗീകരി പ്പിച്ചു. കത്തോലിക്കാസഭയുടെ ആദർശത്തിനു വിരുദ്ധ മായ ഈ നടപടിയിൽ ഭാഗഭാക്കാകുവാൻ തോമസ് മൂറിൻെറ ധർമ്മബോധം അദ്ദേഹത്തെ അനുവദിച്ചില്ല. തന്മൂലം അദ്ദേഹം ഉടനെ തന്നെ ചാൻസലർ സ്ഥാനം രാജിവച്ചു.

1533—ൽ ഹെൻറി മാപ്പാപ്പായുടെ അംഗീകാരമില്ലാ തെ ആനിബോളിനെ രഹസ്യമായി വിവാഹം കഴിച്ചു അവളുടെ കിരീടധാരണവും നടത്തി. തൽസംബന്ധ മായി നടന്ന ഘോഷയാത്രയിൽ രാജാവിൻെറ പ്രത്യേക മായ ക്ഷണം ലഭിച്ചിട്ടും തോമസ് മൂർ സന്നിഹിതനാ യില്ല. നിയമവിരുദ്ധമായി വിവാഹിതനായ ഹെൻറി യെ മാപ്പാപ്പ സഭയിൽ നിന്നും പുറത്താക്കി. എന്നാൽ ഹെൻറിയാവട്ടെ മാപ്പാപ്പായുമായുള്ള സകല ബന്ധ ങ്ങളും വിച്ഛേദിച്ചു ഇംഗ്ലണ്ടിലെ സഭയുടെ മേധാവിത്വം ഏറ്റെടുക്കുകയും അതിനെ എതിർക്കുന്നവരോടു പ്രതി കാരം ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. 1534—ൽ ആനിബോളിൻെറ മക്കഠംക്കു കിരീടാവകാശം ലഭ്യ മാകുന്ന 'പിൻതുടച്ച്ാവകാശനിയമം' പാർലമെൻറി നെക്കൊണ്ടു ഹെൻറി പാസ്സാക്കിയെടുത്തു. ഇതോടു കൂടി ഹെൻറിയുടെ പുനർവിവാഹത്തെ സാധൂകരിക്കു കയും മാപ്പാപ്പായുടെ പരമാധികാരത്തെ നിഷേധിക്കു

www.malankaralibrary.com



കയും ചെയ്യുന്ന വാക്യങ്ങൾ ചേർക്കപ്പെട്ടു. ഈ നിയമം അംഗീകരിച്ച് ശപഥം ചെയ്യാത്തവർ വധശിക്ഷയ്ക്ക് അർഹരാകുമായിരുന്നു. മാർപ്പാപ്പായുടെ പരമാധികാരത്തെ തിരസ്കരിക്കുന്ന ഏതു ശക്തിയേയും അംഗീകരിക്കുന്നതിനോ, സ്വീകരിക്കുന്നതിനോ തോമസ് മൂർ തയ്യാറായില്ല.

1534—ഏപ്രിൽ 13—ാം തീയതി തോമസ് മൂർ ലാംബെത്തു കൊട്ടാരത്തിൽ ഹാജരാകുന്നതിനു രാജാവു കല്പിച്ചു. തന്റെ ആദർശങ്ങൾക്കു വിരുദ്ധമായി ശപഥം ചെയ്യുന്നതിന് തയ്യാറാകാഞ്ഞതു കൊണ്ട് അദ്ദേഹത്തെ കാരാഗൃഹത്തിൽ അടച്ചു. അനന്തരം തോമസ് മൂർ കുററക്കാരനാണെന്നു ന്യായാധിപന്മാർ പ്രസ്താവിക്കുകയും ബന്ധിച്ചു ടൈബേണിലേയ്ക്കു [Ty:burn] വലിച്ചിഴച്ചു കൊണ്ടുപോയി കൊല്ലുന്നതിനു വിധിക്കുകയും ചെയ്തു.

തോമസ് മൂറിനെ മരണശിക്ഷയ്ക്കു വിധിച്ചെങ്കിലും അദ്ദേഹം മരിക്കുന്നതു ഹെൻറിക്ക് ഒട്ടും താൽപര്യമില്ലാതിരുന്നതിനാൽ അദ്ദേഹത്തെ മതത്യാഗത്തിനു പ്രേരിപ്പിക്കുന്നതിനു വേണ്ടി എന്തു ചെയ്യുന്നതിനും രാജാവ് സന്നദ്ധനായിരുന്നു.

1535—ജൂലൈ ആറാം തീയതി അതിരാവിലെ സർ തോമസ് പോപ്പ് വന്ന്, അന്ന് ഒൻപതു മണിക്ക് വിധി നടത്തുമെന്ന് മൂറിനെ അറിയിച്ചു.

തദനന്തരം, യഥാസമയത്ത് ആരാച്ചാരുടെ മൂർച്ചയേറിയ ഖഡ്ഗമേററ് തോമസ് മൂർ വധിക്കപ്പെട്ടു. അങ്ങനെ സത്യത്തിനും നീതിക്കും വേണ്ടി അക്ഷീണം പോരാടി വീരോചിത മരണത്തിലൂടെ രക്തസാക്ഷികളുടെ ഗണത്തിൽ അദ്ദേഹം ചേർക്കപ്പെട്ടു.

○

www.malankaralibrary.com

# ഉയർച്ചയുടെ പടവുകൾ

ക്രിസ്തുവർഷം ആയിരത്തി നാനൂററി എഴപത്തി എട്ട് [1478] ഫെബ്രുവരി ഏഴാം തീയതി ജോൺമൂറിന്റെയും ആഗ്നസ് ഗ്രാംഗർ [Agnes Granger]—ന്റെയും ദ്വിതീയ സന്താനമായി തോമസ്മൂർ ലണ്ടനിൽ ജനിച്ചു. മൂറിന്റെ ബാല്യത്തിൽ തന്നെ അദ്ദേഹത്തിന്റെ മാതാവ് പരലോക പ്രാപ്തയായി. മാതാവിന്റെ അഭാവത്തിൽ സ്വപുത്രന് യാതൊരുവിധ കുറവുകളും ഉണ്ടാകാതിരിക്കാൻ അച്ഛൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

തോമസ് മൂർ തന്റെ ജന്മസ്ഥലമായ ലണ്ടൻ നഗരത്തിലും വിദേശങ്ങളിലും, ഹ്രസ്വകാലം രാജമന്ദിരത്തിലും ജീവിതം ചെലവഴിച്ചു. ധനികദരിദ്രഭേദമെന്യേ എല്ലാവരെയും സമഭാവനയോടെ കാണുക, മററുള്ളവരെ ആദരിക്കുക തുടങ്ങിയ സദ്ഗുണങ്ങൾ അദ്ദേഹത്തിൽ പ്രശോഭിച്ചിരുന്നു. സജ്ജനങ്ങളുമായുള്ള സമ്പക്കം അദ്ദേഹത്തിന് ആഹ്ലാദം പകർന്നിരുന്നു; ഒപ്പം മററുള്ളവർക്കും,

www.malankaralibrary.com



തോമസ് മൂറിന്റെ നർമ്മബോധം. അദ്ദേഹത്തെ മററെന്തിലുമുപരി പ്രസിദ്ധനാക്കിത്തീർത്തു. ഈ നർമ്മചാതുരിതന്നെയാണ് സ്കോട്ട്ലണ്ട് [Scotland] മുതൽ ഹംഗറി വരെ അദ്ദേഹത്തെ പ്രസിദ്ധനാക്കിത്തീർത്തതും. 1535—ൽ ഹെൻറി എട്ടാമന്റെ [Henry VIII] ഭരണകാലത്തു് തോമസ് മൂർ വധശിക്ഷയ്ക്കു്വിധേയനായിത്തീർന്നതു മുതൽ ഒരു ധീരാത്മാവ് എന്ന നിലയിൽ അദ്ദേഹം ലോകപ്രശസ്തനായി. ആത്മധൈര്യം കർമ്മചാതുരി തുടങ്ങിയ വിശേഷഗുണങ്ങളാലും അദ്ദേഹം അലങ്കരിക്കപ്പെട്ടിരുന്നു. സ്വന്തം കാര്യങ്ങളെപ്പററി പരിപൂർണ്ണ ബോധ്യമുണ്ടായിരുന്ന തോമസ് മൂറിനു് അന്യരുടെ കാര്യങ്ങളും വിവേകപൂർവ്വം സ്വാത്ഥമെന്നോണം കരുതുവാനുള്ള ഹൃദയവിശാലതയും ഉണ്ടായിരുന്നതായി മനസ്സിലാക്കാം. സ്വന്തം കഴിവിലും സാമത്ഥ്യത്തിലും ഉത്തമ ബോധ്യമുണ്ടായിരുന്നിട്ടും പൊടുന്നനെ യാതൊരുദ്യമത്തിനും അദ്ദേഹം സന്നദ്ധനായിരുന്നില്ല. വിപത്തുകൾ അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള അവസരങ്ങളിൽപ്പോലും അവ പരിഹരിക്കത്തക്കതാണോ എന്നു് ആലോചിക്കാതെ അദ്ദേഹം ഒന്നും പ്രവത്തിച്ചിരുന്നില്ല. ഇപ്പറഞ്ഞ മാനസിക മാഹാത്മ്യത്തിന്റെ തുടച്ച്യായ പ്രചോദന ഫലമായാണ് തോമസ് മൂർ ഒരു സൂക്ഷ്മ നിരീക്ഷകനും, പ്രശസ്തനായ ഒരു വിമർശകനുമായിത്തീർന്നതു്. താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ സാമൂഹിക ഉച്ചനീചത്വങ്ങൾക്കും അനീതികൾക്കുമെതിരെ ശക്തമായി പ്രതികരിക്കുവാനുള്ള മനസ്ഥൈര്യവും ധൈര്യവും സംലബ്ധമായതിനു് കാരണമായിത്തീന്നതും മററൊന്നല്ല. സത്യത്തിനും നീതിക്കും വേണ്ടി തന്റെ തൂലികയും, മനസ്സും, ശരീരവുമെല്ലാം വ്യയം ചെയ്യപ്പോൾ മരണത്തെ അദ്ദേഹം തെല്ലും ഭയപ്പെട്ടി

www.malankaralibrary.com



രുന്നില്ല. തന്റെ മരണം ഒരു വേദസാക്ഷിയുടേതാണെ ങ്കിലും അതു് ഒരു രാജ്യദ്രോഹിയുടേതായി എണ്ണപ്പെട്ട മെന്നു് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അദ്ദേഹം ചി ന്തിച്ചു: ഒരു രാജ്യദ്രോഹിയായി ഗണിക്കപ്പെട്ടാലും ഒരു ദൈവസ്നേഹിയായിട്ടാണല്ലോ ഞാൻ ജീവസമർപ്പണം ചെയ്യുന്നതു്. ഈശ്വരദ്രോഹിയായിരുന്നു കൊണ്ടു് രാജ്യ സ്നേഹിയായിരിക്കുന്നതിൽ നീതിയോ ന്യായമോ ഇല്ല ല്ലോ. ആകയാൽ വേദസാക്ഷിയാകുന്നതിനു് ഞാൻ യോ ഗ്യനായാലും അയോഗ്യനായാലും ഈശ്വരേച്ഛപോലെ ഭവിച്ചുകൊള്ളും.'' അതിനാൽ തന്റെ ശിരസ്സു ദാനം ചെയ്തുകൊണ്ടു് അദ്ദേഹം രാജനീതിക്കു വിധേയനാവുക തന്നെ ചെയ്തു. ഈ ശിരോദാനം തന്നെയാണു് തോമസ് മൂറിനെ എല്ലാററിനുമുപരിയായി വിശ്വപ്രസിദ്ധനാക്കി ത്തീർത്തതു്.

ലണ്ടൻ പട്ടണത്തിലെ ആളുകൾ കച്ചവടക്കാരും അഭിഭാഷകരും ശില്പികളും ആയിരുന്നു. അവരുടെയി ടയിലാണു് മൂർ വളന്നതു്. കാര്യങ്ങൾ കാണുക, സൂക്ഷ്മ നിരീക്ഷണം ചെയ്യുക. തുടർന്നു് ചിന്തിച്ചു പ്രതികരി ക്കുക ഈ ഗുണങ്ങളൊക്കെ തോമസ് മൂറിനു് തന്റെ സമീപവാസികളിൽ നിന്നും ലഭിച്ചവതന്നെ. സ്വന്തം നാട്ടിലെ ആളുകൾ, സംസാരനിരതരെങ്കിലും അനശ്വര മായ ആത്മാവിന്റെ കാര്യം വിസ്മരിച്ചിരുന്നില്ല. തോമസ് മൂറിന്റെ പിതാവായ ജോൺമൂറിനും മേൽ പറഞ്ഞ സവിശേഷതകൾ എല്ലാം ഉണ്ടായിരുന്നു.

ജോൺ മൂർ ഒരു അഭിഭാഷകനായിരുന്നു. ജോൺ മൂറിന്റെ കുടുംബം എവിടെയായിരുന്നുവെന്നതു് ചരി ത്രകാരന്മാർക്കിടയിൽ അഭിപ്രായഭിന്നത ഉളവാക്കിയി

www.malankaralibrary.com



ട്ടുണ്ട്. ഒരു ആദർശ പുരുഷനെന്നു പരക്കെ അറിയപ്പെട്ടിരുന്ന ജോൺ മൂറിൻെറ സ്വഭാവവിശേഷതകളും, ജീവിതശൈലികളും തോമസ് മൂർ അനുകരിച്ചു. പിതൃപുത്രബന്ധത്തിലുപരിയായി, അവർ തമ്മിൽ ഒരു മാനസിക പൊരുത്തം ഉണ്ടായിരുന്നു.

തോമസ് മൂറിൻെറ ജീവിതത്തിലേക്കു കടന്നു വന്ന മറെറാരു ആദർശപുരുഷനായിരുന്നു കാർഡിനൽ മോർട്ടൻ. ദീനദയാലുവും ഒപ്പം സ്വഭാവഗൗരവവും കാര്യനിഷ്ഠയും ഉള്ള ഒരു പുണ്യാത്മാവായിരുന്നു കാർഡിനൽ മോർട്ടൻ. അദ്ദേഹത്തിൻെറ ഉൽകൃഷ്ട ജീവിതത്തിൽ നിന്നും തോമസ് മൂർ വളരെ കാര്യങ്ങൾ പഠിച്ചു. ഹെൻറി ഏഴാമൻെറ അംഗീകാരവും വിശ്വാസ്യതയും നേടിയെടുത്തുകൊണ്ടു കാർഡിനൽ മോർട്ടൻ രാജ്യത്തിൻെറ ചാൻസലർ പദവി വരെ എത്തി. ഒപ്പം തന്നെ, കാൻറർബറിയുടെ മെത്രാപ്പോലീത്തായായി അഭിഷിക്തനാവുകയും ചെയ്തു.

ഒരു അഭിഭാഷക പുത്രൻ മാത്രമായിരുന്ന തോമസ് മൂറിനു മോർട്ടൻെറ ശിക്ഷണം ലഭിച്ചതു് അപ്രതീക്ഷിതമായിട്ടല്ലായിരുന്നു. കാർഡിനൽ മോർട്ടൻെറ പരിചിതനായിരുന്ന നിക്കോളാസ് ഹോൾട്ട്[Nicholas Holt]—ൻെറ സ്കൂളിൽ തോമസ് മൂർ ഏഴാം വയസ്സിൽ അദ്ധ്യയനം തുടങ്ങുകയും, ഹോൾട്ടു് തൻെറ ശിഷ്യനെ മോർട്ടനുമായി പരിചയപ്പെടുത്തുകയും ചെയ്തു. മൂറിൻെറ പിതാവു് മോർട്ടൻെറ ശിക്ഷണം തൻെറ പുത്രനു ലഭിക്കണമെന്നു വളരെക്കാലമായി ആഗ്രഹിക്കുകയും ചെയ്തിരുന്നു. അതു് വലിയൊരു ബന്ധത്തിനു കാരണമായി.

www.malankaralibrary.com



മോർട്ടൻെറ സംരക്ഷണയിൽ മൂർ ലാംബത്തിലുള്ള അദ്ദേഹത്തിൻെറ മന്ദിരത്തിൽ ജീവിതമാരംഭിച്ചു. തോമസ് മൂറിൻെറ വിജ്ഞാന സമ്പാദന വിഷയത്തിൽ ഇതു് വളരെയധികം ഉപയുക്തമായിത്തീന്നു. പണ്ഡിതന്മാരാലും, രാഷ്ട്രതന്ത്രജ്ഞന്മാരാലും, നിറഞ്ഞിരുന്ന ആ രാജകാര്യാലയത്തിലെ സംഭാഷണങ്ങൾ ഉത്സാഹഭരിതവും സജീവവും ആയിരുന്നു. വാദപ്രതിവാദങ്ങൾ നിറഞ്ഞിരുന്ന പ്രസ്തുത സംഭാഷണങ്ങളിൽ പ്രസന്ന ചിത്തനായും, സഹിഷ്ണുവായും, ആർദ്രമനസ്കനായും ആണ് കാർഡിനൽ മോർട്ടനെ തോമസ് മൂർ തൻെറ 'യൂട്ടോപ്യാ' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നതു്. കാർഡിനൽ മോർട്ടനോട് അതുല്യമായ ബഹുമാനം പ്രസ്തുതഗ്രന്ഥത്തിൽ നിഴലിക്കുന്നു. തോമസ് മൂറിൻെറ ദൃഷ്ടിയിൽ കാർഡിനൽ മോർട്ടൻ കത്തോലിക്കാ പ്രഭാവത്തിൻെറ ഒരവതാരമായും രാജ്യസേവനത്തിൻെറ ഒരമൂല്യ മാതൃകയായും പ്രത്യക്ഷപ്പെടുന്നു.

സമ്പത്തിലും ഉന്നത പദലബ്ധിയിലും അഹങ്കരിക്കാതിരിക്കുകയും, നഷ്ടങ്ങളിലും തോൽവിയിലും നിരാശനാകാതിരിക്കുകയും ചെയ്യേണ്ടതെങ്ങനെയെന്നു് തോമസ് മൂർ, കാർഡിനൽ മോർട്ടനിൽ നിന്നും മനസ്സിലാക്കി. അനാവശ്യ കാര്യങ്ങളിൽ ഇടപെടാതിരിക്കുക എന്ന വിശിഷ്ടതത്വവും അദ്ദേഹം പഠിച്ചു. രാജാക്കന്മാർ പരസ്പരം നടത്തുന്ന കലഹങ്ങളിൽ ഉൾപ്പെടാതെ ജീവിക്കേണ്ടതു് അത്യാവശ്യമാണെന്നു് മൂർ മനസ്സിലാക്കി. റിച്ചാർഡ് മൂന്നാമൻെറ ചരിത്രത്തിൽ തോമസ് മൂർ ഈ അനുഭവങ്ങൾ നിബന്ധിക്കുന്നുണ്ട്. കാർഡിനൽ മോർട്ടൻെറ മന്ദിരത്തിലെ അന്തേവാസികൾ ഓരോ കലാവിദ്യകളിൽ നൈപുണ്യം നേടിയവരായിരുന്നു. ആ മന്ദി

www.malankaralibrary.com



രത്തിലെ ചാപ്ലയിൻ [Chaplain] ആയിരുന്ന ഹെൻറി മെഡ്വാൾ [Henry Medwall] താൻ ഏററം ഇഷ്ടപ്പെട്ടിരുന്ന ഇററാലിയൻ നാടകങ്ങളെ ഇംഗ്ലീഷ് രീതിയ്ക്കനുസരിച്ച് നമ്മസല്ലാപങ്ങളും കഥോപകഥകളും കൂട്ടിച്ചേർത്ത് പുനരവതരിപ്പിക്കുകയാണ് ചെയ്തത്. ഈ രംഗത്ത് തോമസ് മൂറിൻെറ സ്ഥാനം മഹത്തരമായിരുന്നു. ക്രിസ്മസ് കാലത്ത് പൊടുന്നനെ നാടകരംഗത്ത് പ്രത്യക്ഷപ്പെടുകയും സ്വന്തമായി ഉപകഥകൾ സൃഷ്ടിച്ച് കാണികളെ അത്ഭുതപരതന്ത്രരാക്കി തൻെറ അഭിനയ പാടവം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു അദ്ദേഹം.

തോമസ് മൂറിൽ ശോഭനമായ ഒരു ഭാവി കാർഡിനൽ കാണുകയുണ്ടായി. വിശിഷ്ട അതിഥികളോടൊത്ത് ഒരിക്കൽ ഭക്ഷണത്തിനിരിക്കെ മോർട്ടൻ പറഞ്ഞു: ''ഈ നിൽക്കുന്ന ബാലൻ ഒരസാധാരണ പുരുഷനായിത്തീരുന്നത് ആയുർദൈർഘ്യം ഉള്ളവർക്കൊക്കെ കാണുവാൻ സാധിക്കും.'' ഇതിൽനിന്നും മോർട്ടന് മൂറിനെപ്പററിയുള്ള പ്രതീക്ഷകൾ എത്രമാത്രം ഉന്നതമായിരുന്നുവെന്ന് കാണുവാൻ കഴിയും. ചുരുക്കത്തിൽ, ഉത്തുംഗമായ ആദർശങ്ങൾക്കും ആശയങ്ങൾക്കും വേണ്ടി ജീവിക്കുവാൻ തോമസ് മൂറിനെ പ്രേരിപ്പിച്ചത് കാർഡിനൽ മോർട്ടനായിരുന്നു.

www.malankaralibrary.com

# വിദ്യാഭ്യാസം

തോമസ് മൂറിനെ 14—ാമത്തെ വയസ്സിൽ കാർഡിനൽ മോർട്ടൻ, ഓക്സ് ഫോർഡ് സർവ്വകലാശാലയിലെ കാൻറർബറി ഹാളിലേക്ക് അയച്ചു. (1492) ഓക്സ് ഫോർഡിലെ വിദ്യാഭ്യാസ ഫലമായി തൻെറ യുവശിഷ്യൻ ഏതെങ്കിലും അനാവശ്യരംഗങ്ങളിൽ ഉൾപ്പെട്ടമെന്ന് മോർട്ടൻ ഭയപ്പെട്ടില്ല. എങ്കിലും തോമസ് മൂറിൻെറ പിതാവ് ജോൺമൂർ പല നിബന്ധനകളും നിയന്ത്രണങ്ങളും അദ്ദേഹത്തിൻെറ വിദ്യാഭ്യാസ ജീവിതത്തിൽ ഏർപ്പെടുത്തിയിരുന്നു. വ്യാകരണം, അലങ്കാരം, തർക്കശാസ്ത്രം, അങ്കഗണിതം, ക്ഷേത്രഗണിതം, സംഗീതം, ജ്യോതിഷം തുടങ്ങിയ സ്വതന്ത്രകലകൾ അവിടെ അഭ്യസിപ്പിച്ചിരുന്നു. പ്രസ്തുത സ്വതന്ത്രകലകളുടെ അഭ്യസനം ഒരുവനെ തത്വശാസ്ത്രജ്ഞനോ, വേദജ്ഞനോ ആക്കുവാൻ പര്യാപ്തമായിരുന്നു.

www.malankaralibrary.com



ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ രണ്ടുവർഷം മാത്രമാണ് തോമസ് മൂർ അഭ്യസനം നടത്തിയത്. സ്വപിതാവിൻെറ നിബന്ധനകൾക്ക് അനുസൃതമായ ജീവിതരീതി സ്വരൂപിച്ചെടുത്തതിനാൽ അദ്ദേഹത്തിന് പ്രയോജനപ്രദമായി പലതും ചെയ്യാൻ കഴിഞ്ഞു. അലങ്കാരശാസ്ത്രവും തക്ശാസ്ത്രവും അദ്ദേഹത്തിന് പ്രിയപ്പെട്ട വിഷയങ്ങളായിരുന്നു. പിന്നീട് ഗ്രീക്കഭാഷാഭ്യസനത്തിനും താൽപര്യം പ്രകടിപ്പിച്ചു. തത്ത്വശാസ്ത്രത്തെ അതിൻെറ അർത്ഥത്തിലും വ്യാപ്തിയിലും ആദരിച്ച ഒരു തത്ത്വചിന്തകനായിരുന്നു തോമസ് മൂർ. സ്നേഹാദരങ്ങൾ അർഹിച്ചിരുന്ന സുന്ദരമായ ഒരു സാഹിത്യശേഖരം എന്ന നിലയിലാണ് അദ്ദേഹം ഗ്രീക്കഭാഷയെ സ്നേഹിച്ചതും. ഈ താല്പര്യം മൂലം ഓക്സ്ഫോർഡിലെ ഗ്രീക്കപണ്ഡിതനായിരുന്ന ഗ്രോസി (Grocyn) ൻെറ ശിഷ്യനായിത്തീർന്നു മൂർ. ഗ്രീക്കവ്യാകരണത്തിലും അലങ്കാരശാസ്ത്രത്തിലും അസാമാന്യമായ വ്യുല്പത്തി നേടുകയും തൻെറ ഗുരുവിൻെറ സ്നേഹഭാജനമായിത്തീരുകയും ചെയ്തു.

ആ കാലഘട്ടങ്ങളിലെ ജീവൽഭാഷയായിരുന്ന ലത്തീൻ തൻെറ പ്രായോഗിക ജീവിതത്തിൽ ഉപയുക്തമാകത്തക്കവിധം അദ്ദേഹം പരിശീലിച്ചു. ക്രിസ്ത്യാനികൾ ആരാധനയ്ക്കു ഉപയോഗിച്ചിരുന്നതും ലത്തീൻ തന്നെ. രാജപ്രതിനിധികളും പണ്ഡിതന്മാരും ഈ ആഢ്യഭാഷയുടെ കാര്യത്തിൽ മുൻനിരയിൽ തന്നെ.

സാഹിത്യരചനയിലും പ്രസംഗത്തിലും മൂറിനു് ഉദാത്ത സുന്ദരമായ ഒരു ഭാഷാശൈലി ലബ്ധമായിരുന്നു. ഹെൻറി എട്ടാമൻെറ സെക്രട്ടറിയായിരുന്ന റിച്ചാർഡ് പേസ് [Richard Pace] ഇക്കാര്യം ''വിജ്ഞാനത്തിൽ

www.malankaralibrary.com



നിന്നും ലബ്ധമാകേണ്ട ഫലം [1517] എന്ന ഗ്രന്ഥത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

തന്നെപ്പോലെ തന്നെ തന്റെ പുത്രൻ ഒരഭിഭാഷകനായിത്തീരണമെന്ന് ജോൺമൂർ ആഗ്രഹിച്ചിരുന്നു. എന്നാൽ തോമസ് മൂറാകട്ടെ, പണ്ഡിതന്മാരുടെയിടയിൽ ഒരു ഉന്നത സ്ഥാനം നേടണമെന്ന് ആഗ്രഹിച്ചു. ജോൺ മൂർ തന്റെ മകനെ ഓക്സ് ഫോർഡിൽ നിന്നും തിരികെ വിളിക്കുകയും ലണ്ടനിലെ നിയമവിദ്യാലയത്തിൽ ഇംഗ്ലീഷ് ശിക്ഷാനിയമം അഭ്യസിക്കുന്നതിനു അയയ്ക്കുകയും ചെയ്തു. ഭാഷാഭ്യസനം അവസാനിപ്പിക്കാൻ മൂറിന് ഒട്ടും തന്നെ ആഗ്രഹം ഇല്ലായിരുന്നെങ്കിലും പിതാവിന്റെ ആജ്ഞയെ അക്ഷരം പ്രതി അനുസരിക്കുക എന്നത് പരമപ്രധാനമായി തോന്നി. അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ ഇക്കാര്യം സോദാഹരണം സമർത്ഥിച്ചിട്ടുണ്ട്. തന്റെ പിതാവിനോട് തോമസ് മൂറിനുണ്ടായിരുന്ന സീമാതീതമായ സ്നേഹം നിർവ്വചനാതീതമായിരുന്നു.

നിയമ വിദ്യാലയത്തിൽ ആദ്യം മൂറിനു പ്രവേശനം ലഭിച്ചതു് 'ന്യൂ ഇൻ' [New Inn] എന്ന നിയമ സമിതിയിൽ ആയിരുന്നു. തോമസ് മൂർ പതിനെട്ടാമത്തെ വയസ്സിൽ, അതായതു് 1496 ഫെബ്രുവരി രണ്ടാം തീയതി 'ലിങ്കൺ ഇന്നിലേക്ക്' [Lincoln's Inn]മാറി. ഒരു കാലത്തു് അദ്ദേഹത്തിന്റെ പിതാമഹൻ പ്രസ്തുത സമിതിയിലെ കാര്യദർശിയായിരുന്നു. ജോൺ മൂറിന്റെ സ്വാധീനം മൂലമാണ് തോമസ് മൂറിന് അവിടെ പ്രവേശനം ലഭിച്ചതെന്ന കാര്യത്തിൽ സംശയമില്ല. മൂർ 'ലിങ്കൺ ഇന്നിൽ' വളരെ വേഗം പ്രശസ്തനായിത്തീർന്നു. അനിതര സാധാരണമായ ചില ഗുണവിശേഷ

www.malankaralibrary.com



ങ്ങൾ മൂലം മററുള്ളവരുടെ സ്നേഹഭാജനമായിത്തീൻ. മററുള്ളവരുമായുള്ള സഹവാസം വളരെയധികം ഇഷ്ട പ്പെട്ടിരുന്നു. 'ഫർണിവാൾ ഇന്നി'ൽ [Furniwall Inn] നിയമശാസ്ത്ര സംബന്ധമായ പ്രസംഗങ്ങൾ ചെയ്യുന്നതിനു അധികാരികൾ അദ്ദേഹത്തെ നിയോഗിക്കുകയും അങ്ങനെ പ്രശസ്തിയുടെ പടവുകൾ ചവുട്ടി കയറുകയും ചെയ്തു.

ലത്തീൻ ഭാഷയിൽ ഒരു പ്രസംഗപരമ്പര തന്നെ തോമസ് മൂർ നടത്തി. വിശുദ്ധ ആഗസ്തീനോസിൻെറ 'ദൈവനഗരം' എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയായിരുന്നു ഈ പ്രസംഗങ്ങൾ അധികവും. അന്നത്തെ അഭ്യസ്തവിദ്യരിൽ പലരും മൂറിൻെറ ശ്രോതാക്കളായിരുന്നു. നിയമ കലാഭ്യസനത്തിൽ മുഴുകിയിരുന്ന അദ്ദേഹം ഇതരകലകളെ ആദരിക്കുകയും സ്വീകരിക്കുകയും ചെയ്തു. ഒപ്പം, സാഹിത്യാദികലകളും ആദ്ധ്യാത്മിക ചിന്തകളും വളർത്തിയെടുത്തു. സഭാ പിതാക്കന്മാരുടെയും സഭാചരിത്ര കാരന്മാരുടെയും ഗ്രന്ഥങ്ങൾ ഉത്സാഹപൂർവ്വം പഠിച്ചു. അവരുടെ പ്രബോധനങ്ങളും ജീവിത രീതികളും അദ്ദേഹത്തിൽ സാരമായ ആദ്ധ്യാത്മികാഭിനിവേശം ഉളവാക്കി.

www.malankaralibrary.com

# കവിയും സാഹിത്യകാരനും

തോമസ് മൂർ അഭിഭാഷക വൃത്തി സ്വയം സ്വീകരിച്ചു വെന്നത് വിശ്വസനീയമല്ല. സുപ്രസിദ്ധ പണ്ഡിതനും ഋഷിവര്യനുമായ ഇറാസ്മസിൻെറ അഭിപ്രായവും ഇതു തന്നെ. തോമസ് മൂർ അസാമാന്യ ബുദ്ധിവൈഭവവും, സത്യസന്ധതയുമുള്ള ഒരാളായിരുന്നുവെന്നതിന് ഇറാസ്മസിന് സംശയമുണ്ടായിരുന്നില്ല.

അഭിഭാഷകവൃത്തിയോടു് തൻെറ പിതാവിനുണ്ടായിരുന്ന ആദരമനോഭാവത്തേക്കാരം വ്യത്യസ്ഥമായിരുന്നു മൂറിൻേറതെന്നു് വ്യക്തമാണു്. ക്ലേശകരമായ ഒരു ജോലിയോടു് സാധാരണ ചെറുപ്പക്കാർക്കുണ്ടായിരുന്ന അവജ്ഞ മാത്രമേ അദ്ദേഹത്തിനു് അഭിഭാഷകവൃത്തിയോടുണ്ടായിരുന്നുള്ളു. മാതൃകാരാജ്യമായി അദ്ദേഹത്തിൻെറ സ്വന്തം മനോധർമ്മം സൃഷ്ടിച്ച 'യുട്ടോപ്യാ'യിൽ നിന്നും അഭിഭാഷക വൃന്ദത്തെ നിരർത്ഥകരെന്നോണം അദ്ദേഹം

www.malankaralibrary.com



ബഹിഷ്കരിച്ചു. തന്റെ അഭിരുചികളിൽ നിന്നും വിഭിന്നമായിരുന്ന പ്രസ്തുത തൊഴിലിൽ ആകർഷണീയമായ ഒന്നും തന്നെ അദ്ദേഹം കണ്ടില്ല.

ചരിത്രഗ്രന്ഥങ്ങൾ രചിക്കുന്നതിൽ അസാമാന്യമായ പാടവം തോമസ് മൂറിനുണ്ടായിരുന്നു. റിച്ചാർഡ് മൂന്നാമന്റെ ചരിത്രം തന്നെ ഇതിന് ഉത്തമ നിദർശനമാണ്. തോമസ് മൂർ ഒരു ചരിത്രകാരൻ മാത്രമല്ല കവിയും കൂടിയായിരുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ കാവ്യഗുണം മുററി നിന്നിരുന്നു; മാത്രമല്ല, അവയിൽ നിരന്തരം പ്രകാശിക്കുന്ന പ്രസന്നതയും, ഊർജ്ജസ്വലതയും കൂടുതൽ ഹൃദ്യവുമായിരുന്നു. വധശിക്ഷയ്ക്കു വിധേയനായി ലണ്ടൻഗോപുരത്തിൽ കഴിച്ച അന്ത്യനാളുകളിൽപ്പോലും കവിതാവാസന അദ്ദേഹത്തിൽ കുടികൊണ്ടിരുന്നു.

നാട്യകലയിൽ തോമസ്മൂറിന് അസാമാന്യമായ വൈഭവം ഉണ്ടായിരുന്നു. പ്രസ്തുത സാമർത്ഥ്യമത്രെ, പില്ക്കാലത്തു് മതപരമായ അദ്ദേഹത്തിന്റെ വിവാദ പ്രബന്ധങ്ങളെ ആകർഷകങ്ങളാക്കിത്തീർത്തതു്.

അസാമാന്യ ഗൗരവസ്വഭാവമുണ്ടായിരുന്ന മനുഷ്യനായിരുന്നെങ്കിൽത്തന്നെയും, സ്വന്തം മകന്റെ സാഹിത്യപരിശ്രമങ്ങളിൽ ജോൺമൂർ അഭിമാനിച്ചിരുന്നു. ഒരഭിഭാഷകനെന്ന നിലയിൽ ജോൺ മൂർ കൂടുതൽ ജനശ്രദ്ധ ആകർഷിച്ചു വന്നിരുന്ന കാലമായിരുന്നു അതു്. ഈ അവസരത്തിൽ അദ്ദേഹം ഒരു പുതിയ വീടു പണിയിക്കുകയും രണ്ടാം വിവാഹം നടത്തുകയും ചെയ്തു. തന്റെ പുതിയ ഭവനം അലങ്കരിക്കുന്നതിന് കുറെ ചിത്ര കർട്ടണുകൾ വാങ്ങുന്നതിന് അദ്ദേഹം തീരുമാനിച്ചു. പ്രസ്തുത കർട്ടണ

www.malankaralibrary.com



കളെ ചില പദ്യശകലങ്ങരം കൊണ്ടു് മോടി പിടിപ്പിക്കുന്നതിനു് അദ്ദേഹം സ്വപുത്രനായ തോമസിനെത്തന്നെയായിരുന്നു നിയോഗിച്ചതു്. ഫലിതപൂർണ്ണങ്ങളായ പദ്യങ്ങളായിരുന്നു അദ്ദേഹം ആ അവസരത്തിൽ രചിച്ചതു്. ശൈശവം, യൗവ്വനം, പ്രേമം, വാദ്ധക്യം, മരണം, യശസ്സു്, സമയം, അനശ്വരത, എന്നീ വിഷയങ്ങളെ അധികരിച്ചുള്ളവയായിരുന്നു അവ. ആംഗ്ലേയ കവികളുടെയിടയിൽ ശ്രദ്ധേയമായ സ്ഥാനം തോമസ് മൂറിനു ലഭിച്ചില്ലെങ്കിൽ തന്നേയും, അദ്ദേഹം ലത്തീൻ ഭാഷയിലെഴുതിയ 'യുട്ടോപ്യാ' എന്ന ഗ്രന്ഥവും, അതുപോലെ തന്നെ മററു കാവ്യങ്ങളും അദ്ദേഹത്തെ വിശ്രുതനാക്കിത്തീർത്തു.

അനുദിന കൃത്യങ്ങരംക്കിടയിൽ വിവിധങ്ങളായ കലകളിൽ നൈപുണ്യം സമ്പാദിച്ചതു് അദ്ദേഹത്തിൻെറ നൈസർഗ്ഗിക വാസന ഒന്നു കൊണ്ടു മാത്രമാണു്. ഈ കാലഘട്ടങ്ങളിലാണു് തൻെറ വിശ്വസ്ത സ്നേഹിതനായിരുന്ന 'ലില്ലി'യുടെ [Lilly] സഹകരണത്തോടെ 'ഗ്രീക്കു നീതിസാരഗ്രന്ഥം' അദ്ദേഹം ലത്തീനിലേക്കു വിവർത്തനം ചെയ്യുതും. ഇപ്രകാരമുള്ള അദ്ദേഹത്തിൻെറ ബുദ്ധിപ്രഭാവം മൂലം പണ്ഡിതന്മാരുടെയിടയിൽ തോമസ് മൂറിനു് ഉന്നതമായ ഒരു സ്ഥാനം ലഭ്യമായി.

വിവാഹാനന്തരം തോമസ് മൂർ പ്രസിദ്ധീകരിച്ച പ്രഥമഗ്രന്ഥമാണു് 'മിറാൻ ഡോളായിലെ പ്രഭുവായ പിക്കോയുടെ ജീവചരിത്രം.' അനിതര സാധാരണമായ വ്യക്തിപ്രഭാവത്തോടുകൂടിയ ആളായി പിക്കോയെ കാണുകയും ഒരു ആദർശ പുരുഷനായി അദ്ദേഹത്തെ ചിത്രീകരിക്കുകയും ചെയ്യുന്നു. പിക്കോയുടെ ത്യാഗസമ്പന്നമായ ജീവിതത്തെ ഈ ഗ്രന്ഥത്തിൽ അദ്ദേഹം വളരെ

www.malankaralibrary.com



യധികം പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. തോമസ്മൂറിന്റെ സ്നേഹിതനായ ഇറാസ്മസ് 1508—ൽ 'മൗഢ്യകീർത്തനം എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. തോമസ്മൂറും ഇറാസ്മസും കൂടി രചിച്ച ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം ഗ്രന്ഥനാമം സൂചിപ്പിക്കുന്ന വിഷയത്തെപ്പററിയല്ലാതെ മററൊന്നായിരുന്നില്ല. ഒരു വൈദികൻ കൂടിയായിരുന്ന ഇറാസ്മസ്, സഭയിൽ കടന്നു കൂടിയിരുന്ന അനാചാരങ്ങളെ പാടേ ഇല്ലാതാക്കുവാനാണ് ഈ കൃതിയിലൂടെ ശ്രമിച്ചതു്.

തോമസ്മൂറിന്റെ 'സംഭാഷണങ്ങൾ' എന്ന ഗ്രന്ഥം പുതിയ മതബോധനങ്ങളെ ഖണ്ഡിച്ചുകൊണ്ട് സംഭാഷണ രീതിയിൽ രചിച്ച ആദ്യ കൃതിയാണ്. ഗ്രന്ഥപാരായണ തൽപരരെ സമാകർഷിക്കുന്നതിനുവേണ്ടിയാണ് ഹൃദ്യവും സരസവുമായ പ്രസ്തുത സംഭാഷണരീതി അദ്ദേഹം സ്വീകരിച്ചതു്. ''ലൂതറിനും അനുയായികൾക്കും വിശ്വാസസംബന്ധമായി എന്തു പ്രമാദമാണു പററിയതു്? പാഷണ്ഡികളെയും, മതത്യാഗികളെയും പീഡിപ്പിക്കുന്നതു ന്യായമാണോ''? ഇത്തരം പ്രശ്നങ്ങളാണ് പ്രസ്തുതഗ്രന്ഥത്തിലെ ഉള്ളടക്കം. ഈ പ്രശ്നങ്ങളിലോരോന്നിനും തോമസ്മൂർ യുക്തിയുക്തം സമാധാനം നൽകുന്നു.

തോമസ്മൂറിന്റെ 'സംഭാഷണങ്ങൾ' എന്ന ഗ്രന്ഥത്തിന് മറുപടിയെന്നോണം ലൂതറിന്റെ അനുയായി ആയിരുന്ന ററിൻഡൽ 'സംഭാഷണങ്ങൾക്കു സമാധാനം [Answer to Sri Thomas More's Dialogue] എന്ന പേരിൽ ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. ഈ ഗ്രന്ഥത്തെ യുക്തിയുക്തം ഖണ്ഡിച്ചുകൊണ്ട്, മൂർ രണ്ടു ഗ്രന്ഥങ്ങൾ രചിച്ചു; 'പ്രത്യാഖ്യാനം' [Confutation of Tindale's Answer], 'ആത്മസാധൂകരണം [Apology] മൂറിന്റെ ഈ ഗ്രന്ഥങ്ങളെ അപഹസിക്കുകയല്ലാതെ വീണ്ടുമൊരു വാദത്തിനു ററിൻഡൽ മുതിർന്നില്ല.

www.malankaralibrary.com



## 'യൂട്ടോപ്യാ'

തോമസ് മൂർ ഫ്ളാൻഡേഴ്സിൽ ആയിരിക്കവേ ആണ് ''യൂട്ടോപ്യാ'' രചിച്ചത്. തന്റെ സാഹിത്യ പരിശ്രമങ്ങളെ അഭിനന്ദിക്കുകയും പ്രകീർത്തിക്കുകയും ചെയ്ത സഹൃദയരെ ആനന്ദ നിമഗ്നരാക്കിത്തീർക്കുവാനുതകുന്ന ഒരു ഗ്രന്ഥം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടു കൂടി പുറത്തിറക്കിയതാണ് 'യൂട്ടോപ്യാ'. ഇംഗ്ലണ്ടിലെ സാധാരണ ജനങ്ങളെ ഉദ്ദേശിച്ചായിരുന്നില്ല തോമസ് മൂർ ഈ ഗ്രന്ഥം രചിച്ചത്. കാരണം, 'യൂട്ടോപ്യാ'യിൽ ഉൾക്കൊണ്ടിരുന്ന വൈജ്ഞാനികാംശമോ, വിശിഷ്ടമായ പരിഹാസമോ, നർമ്മചാതുരിയോ മനസ്സിലാക്കുവാൻ അവർ പ്രാപ്തരായിരുന്നില്ല. തന്മൂലം ഈ വിശിഷ്ടഗ്രന്ഥം ഫ്രഞ്ച്, ലത്തീൻ മുതലായ യൂറോപ്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. തോമസ് മൂറിന്റെ മരണ ശേഷം മാത്രമാണ് അത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. ''അമേരിക്കസ് വെസ്പൂച്ചിയസിന്റെ സമുദ്രയാത്രകൾ'' എന്ന കൃതിയുടെ കർത്താവായ അമേരിക്കസിന്റെ സഹയാത്രകനായി സങ്കല്പിക്കപ്പെട്ടിരിക്കുന്ന റാഫേൽ ഹിത്ലോഡെയെ തോമസ് മൂർ കണ്ടുമുട്ടിയതും [ബെൽജിയത്തിലെ ആൻറ്വെർപ് [Ant-werp] പട്ടണത്തിൽ] തന്റെ ദീർഘവും രസകരവുമായ യാത്രയിൽ ഹിത്ലോഡെ ദർശിച്ച 'യൂട്ടോപ്യാ'(Utopia) എന്ന ദ്വീപിനെ വിവരിക്കുന്നതുമാണ് ഗ്രന്ഥ നിർമ്മാണ സാഹചര്യമായി തോമസ് മൂർ പ്രസ്താവിച്ചിരിക്കുന്നത്.

'യൂട്ടോപ്യാ'യുടെ ആദ്യഭാഗത്ത് ഇംഗ്ലണ്ടിനെപ്പററിയാണ് പരാമർശിക്കുന്നത്. രണ്ടാമത്തെ ഭാഗത്താകട്ടെ,

www.malankaralibrary.com



'മാതൃരാജ്യ'മായി താൻ കണ്ട 'യൂട്ടോപ്യാ' ദ്വീപിനെ വിവരിക്കുന്നു. ഈ ദ്വീപിൻെറ വർണ്ണനയിൽ ഭാവഗൗരവവും, സരസഭാവവും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നതായി നമുക്കു ദർശിക്കുവാൻ കഴിയും.

'യൂട്ടോപ്യാ'യുടെ ആദ്യഭാഗത്തു് സ്വാഭാവികമായ തത്വങ്ങളിൽ മാത്രം വിശ്വസിച്ചു ജീവിക്കുന്ന മനുഷ്യനെപ്പററിയാണു് പ്രതിപാദിച്ചിരിക്കുന്നതു്. യുക്തിയാൽ നയിക്കപ്പെടുന്ന ഒരു ജനവിഭാഗത്തെ 'യൂട്ടോപ്യാ' യിൽ കാണുവാൻ കഴിയും. 'യൂട്ടോപ്യാ'യിലെ പ്രധാന നഗരമായ 'അമരോത്തേ' ലണ്ടനോടും, അവിടുത്തെ പ്രധാന നദിയായ 'അനിസർ' തെംസിനോടും സാമ്യം വഹിക്കുന്നു. യൂട്ടോപ്യായിലെ രാജ്യവിഭജന രീതിയും അവിടത്തെ പട്ടണങ്ങളും ഇംഗ്ലണ്ടിലേതുപോലെ തന്നെ.

യഥാർത്ഥമായ ഏതെങ്കിലും ഒരുരാജ്യത്തോടു് 'യൂട്ടോപ്യാ' ദ്വീപു് അനുരൂപമായിരുന്നില്ലെങ്കിൽ, പ്രസ്തുത ഗ്രന്ഥത്തിൽ നടത്തുന്ന പ്രതിപാദനം ഒരു മിഥ്യാകഥനമായിത്തീരുമായിരുന്നു. ആകയാൽ യഥാർത്ഥമായ ഒരു രാജ്യത്തോടു് സാമ്യം വഹിക്കുന്ന [ഇംഗ്ലണ്ടു്] ഒരു ദേശത്തു് യുക്ത്യനുസാരം തത്വദർശനം നടത്തി ജീവിക്കുന്ന ഒരു ജനസമൂഹം ഉണ്ടെന്നു വിചാരിക്കുക തന്നെയാണു് ഉത്തമനയമെന്നു് അദ്ദേഹം കണ്ടു.

'യൂട്ടോപ്യാ' യിൽ തോമസ് മൂർ വിവരിച്ചിരുന്ന എല്ലാക്കാര്യങ്ങളും അർത്ഥപൂർണ്ണങ്ങളും, യുക്തിപൂർവ്വങ്ങളുമായിരുന്നു. ബുദ്ധിയാൽ നയിക്കപ്പെടുന്നവരായ യൂട്ടോപ്യരെ ബുദ്ധിമാന്മാരുടെ മാതൃകയായി പ്രദർശിപ്പിച്ചുകൊണ്ടു് അവരുടെ ബുദ്ധിയെ വിലമതിച്ചിരുന്നു. പ്രകൃതിയിൽ നിന്നും ലഭ്യമായ ശക്തികളെ ഫലപ്രദമായി

www.malankaralibrary.com


ഉപയോഗിച്ചതിൽ നിന്നും 'യുട്ടോപ്യർ' യൂറോപ്യരേക്കാറം ബുദ്ധിമാന്മാരാണെന്നു് സമത്ഥിക്കുകയാണു് തോമസ് മൂർ. ബുദ്ധിയേയും യുക്തിയേയും യൂറോപ്യർ അവഗണിക്കുകയും ദുരുപയോഗിക്കുകയും ചെയ്തിരുന്നു.

ഏതൊരു രാജ്യത്തും കൃഷിക്കുള്ള പ്രാധാന്യം കുറയുകയും, കർഷകർ ദരിദ്രരായിത്തീരുകയും ചെയ്യുമ്പോറം ആ രാജ്യത്തിൻെറ എല്ലാ രംഗങ്ങളിലുമുള്ള പുരോഗതി, തടസ്സപ്പെടുകയാണു് ചെയ്യുന്നതെന്നു് 'യുട്ടോപ്യാ'യിൽ തോമസ് മൂർ അസന്നിഗ്ദ്ധമായി പറയുന്നു.

'യുട്ടോപ്യാ' യുടെ പ്രസിദ്ധീകരണ കാലഘട്ടത്തിൽത്തന്നെ, ആ ഗ്രന്ഥം പരക്കെ സ്വാഗതം ചെയ്യപ്പെടുകയുണ്ടായി; രാജ്യതന്ത്രജ്ഞരും, തത്വചിന്തകരും.... ''യുട്ടോപ്യാ'' യിൽ വിവരിച്ചിരിക്കുന്ന യുട്ടോപ്യാ ഒരു യഥാത്ഥരാജ്യമാണെന്നു ധരിച്ചു് തദ്ദേശീയക്കു ക്രിസ്തുമതം പ്രസംഗിക്കുന്നതിനു് ധാരാളം പ്രേഷിതർ തയ്യാറാവുകയും ചെയ്തു. എന്നാൽ, യുട്ടോപ്യയെ തോമസ് മൂർ ഉദ്ദേശിച്ചതിലും കൂടുതൽ ഉൽകൃഷ്ടമായ താത്വിക പ്രതിപാദനമായി സ്വീകരിച്ചവരും ഇല്ലാതില്ല; പൗരോഹിത്യം ദൈവത്താൽ സ്ഥാപിക്കപ്പെട്ടതല്ലെന്നും, പുരുഷന്മാർക്കൊപ്പം സ്ത്രീകളും പൗരോഹിത്യവൃത്തി സ്വീകരിക്കുക സംഗതമാണെന്നും, വിവാഹമോചനം അനുവദനീയമാണെന്നും തോമസ് മൂർ സമത്ഥിച്ചിരിക്കുന്നുവെന്നു് ഇക്കൂട്ടർ വാദിക്കുന്നു. ○

www.malankaralibrary.com

# ക്രാന്തദർശിയായ സമാധാനദൂതൻ

തോമസ് മൂറിന്റെ കാലത്ത് ഇംഗ്ലണ്ടിൽ രണ്ടു പ്രമുഖ ശക്തികൾ ഭരണം നടത്തിയിരുന്നു; വൈദികാധികാരവും, രാജാധികാരവും. മനുഷ്യന്റെ അനശ്വരമായ മരണാനന്തര ജീവിതത്തെ ലക്ഷ്യമാക്കി ആദ്ധ്യാത്മിക ശക്തിയും, അവന്റെ നശ്വരമായ ലൗകികാഭിവൃദ്ധിയെ ലക്ഷ്യമാക്കി രാജാധികാരവും പ്രയാണം തുടങ്ങി. ലൗകികജീവിതത്തേക്കാൾ ആദ്ധ്യാത്മിക ജീവിതത്തിനായിരുന്നു. മദ്ധ്യയുഗത്തിൽ ഉന്നതമായ സ്ഥാനം. കത്തോലിക്കാ മതവിശ്വാസം സാർവ്വത്രികമായിരുന്നതിനാലും, രാഷ്ട്രീയാധികാരം ദേശീയമായിരുന്നതിനാലും രാഷ്ട്രങ്ങൾക്ക ചിര പ്രതിഷ്ഠ ലഭിക്കുന്നതിനു് കത്തോലിക്കാ മതം ആവശ്യമായിത്തീർന്നു. രാഷ്ട്രീയാധികാരവും, ആദ്ധ്യാത്മികാധികാരവും പരസ്പരപൂരകങ്ങളായിരുന്നു,

www.malankaralibrary.com



അഞ്ഞൂറിൽപ്പരം വർഷങ്ങൾ പാശ്ചാത്യർ ഉപയോഗിച്ച അന്തഃകരണ സ്വാതന്ത്ര്യത്തെ അവർക്ക സമ്പാദിച്ചു കൊടുത്തതു് കത്തോലിക്കാ സഭയുടെ ധാർമ്മികശക്തി മാത്രമാണു്. ഈ ധാർമ്മികശക്തി ഒന്നു മാത്രമാണു് ജന്മസിദ്ധമായ പൗരസ്വാതന്ത്ര്യത്തെ മുറുകെപ്പിടിച്ചു് മുന്നോട്ടു കൊണ്ടുപോകുന്നതു് എന്നു പാശ്ചാത്യർ വിശ്വസിക്കുന്നു.

തോമസ് മൂറിന്റെ ജീവിതകാലത്തു തന്നെ രാജാക്കന്മാർ ശക്തരായിത്തീരുകയും, ആദ്ധ്യാത്മിക ശക്തിയോടു് എതിർക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. വൈദിക മന്ദിരങ്ങളിലേതു പോലെ തന്നെ രാജമന്ദിരങ്ങളിലും വിദ്വൽ സദസ്സുകൾ രൂപവൽക്കരിച്ചു തുടങ്ങി.

ആദ്ധ്യാത്മികപദവിയോ; രാഷ്ട്രീയ നേതൃത്വമോ തോമസ് മൂർ ആഗ്രഹിച്ചിരുന്നില്ല. വിവാഹിതനായിരുന്നതുകൊണ്ടു് ആദ്ധ്യാത്മിക പദവിക്കു് അനർഹനായിരുന്നു. രാഷ്ട്രീയ പദവിയാകട്ടെ, അദ്ദേഹം അവജ്ഞയോടും നീരസത്തോടും കൂടിയാണു് കണ്ടതു്. സ്വൈരമായ കുടുംബജീവിതത്തിന്റെ സന്തോഷമാണു് അദ്ദേഹം പരമമായി ഇഷ്ടപ്പെട്ടതു്. ഏതെങ്കിലുമൊരു ഉന്നതസ്ഥാനം അദ്ദേഹം ആഗ്രഹിച്ചിരുന്നുവെങ്കിൽ, അതു് കാലക്രമേണ തനിക്കു ലഭിക്കാവുന്ന ജഡ്ജി പദം മാത്രമായിരുന്നു.

'യുട്ടോപ്യാ'യുടെ രചനവഴി ബുദ്ധിമാനും വിശ്വാസയോഗ്യനുമായ ഒരു രാജ്യതന്ത്രജ്ഞനാണു് തോമസ് മൂർ എന്നു തെളിഞ്ഞു. ഈ അവസരത്തിൽ ഹെൻറിയുടെ ചാൻസലറും യോർക്കിലെ മെത്രാപ്പോലീത്തായുമായി

www.malankaralibrary.com



ന്ന കാർഡിനൽ വൂംസി, തോമസ് മൂറിനെ രാജമന്ദിരത്തിലെ ഒരു ഉദ്യോഗസ്ഥനാകുന്നതിനായി ക്ഷണിച്ചു. എന്നാൽ 'അണ്ടർ ഷെറീഫ്' ഉദ്യോഗത്തിലിരുന്ന താൻ രാജകൊട്ടാരത്തിലെ ഉദ്യോഗം സ്വീകരിച്ചാൽ നഗരവാസികൾക്ക് തന്നോടുള്ള സ്നേഹാദരങ്ങൾ കുറയുമെന്ന് അദ്ദേഹം കരുതി. ആയതിനാൽ, പഴയഉദ്യോഗം തന്നെ തുടന്നു.

ആയിരത്തിഅഞ്ഞൂററി പതിനാറിൽ ഒരു സംഭവമുണ്ടായി. ലിയോ പത്താമന്റെ വക ഒരു കപ്പൽ കാററിലകപ്പെട്ടു് ഇംഗ്ലണ്ടിലെ സതാംപ്ററൺ തുറമുഖത്തെത്തി. ആ കപ്പൽ മാർപ്പാപ്പാസ്സു തിരികെ കൊടുക്കേണ്ടതില്ലെന്നു് ഹെൻറി വാദിച്ചു. മാർപ്പാപ്പായുടെ പ്രതിനിധി തന്റെ ഭാഗം വാദിക്കുന്നതിനായി തോമസ് മൂറിനെ തെരഞ്ഞെടുത്തു. സ്റ്റാർ ചേംബർ എന്ന കോടതിയിൽ കാർഡിനൽ വൂംസിയുടെ സാന്നിദ്ധ്യത്തിൽ വച്ചു് തേമസ് മൂർ തന്റെ ഗംഭീര പ്രസംഗംവഴി ഹെൻറിയുടെ വാദത്തിന്റെ അസാധ്യതയെ തുറന്നു കാട്ടി. തുടന്നു്, മാപ്പാപ്പാസ്സു് കപ്പൽ തിരികെ ലഭിക്കുകയും, തോമസ് മൂറിനെ രാജകൊട്ടാരത്തിലേക്കു് വിളിക്കുവാൻ കാഡിനൽവൂംസി തീച്ചയാക്കുകയും ചെയ്തു.

## മെയ് ഡ്ഡർദിനം

ആയിരത്തി അഞ്ഞൂററി പതിനേഴിൽ ''മെയ് ഡ്ഡർദ്ദിന''മെന്ന ചരിത്ര സംഭവം ഉണ്ടായി. സമാധാനപാലകൻ എന്ന വിശിഷ്ട പദവി തോമസ്മൂറിനു നേടിക്കൊടുത്ത ഒന്നായിരുന്നു അതു്. ലണ്ടനിലെ വ്യാപാരികൾ, അവിടെ അധിവസിച്ചിരുന്ന ഫ്ളാൻഡേഴ്സുകാരും ഫ്രഞ്ചുകാരുമായ വ്യവസായികൾക്കെ

www.malankaralibrary.com



തിരെ ലഹള ആരംഭിച്ചു. ലഹളക്ക കാരണക്കാരനായ ഫ്രഞ്ചുകാരനെതിരെ ശിക്ഷാനടപടികളെടുക്കണമെന്നും, ലണ്ടനിൽ താമസിക്കുന്ന വിദേശീയരെ നശിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടു് ജനസമൂഹം നഗരവീഥികളിൽ തിങ്ങി നിറഞ്ഞു. നിരപരാധികളായ അനേകം വിദേശീയരുടെ ജീവൻ ഹോമിക്കപ്പെട്ടു. അവരുടെ ഭവനങ്ങൾ അഗ്നിക്കിരയാക്കപ്പെട്ടു. ഈ ദുർഘട ഘട്ടത്തിൽ എന്തുചെയ്യണമെന്നറിയാതെ പതറിയ നഗരാദ്ധ്യക്ഷനും, ഉദ്യോഗസ്ഥരും, കുബേര കച്ചവടക്കാരും ലഹള ശമിപ്പിക്കുവാൻ ഒരു വഴിയേ കണ്ടുള്ളു —അതായതു്; തോമസ് മൂറിനെ നിയോഗിക്കുക. എങ്കിൽ ലഹള ശമിക്കുമെന്ന കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരായിരുന്നു. ഈ ക്ഷണം, വിനീത മനസ്കനായി അദ്ദേഹം സ്വീകരിച്ചു. അശാന്ത്രുദ്ധനായി അദ്ദേഹം ലഹളസ്ഥലത്തേക്കു് പാഞ്ഞെത്തുകയും, ശാന്തവും ഗംഭീരമാന്നുമായ സ്വരത്തിൽ പ്രസംഗിച്ചു തുടങ്ങുകയും ചെയ്തു. ആളുകൾ തോമസ് മൂറിനെ ശ്രദ്ധിക്കുകയും, അദ്ദേഹത്തിന്റെ നയപരമായ ഇടപെടൽ ലഹള ശമിക്കുന്നതിനു് കാരണമായിത്തീരുകയും ചെയ്തു. അങ്ങനെ തോമസ് മൂർ ഇംഗ്ലണ്ടു മുഴവൻ പ്രശസ്തനായിത്തീൻ.

എലിസബത്ത് രാജ്ഞിയുടെ ഭരണകാലത്തു്, 'മെയ് ദുർദ്ദിനത്തിലെ ധീര പരാക്രമി'' എന്നാണു് തോമസ് മൂർ ഇംഗ്ലീഷുകാർക്കിടയിൽ അറിയപ്പെട്ടിരുന്നതു്.

അധികനാൾ കഴിയുന്നതിനു മുമ്പായി തോമസ് മൂർ ലണ്ടനിലെ വ്യാപാരികളുടെ ചില ആവശ്യങ്ങൾക്കായി ഫ്ളാൻഡേഴ്സിലേക്കു് വീണ്ടും അയയ്ക്കപ്പെട്ടു. അവിടെ നിന്നും തിരിച്ചെത്തിയശേഷം, രാജമന്ദിരത്തി

www.malankaralibrary.com



ലേക്കു് ഹെൻറി അദ്ദേഹത്തെ നിർബന്ധപൂർവ്വം ക്ഷണിക്കുകയും, വൈമനസ്യത്തോടെയെങ്കിലും അദ്ദേഹം രാജാഭീഷ്ടത്തിനു വിധേയനാവുകയും ചെയ്തു.

തൻെറ അഭീഷ്ടപ്രകാരം പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടെങ്കിൽ മാത്രമേ കൊട്ടാരത്തിലെ ഉദ്യോഗം താൻ സ്വീകരിക്കു എന്നു് തോമസ് മൂർ ഹെൻറിയെ മുൻകൂട്ടി ധരിപ്പിച്ചു. അത്യധികമായ ഭക്തി ബഹുമാനങ്ങൾ തോമസ് മൂറിനോടു് ഹെൻറി കാട്ടുകയും, അദ്ദേഹം മുന്നോട്ടു വച്ച വ്യവസ്ഥ അംഗീകരിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത വാഗ്ദാനം പില്ക്കാലത്തു് ലംഘിക്കപ്പെടുകയാണുണ്ടായതു്.

രാജകൊട്ടാരത്തിൽ തോമസ് മൂറിനു് ആദ്യം ലഭിച്ചതു്, 'കോർട്ടിയർ' (രാജ ഭൃത്യൻ) എന്ന സ്ഥാനമായിരുന്നു. അക്കൊല്ലം തന്നെ, മൂറിനെ രാജസഭയിലെ ഒരംഗമാക്കുകയും 'മാസ്റ്റർ ഓഫ് ദി റിക്വെസ്റ്റ്സ്' (അഭ്യർത്ഥനാധിപൻ) എന്ന സ്ഥാനത്തേക്കു് ഉയർത്തുകയും ചെയ്തു. തോമസ് മൂറിൻെറ കീഴുദ്യോഗസ്ഥന്മാർ ധിക്കാരത്തോടും, അവജ്ഞയോടും കൂടി അദ്ദേഹത്തെ വീക്ഷിക്കുകയും, അനാശാസ്യമായ നിന്ദാഭാവം പുലർത്തുകയും ചെയ്തപ്പോൾ തോമസ് മൂർ ചാൻസലർ വൂൾസിയോടു പരാതിപ്പെടുകയും, ഈ പരാതി കണക്കിലെടുത്തു്, അദ്ദേഹം യുക്തമായ നടപടി സ്വീകരിക്കുകയും ചെയ്തു.

തുടർന്നു് തോമസ് മൂറിനെ ആരോഗ്യ വകുപ്പിൻെറ അദ്ധ്യക്ഷനായി നിയമിച്ചു. ഈ കാലയളവിൽത്തന്നെ അദ്ദേഹത്തിനു മറ്റൊരുത്തരവാദിത്വം കൂടി ഏറ്റെടുക്കേണ്ടി വന്നു. ഓക്സ്ഫോർഡിലുണ്ടായ ഭയങ്കരമായ പ്ലേഗുബാധ പടർന്നു പിടിക്കാതിരിക്കുന്നതിനു വേണ്ട മുൻ

www.malankaralibrary.com



കരുതലുകരാം തോമസ് മൂർ തന്നെയാണു് നിവ്വഹിച്ചതു്. രാജാവിൽനിന്നും ശമ്പളമായി പ്രതിവർഷം നൂറുപവൻ ലഭിച്ചിരുന്നതുകൊണ്ടു് 'ഷെറിഫ്' ഉദ്യോഗം അദ്ദേഹം രാജിവച്ചു.

തോമസ് മൂറിൻെറ സ്വഭാവ മാഹാത്മ്യത്തെയും ആത്മാത്ഥതയേയും എല്ലാവരും അംഗീകരിച്ചിരുന്നു. ഉല്ലാസവേളകളിൽ തോമസ് മൂറിൻെറ സംഭാഷണങ്ങരാം ഹെൻറിക്കു് ആനന്ദകരങ്ങളായിരുന്നു. സങ്കീർണ്ണവും, ഗൗരവതരവുമായ പ്രശ്നങ്ങരാം, പൊന്തിവരുമ്പോരാം വിരുദ്ധാഭിപ്രായക്കാരെ സംതൃപ്തിപ്പെടുത്തിക്കൊണ്ടു് അസാമാന്യമായ ബുദ്ധിസാമത്ഥ്യത്തോടെ അദ്ദേഹം അവ പരിഹരിച്ചിരുന്നു. രാജകൊട്ടാരത്തിലെ ഔദ്യോഗിക കാര്യങ്ങരാക്കിടയിലും സ്നേഹിതരുമായി സമ്പക്കം പുലത്തുകയും സാഹിത്യാസ്വാദനം നടത്തുകയും ചെയ്തിരുന്നു. സ്ഥാനമാനങ്ങളും പ്രതാപവുമെല്ലാം രാജ്യത്തിൻെറയും ജനങ്ങളുടെയും നന്മയ്ക്കായി വിനിയോഗിച്ചു. എത്രമാത്രം ഉന്നതമായ രംഗത്തായാലും ക്രിസ്തുവിൻെറ ജീവിതം പിന്തുടരാൻ സാധിക്കുമെന്നു് തോമസ് മൂർ യഥാസ്ഥിതികരെപ്പോലും മനസ്സിലാക്കി.

രാജാവിൻെറ ആലോചനാ സമിതിയിൽ രാജാവിനോടൊത്തു് സദാ ഉണ്ടായിരിക്കണമെന്നു് പ്രത്യേകം നിഷ്കർഷിക്കപ്പെട്ടിരുന്ന നാലുപേരിൽ ഒരാളായിരുന്നു തോമസ് മൂർ. അദ്ദേഹത്തിൻെറ വേദശാസ്ത്രസംബന്ധമായ സംഭാഷണങ്ങരാം ഹെൻറി ശ്രദ്ധാപൂവ്വം ശ്രവിച്ചിരുന്നു.

ഇംഗ്ലണ്ടിനെ നേരായ പാതയിലൂടെ മുന്നോട്ടു കൊണ്ടുപോകുന്നതിനു് പ്രാപ്തനും സമത്ഥനുമായിരുന്ന വൂരാം

www.malankaralibrary.com



സിയെന്നു് തോമസ് മൂർ മനസ്സിലാക്കിയിരുന്നു. എന്നാൽ വൂംസിയുടെ വിദേശകാര്യനയത്തിൽ അദ്ദേഹം സംതൃപ്തനായിരുന്നില്ല.

ആയിരത്തി അഞ്ഞൂററി പത്തൊൻപതിൽ യൂറോപ്പിൽ ജർമ്മനിയുടെ ചക്രവർത്തിയായിത്തീന്ന ചാററൽസും, ഫ്രാൻസിലെ രാജാവായിരുന്ന ഫ്രാൻസീസുമല്ലാതെ ശക്തരായ ഭരണാധികാരികൾ ഉണ്ടായിരുന്നില്ല. ചാററൽസിൻെറ പ്രതാപത്തിൽ അസൂയാലുവായിത്തീന്ന ഫ്രാൻസീസ് അദ്ദേഹത്തിൻെറ ശത്രുവായിത്തീൻ. പരസ്പരം യുദ്ധസന്നാഹങ്ങൾ ഒരുക്കുകയും ഇരുവരും മാറിമാറി ഇംഗ്ലണ്ടിൻെറ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു: കിട്ടിയ അനുകൂലാവസരം പാഴാക്കാതെ കാഡിനൽ വൂംസി തൻെറ മേൽക്കോയ്മയും അധികാര പ്രമത്തതയും കാട്ടുവാൻ ഒരുമ്പെട്ടു. മാർപ്പാപ്പായ്ക്കുതുല്യം അധികാരം ഭാവിച്ചുകൊണ്ടാണു് വൂംസി മാദ്ധ്യസ്ഥശ്രമങ്ങൾ നടത്തിയതു്. അന്നത്തെ മാർപ്പാപ്പായുടെ മരണശേഷം താൻ ആ സ്ഥാനത്തു് അവരോധിക്കപ്പെട്ടുമെന്ന വ്യാമോഹം അദ്ദേഹത്തിനുണ്ടായിരുന്നു. അതിനാൽ ചാററൽസും ഫ്രാൻസീസും തമ്മിലുള്ള കലഹം അവസാനിക്കാതിരിക്കുന്നതിനുള്ള എല്ലാ കുതന്ത്രങ്ങളും അദ്ദേഹം ഏർപ്പെടുത്തി. ഇതു് ക്രിസ്ത്യൻ സാമ്രാജ്യത്തിൻെറ അനൈക്യത്തെ വർദ്ധമാനമാക്കി. തൻമൂലം, ക്രിസ്തീയ സാമ്രാജ്യം അധഃപതനത്തിലേക്കു നീങ്ങി. ഇതു് കാഡിനൽ വൂംസിയുടെ തെററായ നയം ഒന്നുകൊണ്ടു മാത്രമായിരുന്നു. രാജസഭാംഗമെന്നനിലയിൽ തോമസ് മൂറിനും ഈ നയത്തിനെതിരെ പ്രതികരിക്കാൻ കഴിഞ്ഞില്ല.

www.malankaralibrary.com



ഹെൻറിയുടെ കൊട്ടാരത്തിലെ പരിതഃസ്ഥിതികൾ തോമസ് മൂറിൽ പല പ്രകാരത്തിലും അതൃപ്തി ഉളവാക്കിയിരുന്നെങ്കിലും കഴിയുന്നത്ര വിവേകത്തോടു കൂടി മുന്നോട്ടു പോകുവാൻ അദ്ദേഹം തീരുമാനിച്ചു. 'യുട്ടോപ്യാ' ലക്ഷ്യമാക്കിയ തത്ത്വവും അതായിരുന്നല്ലോ.

പണ്ഡിതന്മാരുടെ ഭാഷയായ ലത്തീനും, മാതൃഭാഷയായ ഇംഗ്ലീഷും സരസസുന്ദരമായും ആകർഷകമായും സംസാരിക്കുവാൻ തോമസ് മൂറിനേക്കാൾ വിദഗ്ദ്ധർ മററാരുമില്ലായിരുന്നു. അതിനാൽ പ്രസംഗങ്ങൾ നടത്തേണ്ട അവസരങ്ങളിലെല്ലാം അദ്ദേഹമായിരുന്നു അതിനായി നിയോഗിക്കപ്പെട്ടിരുന്നത്.

ക്രിസ്തുവിൻെറ വിശുദ്ധ കുരിശിൻെറ ഭാഗങ്ങൾ സ്ഥാപിച്ചിരിക്കുന്നിടത്തു നിന്നും അതെടുത്ത് ദൂരെയെറിഞ്ഞു കളയണമെന്നും, അവ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണപേടകങ്ങൾ വിററ് ദരിദ്രരെ സഹായിക്കണമെന്നും ലൂതർ ആക്രോശിച്ചു. ഈ ആക്രോശത്തിന് തോമസ് മൂർ നല്കിയ മറുപടി ശ്രദ്ധേയമാണ്. ''കാരകളും, ഖഡ്ഗങ്ങളും, കുന്തങ്ങളും, മററായുധങ്ങളും അലങ്കരിക്കുന്നതിനും, ചിത്രയവനികകളെ മോടി പിടിപ്പിക്കുന്നതിനുമായി ചെലവാക്കപ്പെടുന്ന സ്വർണ്ണത്തോട് താരതമ്യം ചെയ്തു നോക്കുമ്പോൾ ക്രിസ്തുവിൻെറ വിശുദ്ധ കുരിശിനെ അലങ്കരിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്ന സ്വർണ്ണം എത്ര തുച്ഛമാണ്. മേൽ പ്രസ്താവിച്ച പ്രകാരം ഉപയോഗിക്കുന്നതുകൊണ്ട് തൃപ്തിപ്പെടാതെ, രാജാക്കന്മാരുടെയും വൈദികാദ്ധ്യക്ഷന്മാരുടെയും വസതികളിൽ മാത്രമല്ല, സാധാരണക്കാരായ പല വ്യക്തികളുടെ പോലും ഭവനങ്ങളിലുള്ള വിവിധ സാമഗ്രികൾ സ്വർണ്ണത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. ക്രിസ്തു

www.malankaralibrary.com



വിന്റെ വിശുദ്ധ കരിശിന്റെ അവശിഷ്ടങ്ങളെ സൂക്ഷി ച്ചിരിക്കുന്ന സ്വർണ്ണപേടകങ്ങളെ മാത്രമല്ലാതെ, ഈ സ്വർണ്ണശേഖരമൊന്നും ലൂതർ കാണുന്നതേയില്ല.'

കലേയിൽ വച്ച് ഹെൻറിയോടൊന്നിച്ചുണ്ടായിരുന്നപ്പോഴാ തോമസ് മൂറിനു ഇറാസ്മസിനെ കാണുന്നതിനും, അദ്ദേഹം മുഖേന, യൂറോപ്പിലെ പല പ്രമുഖ പണ്ഡിതന്മാരുമായും പരിചയപ്പെടുന്നതിനും അവസരം ലഭിച്ചു. അവരിൽ പ്രമുഖർ ഫ്രഞ്ചുരാജാവിന്റെ സെക്രട്ടറിവില്യം ബ്യൂഡെ (William Bude)യും, ജർമ്മൻ സാമ്രാജ്യത്തിന്റെ കൗൺസിലറായിരുന്ന ഫ്രാൻസീസ് ക്രേൻഫെൽഡും (Francis Cranefeld) ആയിരുന്നു.

കലേ പട്ടണത്തിലേക്ക പോകുന്നതിനു മുമ്പുതന്നേ തോമസ് മൂർ 'മാടമ്പി'സ്ഥാനത്തു് അവരോധിക്കപ്പെട്ടിരുന്നു. ഈ മാടമ്പിസ്ഥാനം ലഭ്യമായതിനു ശേഷം സർ. തോമസ് മൂർ എന്നു് അദ്ദേഹം അറിയപ്പെടാൻ തുടങ്ങി. സബ്ട്രെഷറർ ആയി നിയമിതനായതും ഈ അവസരത്തിൽത്തന്നെ. യവനഭാഷയിൽ നല്ല പാണ്ഡിത്യം തോമസ് മൂർ നേടിയിരുന്നു. രാജാവിന്റെ സെക്രട്ടറിമാരായിരുന്ന പേസും, ററൺസ്റ്റലും ഒത്തുചേർന്നപ്പോഴാ ഇംഗ്ലണ്ടിലെ രാജമന്ദിരം യവനഭാഷാകേന്ദ്രമായി വളർന്നു.

തോമസ് മൂർ രാജമന്ദിരത്തിൽ ഉദ്യോഗത്തിൽ പ്രവേശിച്ചു് അധികകാലം കഴിയുന്നതിനു മുമ്പു തന്നേ ഓക്സ്ഫോഡ് (Oxford) സർവ്വകലാശാലയിലെ യവനഭാഷാസ്നേഹികളും, യവനഭാഷാവിദ്വേഷികളും തമ്മിൽ ഗൗരവമായ ഒരു ലഹള നടന്നു. സമാധാന ദൂതനായ തോമസ് മൂറിനെത്തന്നെയാണ് സമാധാന പാല

www.malankaralibrary.com



നത്തിനായി ഹെൻറി നിയോഗിച്ചതു്. സ്വസ്ഥചിത്തനായ ഒരു മഹാത്മാവിൻെറ സാമത്ഥ്യത്തോടെയാണു് തോമസ് മൂർ ഈ അവസരത്തിൽ പ്രവത്തിച്ചതു്. അദ്ദേഹത്തിൻെറ പ്രവർത്തനം ഓക്സ്ഫോർഡിനെ ശാന്തമാക്കി. ആയിരത്തിഅഞ്ഞൂററി ഇരുപത്തിനാലിൽ ഓക്സ്ഫോർഡ് സവ്വകലാശാലയും, ആയരത്തിഅഞ്ഞൂററി ഇരുപത്തിഅഞ്ചിൽ കേം ബ്രിഡ്ജ് സർവ്വകലാശാലയും തോമസ് മൂറിനെ 'ഹൈസ്റ്റിവാർഡ്' ആയി സ്വീകരിച്ചു.

തോമസ് മൂറിൻെറ ആത്മസുഹൃത്തായിരുന്ന ഇറാസ്മസും പില്ക്കാലത്തു് യോക്കിലെ മെത്രാപ്പോലീത്തയായിത്തീർന്ന ഫാദർ ലീയും തമ്മിലുണ്ടായ കലഹത്തിലും തോമസ് മൂറിൻെറ ശ്രമകരമായ ഇടപെടൽ ഇരുവരെയും സൗഹാർദ്ദത്തിലാക്കി.

ഹെൻറിക്കു് തോമസ് മൂറിനോടുണ്ടായിരുന്ന സ്നേഹവിശ്വാസങ്ങൾ വദ്ധിച്ചു. ആയിരത്തി അഞ്ഞൂററി ഇരുപത്തി അഞ്ചു് ജൂലൈ മാസത്തിൽ തോമസ് മൂർ 'ലങ്കാസ്റ്റർ പ്രദേശത്തിൻെറ ചാൻസലർ' [Chancellor of the Duchy of Lancaster] ആയി നിയമിക്കപ്പെട്ടു. ഒപ്പം തന്നെ പഴയസ്ഥാനങ്ങളിൽ തുടരുകയും ചെയ്തു.

ആയിരത്തി അഞ്ഞൂററി ഇരുപത്തിഅഞ്ചിൽഫ്രാൻസും ഇംഗ്ലണ്ടും തമ്മിൽ ഒരു സമാധാന ഉടമ്പടി ഉണ്ടാകുന്നതിനെപ്പററി ആലോചിക്കുന്നതിനായി എലൈ മെത്രാനായിരുന്ന നിക്കോളാസ് വെസ്റ്റ് [Nicolas west] ൻെറ സഹപ്രവത്തകനായി നിയമിക്കപ്പെട്ടതും തോമസ്മൂർ തന്നെ. ഹാംപ്ററൻകോർട്ടിൽ [Hampton Court] വച്ചു് ഒരുടമ്പടി ഉണ്ടാകുന്നതിനായി രൂപവല്ക

www.malankaralibrary.com



രിച്ച കമ്മീഷനിലും തോമസ് മൂർ അംഗമായിരുന്നു. ആയിരത്തി അഞ്ഞൂററി ഇരുപത്തേഴ് (1527)മേയിൽ വെസ്റ്റ് മിനിസ്റ്ററിൽ (west Minister) വച്ച് നടത്തപ്പെട്ട സന്ധിയുടെ രണ്ടു നിർവ്വാഹകരിലും ഒരാറം തോമസ് മൂർ തന്നെയായിരുന്നു.

ആയിരത്തി അഞ്ഞൂററി ഇരുപത്തേഴിൽ തന്നെ ഒരു പ്രതിനിധി സംഘം കാഡിനൽ വൂംസിയുടെ നേതൃത്വത്തിൽ ഫ്രാൻസിലേക്കയയ്ക്കപ്പെട്ടു. ആ സംഘത്തിൽ വൂംസിയുടെ ഉപദേഷ്ടാവും ആലോചനക്കാരനുമായി അയയ്ക്കപ്പെട്ടതും തോമസ് മൂറായിരുന്നു.

കാർഡിനൽ വൂംസി തോമസ് മൂറിൻെറ കഴിവിനെ അങ്ങേയററം പ്രകീർത്തിച്ച മറെറാരു സംഭവമുണ്ടായി. ജർമ്മനിയിലെ ചക്രവർത്തിയായിരുന്ന ചാറൽസിനു് ഇംഗ്ലണ്ടിനോടു വൈരം തോന്നുവാൻ കാർഡിനൽ വൂംസി കാരണമായിത്തീർന്നു. അക്കാരണത്താൽ തന്നെ ഫ്ളാൻഡേഴ്സുമായി ഇംഗ്ലണ്ടു നടത്തിയിരുന്ന വ്യാപാരങ്ങറംക്കു കോട്ടം തട്ടി. ഫലമോ ഇംഗ്ലണ്ടിലെ വ്യാപാരികറം വൂംസിയോടു് കോപിഷ്ടരായി. ഈയവസരത്തിൽ ഒരു സമാധാന ഉടമ്പടി ചെയ്യുന്നതിനായി മൂർ ആയിരത്തി അഞ്ഞൂററി ഇരുപത്തി ഏഴിൽ കാംബ്രേയിലേക്കു് അയയ്ക്കപ്പെട്ടു. ആയിരത്തി അഞ്ഞൂററി ഇരുപത്തി ഒൻപതു് ആഗസ്റ്റ് എട്ടാം തീയതിയാണു് പ്രസിദ്ധമായ ഈ ഉടമ്പടി ഒപ്പുവയ്ക്കപ്പെട്ടതു്.

ഇംഗ്ലണ്ടിലെ പാർലമെൻറിനു്, ജനസഭ (The House of Commons) എന്നും, പ്രഭു സഭ (The House of Lords) എന്നും രണ്ടു വിഭാഗങ്ങറം ഉണ്ടായിരുന്നു. പാർലമെൻറിൽ അവതരിക്കപ്പെടുന്ന പ്രശ്നങ്ങറം ഈ സഭ

www.malankaralibrary.com



കാം ആലോചിച്ച് നിയമാനുസൃതമാം വിധം തങ്ങളുടെ 'പ്രസംഗകന്മാർ' വഴി ഗവൺമെൻറിനെ വിവരം അറിയിക്കുകയായിരുന്നു പതിവ്. ജനസഭയുടെ പ്രസംഗകനായി നിയമിക്കപ്പെട്ടതു് തോമസ് മൂർ തന്നെയായിരുന്നു. [1523] പാർലമെൻറു മന്ദിരത്തിൽ ജനസഭ നടത്തുന്ന വാദപ്രതിവാദങ്ങളിൽ സന്നിഹിതനായിരിക്കുകയും അവരുടെ തീരുമാനങ്ങൾ ചാൻസലർ വൂംസിയെ അറിയിക്കുകയും ആയിരുന്നു തോമസ് മൂറിൻെറ പ്രധാന കർത്തവ്യം.

ജനസഭയ്ക്കു് അഭിപ്രായ സ്വാതന്ത്ര്യം അനുവദിക്കണമെന്നു് തോമസ് മൂർ രാജാവിനോടു് ശക്തമായ ഭാഷയിൽത്തന്നെ ആവശ്യപ്പെട്ടു. അന്നുവരെ ജനസഭയ്ക്കു് യാതൊരുവിധ അഭിപ്രായ സ്വാതന്ത്ര്യവും രാജാവു് അനുവദിച്ചിരുന്നില്ല. ഹെൻറി തോമസ് മൂറിൻെറ വാദത്തെ അംഗീകരിക്കുകയും ഇംഗ്ലീഷ് ജനതയ്ക്കു് അഭിപ്രായ സ്വാതന്ത്ര്യം നേടിക്കൊടുക്കുകയും ചെയ്തു.

തോമസ് മൂറിൻെറ അവസരോചിതമായ സംഭാഷണങ്ങൾ ശത്രുക്കളെപ്പോലും മിത്രങ്ങളാക്കുവാൻ മതിയായവയായിരുന്നു. രാഷ്ട്രീയ മണ്ഡലത്തിൽ അദ്ദേഹം പ്രസിദ്ധനായിത്തീരുകയും രാജമന്ദിരത്തിലെ ഒരു ബഹുമാന്യ വ്യക്തിയായി അംഗീകരിക്കപ്പെടുകയും ചെയ്തു.

രാഷ്ട്രീയമണ്ഡലത്തിൽ തോമസ് മൂർ വലിയ സംതൃപ്തിയൊന്നും കണ്ടെത്തിയിരുന്നില്ല. കാരണം, രാഷ്ട്രീയത്തേക്കാൾ ഉപരി, ആദ്ധ്യാത്മികതക്കാണു് അദ്ദേഹം പ്രാധാന്യം കല്പിച്ചിരുന്നതു്. രാഷ്ട്രീയശക്തികൾ സ്വകാര്യലാഭത്തിനായി സത്യത്തെയും നീതിയെയും ധ്വംസിക്കുകയും, കാപട്യത്തിൻെറ കറുത്ത മുഖങ്ങൾ അണി

www.malankaralibrary.com



യുകയും ചെയ്തതിൽ തോമസ് മൂർ അസംതൃപ്തനായി ത്തീൎന്നു. അതിനാൽ അദ്ദേഹം രാഷ്ട്രത്തെ അവിശ്വസിച്ചു. ഇഹലോകജീവിതം സ്വൎഗ്ഗത്തിലേക്കുള്ള പ്രവേശന മാൎഗ്ഗമാണ്. എന്നാൽ രാജാക്കന്മാർ തങ്ങളുടെ ജീവിതശൈലിയിൽ സ്വൎഗ്ഗത്തെ വിസ്മരിക്കുന്നു. രാജധാനിയെ സ്വൎഗ്ഗസമാനമാക്കുന്നതിനു് ആഗ്രഹിച്ചു്, ഭരണാധികാരികൾ നൈരാശ്യത്തിലും ഹൃദയ വ്യഥയിലും ദിനരാത്രങ്ങൾ കഴിച്ചു കൂട്ടി. ധൎമ്മം, നീതി തുടങ്ങിയ മഹത്തായ ഗുണങ്ങൾ മനുഷ്യഹൃദയങ്ങളിൽ നിന്നും പണ്ടേ പൊയ്പ്പോയിരുന്നു.

രാഷ്ട്രങ്ങൾ താൽക്കാലിക ലാഭവും നിലനില്പും മാത്രമാണ് ആഗ്രഹിച്ചിരുന്നതു്. ക്രിസ്തീയാദർശങ്ങൾ അവഗണിച്ചു കൊണ്ടു്, നശീകരണ ശക്തികളുടെ കേന്ദ്രങ്ങളിൽപെട്ടു് ഭരണാധികാരികൾ രാഷ്ട്രത്തെ നശിപ്പിക്കുന്നതായും തോമസ് മൂർ മനസ്സിലാക്കി. സ്വേച്ഛാധിപതികളായ രാജാക്കന്മാരെ അദ്ദേഹം ഭയപ്പെടുകയും ഒപ്പം വെറുക്കുകയും ചെയ്തിരുന്നു. തോമസ് മൂറിന്റെ ഭവനത്തിലെത്തി, അദ്ദേഹവുമൊന്നിച്ചു് ഭക്ഷണം കഴിക്കുകയും, ഉദ്യാനത്തിലൂടെ ഉലാത്തുകയും, പലപ്പോഴും തന്നെ ആശ്ലേഷിക്കുകയും ചെയ്ത ഹെൻറിയെപ്പോലും അദ്ദേഹം വെറുത്തിരുന്നു.

തോമസ് മൂറിനെ സന്ദർശിച്ചതിനുശേഷം, ഒരിക്കൽ ഹെൻറി കൊട്ടാരത്തിലേക്കു മടങ്ങുകയായിരുന്നു. മൂറിന്റെ ജാമാതാവായ റോപ്പർ തോമസ് മൂറിനെ അനുമോദിക്കുകയും രാജാവിന്റെ ആശ്ലേഷണം മൂലം മൂറിനു ലഭിച്ച സൗഭാഗ്യത്തെ അനുസ്മരിക്കുകയും ചെയ്തു. എന്നാൽ മൂറാകട്ടെ രാജാവിന്റെ ഇപ്രകാരമുള്ള ആശ്ലേഷണങ്ങളുടെ ഉദ്ദേശ്യ ശുദ്ധിയും,

www.malankaralibrary.com


അദ്ദേഹത്തിന്റെ യഥാർത്ഥസ്വഭാവവും വ്യക്തമായി മനസ്സിലാക്കിയിരുന്നു. തോമസ് മൂർ, തന്റെ ജാമാതാവിനോടു പറഞ്ഞു: ''പ്രിയ റോപ്പർ, ഈ സംഗതിയിൽ എനിക്കു സന്തോഷിക്കുവാൻ ന്യായമില്ല. എന്തെന്നാൽ, എന്റെ ശിരച്ഛേദനം കൊണ്ടു് ഫ്രാൻസിലെ ഒരു രാജകൊട്ടാരം തനിക്കു് സ്വാധീനമാകുന്നുവെന്നുണ്ടെങ്കിൽ നിശ്ചയമായും അദ്ദേഹം തന്റെ ശിരസ്സിനെ അതിനായി ഉപയോഗിക്കാതിരിക്കുകയില്ല''. വൈവിധ്യമാന്ന സ്വഭാവ സവിശേഷതകളോടുകൂടിയ മനുഷ്യനെ, അതിന്റെ എല്ലാരൂപഭാവങ്ങളിലും മനസ്സിലാക്കുവാൻ തോമസ് മൂറിനു് പ്രത്യേകമായ പാടവം തന്നെയുണ്ടായിരുന്നു. ○

www.malankaralibrary.com

# ഉത്തമ കുടുംബ നായകൻ

ഹോൽബെയിൻ എന്ന സുപ്രസിദ്ധ ചിത്രകാരനെപ്പററി, തോമസ് മൂറുമായി ബന്ധിപ്പിച്ച് ഒരു ഐതിഹ്യമുണ്ട്. സ്വിററ്സർലണ്ടിൽ നിന്നു ക്രൂരന്മാരായ അക്രമികളെ ഭയന്ന് ഇംഗ്ലണ്ടിലേക്ക് ഓടിപ്പോന്ന ഹോൽബെയിനെ തോമസ് മൂർ സ്വീകരിക്കുകയും, അദ്ദേഹത്തിൻെറ കഴിവുകളെപ്പററി പ്രശംസിക്കുകയും ചെയ്തു. തോമസ് മൂർ ഹോൽബെയിനിന്നു നൽകിയ സഹായങ്ങൾക്കു പ്രതിഫലമായി, അദ്ദേഹത്തിൻെറയും അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളുടെയും പല ചിത്രങ്ങളും രചിച്ച് ഹോൽബെയിൻ തോമസ് മൂറിനു സമ്മാനിച്ചു.

ക്രൈസ്തവ മഹാസാമ്രാജ്യത്തിൽ സമാധാനം കണികാണുവാൻപോലുമില്ലായിരുന്നു; ക്രിസ്തീയ രാജാക്കന്മാർ പരസ്പരം കലഹിച്ചു കൊണ്ടിരുന്നു. ക്രിസ്തീയ മഹാസാമ്രാജ്യവും തുർക്കികളും തമ്മിൽ കൂടെക്കൂടെ യുദ്ധ

www.malankaralibrary.com



ങ്ങൾ നടന്നുകൊണ്ടിരുന്നു. അതിൻെറ ഫലമായി ഇംഗ്ല ണ്ടിൽപ്പോലും ധനികർ കൂടുതൽ ധനികരാവുകയും, ദരി ദ്രർ കൂടുതൽ ദരിദ്രരാവുകയും ചെയ്തു. ഓക്സ്ഫോർഡ് സർവ്വകലാശാലാ തെരുവുകളിൽ യവനഭാഷാ സ്നേഹി കളും, യവനഭാഷാ വിരോധികളും തമ്മിൽ ലഹളകൾ നടന്നിരുന്നു. തോമസ് മൂർ, ഈ അവസരങ്ങളിലൊ ക്കെ യഥായോഗ്യം പ്രതികരിക്കാൻ മറന്നില്ല.

വ്യക്തിപരവും സ്വകീയവുമായ സർവ്വതും അവഗണിച്ച്, പൊതുജനനന്മയ്ക്കായി തോമസ് മൂർ അക്ഷീണം പരിശ്ര മിച്ചിരുന്നു. അദ്ദേഹം ആത്മബന്ധം പുലർത്തിയിരുന്നത് ഗ്രാമീണരായ സാധുകൃഷിക്കാരോടായിരുന്നു.

തോമസ് മൂർ ഇംഗ്ലണ്ടിനെ രക്ഷിക്കുന്നതിനായി സ്വീകരിച്ച മാർഗ്ഗം സ്വയം നവീകരണമായിരുന്നു. രുചികരമായ ഭക്ഷണപദാർത്ഥങ്ങൾ അദ്ദേഹം വർജ്ജി ച്ചിരുന്നു. പുളിച്ച അപ്പവും ഉപ്പുമാത്രം ചേർത്ത മാംസവും മാത്രമാണ് അദ്ദേഹം ഭക്ഷിച്ചിരുന്നത്. അമിതഭോജനാസക്തിയോ, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗമോ അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. തത്വശാസ്ത്രജ്ഞന്മാർ ആവശ്യപ്പെടുന്നതിൽ കൂടുതൽ മിതത്വം സ്വജീവിതത്തിൽ അദ്ദേഹം പ്രദർശിപ്പി ച്ചിരുന്നു. മൂർ ഒരു രോമ വസ്ത്രം ധരിച്ചിരുന്ന തായും ചാട്ട കൊണ്ട് സ്വശരീരത്തെ പീഡിപ്പിച്ചി രുന്നതായും ഗ്രഹിക്കാൻ കഴിയുന്നതാണ്. സ്വനിഗ്രഹ പരമായ ഇത്തരം പ്രവൃത്തികളുടെ മാഹാത്മ്യം മനസ്സി ലാക്കുവാൻ ക്രിസ്തീയമായ ഒരു കാഴ്ചപ്പാടു തന്നെ ആവശ്യ മാണ്.

ധ്യാനം, പ്രാർത്ഥന, കൂദാശകളുടെ സ്വീകരണം, തുടങ്ങിയവയിലൂടെ അദ്ദേഹം ആത്മനവീകരണം നേടി

www.malankaralibrary.com



യിരുന്നു. അനുതാപ സങ്കീർത്തനങ്ങൾ, വിശുദ്ധന്മാരുടെ ലുത്തിനിയാ, മററു നിരവധി സങ്കീർത്തനങ്ങൾ.... എല്ലാം അദ്ദേഹം പാടി ദൈവീകമായ ഒരു അനുഭൂതിയിലേക്കു് ഉയർന്നിരുന്നു. സ്വന്തം ഉപയോഗത്തിനായി, ഇംഗ്ലീഷിലും ലത്തീനിലും നിരവധി ജപങ്ങൾ രചിക്കുകയും ചെയ്തു.

തൻെറ കുടുംബത്തിൽ സ്വർഗ്ഗം സൃഷ്ടിക്കുന്നതിനു് തോമസ് മൂർ തീവ്രമായി ആഗ്രഹിക്കുകയും അതിനായി യത്നിക്കുകയും ചെയ്തു. സ്വകുടുംബത്തെ ഭൂമിയിലെ പറുദീസയാക്കിത്തീർക്കണമെന്ന ആഗ്രഹംകൊണ്ടാണു് അദ്ദേഹം തൻെറ ആദ്യഭാര്യയെ വീണവായിക്കുന്നതിനും ലത്തീൻ എഴുതുന്നതിനും അഭ്യസിപ്പിച്ചിരുന്നതു്. പ്രായാധിക്യം ബാധിച്ചുതുടങ്ങിയിരുന്ന തൻെറ രണ്ടാമത്തെ ഭാര്യയേയും അദ്ദേഹം മിക്ക സംഗീതോപകരണങ്ങളും ഉപയോഗിക്കുന്നതിനു പരിശീലിപ്പിച്ചു. തൻെറ പ്രേഷ്ഠസന്താനങ്ങളെയെല്ലാം ഉത്തമമായി വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു് സമർത്ഥരും സുശീലരുമായ അദ്ധ്യാപകരെ കണ്ടെത്തി സ്വഗൃഹത്തിൽവച്ചു തന്നെ കുട്ടികൾക്കു് ശിക്ഷണം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. തോമസ് മൂറിനു് സന്താനങ്ങളായി മൂന്നു പുത്രിമാരും ഒരു പുത്രനുമുണ്ടായിരുന്നു. സമർത്ഥരായ തൻെറ കുട്ടികളെ ലത്തീനും, ഗ്രീക്കും, ഗണിതശാസ്ത്രവും ആവശ്യം അഭ്യസിപ്പിച്ചു. അദ്ദേഹത്തിൻെറ കുട്ടികൾ മിക്കപ്പോഴും റൈററസ് ലിവിയസിൻെറ ഗ്രന്ഥങ്ങൾ വായിച്ചിരുന്നു. അലസരോ, നിസ്സാര സംഗതികളിൽ വ്യാപൃതരോ ആകുവാൻ അദ്ദേഹം ഭാര്യയേയും കുട്ടികളെയും അനുവദിച്ചിരുന്നില്ല.

തോമസ് മൂർ കുട്ടികൾക്കു് കത്തുകൾ മുഖേന നൽകിയിരുന്ന ഉപദേശങ്ങൾ ശ്രദ്ധേയമാണു്. "ഒരു

www.malankaralibrary.com



കാര്യം ഞാൻ നിങ്ങളോട്ട് ഉപദേശിക്കുന്നു. നിങ്ങൾ സ്വീകരിക്കുന്ന വിഷയങ്ങൾ ഗഹനങ്ങളായാലും, നിസ്സാരങ്ങളായാലും അവ ആലോചനയോടും ശ്രദ്ധയോടും കൂടി ചെയ്യണം. [തോമസ് മൂറിൻെറ കുട്ടികൾ ഉപന്യാസങ്ങളും ലേഖനങ്ങളും എഴുതിയിരുന്നു.] എല്ലാം ഇംഗ്ലീഷിൽ എഴുതിയതിനു ശേഷം ലത്തീനിലേക്കു വിവർത്തനം ചെയ്യുന്നത് എളുപ്പമായിരിക്കും. അപ്പോൾ വിഷയത്തെപ്പററി ചിന്തിക്കേണ്ടിവരില്ല. ഭാഷാരീതിയെപ്പററി മാത്രം ആലോചിച്ചാൽ മതി. ഇക്കാര്യം നിങ്ങളുടെ ഇഷ്ടത്തിനായി ഞാൻ വിടുന്നു. എന്നാൽ വൃത്തിയായി പകർത്തിഎഴുതുന്നതിനു മുമ്പായി നിങ്ങൾ എഴുതിക്കഴിഞ്ഞതിനെ സസൂക്ഷ്മം പരിശോധിക്കണമെന്ന് ഞാൻ നിഷ്ക്കർഷ പൂർവ്വം നിർബന്ധിക്കുന്നു.... ഓമൽ കുഞ്ഞുങ്ങളേ നിങ്ങൾക്കുവന്ദനം.''

രാജധാനിയിലും, വിദേശങ്ങളിലും താമസിക്കുന്നതിനിടയിൽപ്പോലും തോമസ് മൂർ തൻെറ പ്രിയ സന്താനങ്ങളുടെ കാര്യം വിസ്മരിച്ചിരുന്നില്ല. കത്തുകൾ മുഖേന ഫലിത സംഭാഷണങ്ങൾ നടത്തിയിരുന്നു.

തോമസ് മൂറിൻെറ കുടുംബത്തിൽ എല്ലാവരുടെയും പ്രഥമവും, പ്രധാനവുമായ ഉദ്ദേശ്യം ഈശ്വരൻ മാത്രമായിരുന്നു. തോമസ് മൂർ ലോർഡ് ചാൻസലർ ആയതിനുശേഷവും സ്വകുടുംബത്തിലായിരിക്കെ, സന്ധ്യാപ്രാത്ഥനയ്ക്കായി എല്ലാവരെയും വിളിച്ചു കൂട്ടിയിരുന്നു. ഭക്ഷണസമയങ്ങളിൽ വിശുദ്ധഗ്രന്ഥങ്ങളിൽ നിന്നും ഒരു ഭാഗം വേദപണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങൾ സഹിതം വായിച്ചിരുന്നു. ഇക്കാര്യങ്ങൾ എല്ലാം അദ്ദേഹം തൻെറ കുട്ടികളെക്കൊണ്ടാണ് ചെയ്യിച്ചിരുന്നത്. ഫലിത രസികനായ അദ്ദേഹത്തിൻെറ വാക്കുകൾ വിജ്ഞാന

www.malankaralibrary.com



പ്രദവും അതീവ ഹൃദ്യങ്ങളുമായിരുന്നു. വിജ്ഞാന സമ്പാദനത്തോടൊപ്പം പുണ്യസമ്പാദനവും നടത്തുവാൻ അദ്ദേഹം കുട്ടികളെ നിഷ്കർഷിച്ചിരുന്നു.

ലണ്ടനിൽ ബക്ലിംസ്ബറിയിൽ വാൾബ്രൂക്ക് [Wal Brook] എന്ന സ്ഥലത്തായിരുന്നു തോമസ് മൂറിൻെറ ആദ്യഗൃഹം. രണ്ടാമത്തെ ഗൃഹമാകട്ടെ ക്രോസ്ബി പ്ലേസ് (Crosby Place) എന്നസ്ഥലത്തായിരുന്നു. മൂന്നാമത്തേതു്, ലണ്ടൻനഗരത്തിനു സമീപം ചെൽസി (Chelsea) ഗ്രാമത്തിലായിരുന്നു. തോമസ് മൂർ തൻെറ സ്വന്തം ആവശ്യത്തിനായി ഒരു കപ്പേളയും, ഒരു കാഴ്ചബംഗ്ലാവും അവിടെ സ്ഥാപിച്ചു. എല്ലാ ജന്തുക്കളെയും ഇഷ്ടപ്പെടുകയും, അവയെ ഇണക്കി വളർത്തുകയും അവയുടെ ജീവിതരീതികളെപ്പററി പഠിക്കുവാൻ ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്തു. ചെൽസിയിലുള്ള പക്ഷികളെല്ലാം തന്നെ, ഭക്ഷണത്തിനായി, തോമസ് മൂറിൻെറ സമീപം എത്തിയിരുന്നതായി ഇറാസ്മസ് പറയുന്നു. ചുരുക്കത്തിൽ, അദ്ദേഹത്തിൻെറ ഭവനം കൗതുകവസ്തുക്കളുടെ ഒരു പ്രദർശനശാല തന്നെയായിരുന്നു.

തൻെറ ഭവനത്തോടു ചേർന്നുണ്ടായിരുന്ന കപ്പേളയിൽ തോമസ് മൂർ ദിവസേന ദിവ്യപൂജ അർപ്പിച്ചിരുന്നു. മിശിഹായുടെ പീഡാനുഭവത്തെപ്പററി ധ്യാനിക്കുന്നതിനും തോമസ് മൂർ സമയം കണ്ടെത്തിയിരുന്നു. ചാൻസലർ ആയിരുന്ന അവസരങ്ങളിൽ കുതിരപ്പുറത്തു് സവാരി ചെയ്യുന്നതിനു് സ്നേഹിതന്മാർ അദ്ദേഹത്തെ നിർബ്ബന്ധിച്ചിരുന്നെങ്കിലും എൻെറ നാഥൻ കാൽനടയായി മാത്രം പോകുമ്പോൾ ഞാൻ അദ്ദേഹത്തെ കുതിരപ്പുറത്തു് അനുഗമിക്കുകയില്ല' എന്നു പറഞ്ഞു് അദ്ദേഹം അതിൽ നിന്നും ഒഴിവാകുകയാണു് ചെയ്തതു്.

www.malankaralibrary.com



എല്ലാ ഉച്ചനീചത്വങ്ങളെയും അവഗണിച്ചു കൊണ്ടു് തന്റെ ഭവനത്തിൽ അതിഥികളെ സ്വീകരിക്കുകയും അവരെ സൽക്കരിക്കുകയും ചെയ്തിരുന്ന തോമസ് മൂർ. ഇക്കൂട്ടത്തിൽ പല പണ്ഡിതന്മാരും വിശിഷ്ട വ്യക്തികളും ഉൾപ്പെട്ടിരുന്നു. മഹാന്മാരെക്കൊണ്ടെന്ന പോലെ, തന്നെ, ദരിദ്രരും അഗതികളുമായ ആളുകളെക്കൊണ്ടും തോമസ് മൂറിന്റെ ഭവനം നിറഞ്ഞിരുന്നു. പണ്ഡിതന്മാർ തോമസ് മൂറിൽ പണ്ഡിതശ്രേഷ്ഠനായ ഒരു സുഹൃത്തിനെയാണ് കണ്ടതെങ്കിൽ ദരിദ്രജനങ്ങൾ ധർമ്മനിരതനായ ഒരു ക്രൈസ്തവ ഭക്തനെയാണ് അദ്ദേഹത്തിൽ ദർശിച്ചതു്. അഗതികൾക്കു് പതിവായി ഭക്ഷണം നൽകുകയും അവർക്കു് തന്റെ ഭക്ഷണശാലയിൽ പണ്ഡിതന്മാരോടൊപ്പമിരുന്നു് ഭോജനം നടത്തുന്നതിനു് അദ്ദേഹം അവസരം കൊടുക്കുകയും ചെയ്തിരുന്നു. രോഗികൾക്കും വൃദ്ധജനങ്ങൾക്കുമായി ചെൽസിയിൽ സ്വന്തം ചെലവിൽ ഒരു ആതുരാലയവും അദ്ദേഹം പണി കഴിപ്പിച്ചു. ഈ ആതുരാലയത്തിന്റെ മേൽനോട്ടം തന്റെ ഇഷ്ട പുത്രിയായിരുന്ന മാർഗരററ് ആയിരുന്നു നിർവ്വഹിച്ചിരുന്നതു്.

തോമസ് മൂർ ഒരു അഭിഭാഷകനായിരുന്ന കാലത്തു് വിധവകൾക്കും അഗതികൾക്കും വേണ്ടി കോടതിയിൽ ധൈര്യപൂർവ്വം ന്യായവാദങ്ങൾ നടത്തിയിരുന്നു. അദ്ദേഹം നഗരത്തിലെ ഇടുങ്ങിയ ഊടുവഴികളിലൂടെ നടന്നു് ദരിദ്രകുടുംബങ്ങളുടെ സ്ഥിതിഗതികൾ അന്വേഷിക്കുകയും, ചെറിയ ചെറിയ തുകകൾ കൊടുത്തു് അവരെ സഹായിക്കുകയും ചെയ്തിരുന്നു.

വ്യവഹാരത്തിൽ സ്വത്തെല്ലാം നഷ്ടപ്പെട്ട പൗളാ (Paula) എന്ന വിധവയെ തോമസ് മൂർ അനുകമ്പാ

www.malankaralibrary.com



പൂർവ്വം സ്വകുടുംബത്തിൽ സ്വീകരിച്ചു. തന്റെ ചാർച്ചക്കാരിയും, അനാഥയുമായിരുന്ന മാർഗരററ് ഗിഗ്സ് എന്ന ബാലികയേയും അദ്ദേഹം സ്വകുടുംബത്തിൽ സ്വീകരിച്ച് പുത്രീ നിർവ്വിശേഷം സ്നേഹിച്ചു വളർത്തി. പിന്നീട് അവളെ വിവാഹം കഴിച്ച ജോൺ ക്ലെമെൻറ്സ് എന്ന യവന പണ്ഡിതനാകട്ടെ, മൂറിന്റെ ഗൃഹത്തിലെ അംഗമായി ചേർന്നു താമസിച്ച ആളുമായിരുന്നു.

തോമസ് മൂറിന്റെ ഭാര്യയായ ആലീസ്, ആലീസിന്റെ ആദ്യ വിവാഹത്തിലെ പുത്രി, അവളുടെ ഭർത്താവ്, തോമസ് മൂറിന്റെ പുത്രിമാരായിരുന്ന മാർഗരററ്, എലിസബത്ത്, സിസിലി, അവരുടെ ഭർത്താക്കന്മാർ, മൂറിന്റെ പുത്രനായ ജോൺ, അയാളുടെ ഭാര്യ ആൻ ക്രോസേക്കർ മുതലായവരായിരുന്നു കുടുംബത്തിലെ അംഗങ്ങൾ. ഹെൻറി പാററൻസൻ, അനേകം പരിചാരകന്മാർ എന്നിവരും ആ കുടുംബത്തിൽ ഉൾപ്പെട്ടിരുന്നു.

തോമസ് മൂറിനെപ്പററി പറയുമ്പോൾ അദ്ദേഹത്തിന്റെ ജ്യേഷ്ഠപുത്രിയായ മാർഗരററിനെപ്പററി പരാമർശിക്കാതിരിക്കുക അനുചിതമാണ്. അത്രമാത്രം, ഗാഢമായ ആത്മബന്ധമാണ് അവർക്കു തമ്മിൽ ഉണ്ടായിരുന്നതു്. മൂറിനേപ്പോലെ തന്നെ മാർഗരററും ഭൃത്യരോട് കരുണാർദ്രമായും, സുഹൃത്തുക്കളോടു വിനയത്തോടു കൂടിയും പെരുമാറിയിരുന്നു. തോമസ് മൂറിന്റെ ഭക്തിപ്രകടനമാർഗ്ഗങ്ങൾ മാർഗരററിനു മാത്രമേ പൂർണ്ണമായും മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നുള്ളു. അദ്ദേഹം സ്വശരീര പീഡനത്തിനായി ഒരു രോമവസ്ത്രം ഉപയോഗിച്ചിരുന്നെന്ന വാസ്തവം മാർഗരററിനോടു മാത്രമേ അദ്ദേഹം അറിയിച്ചിരുന്നുള്ളു. പ്രസ്തുത രോമവസ്ത്രം രഹസ്യമായി കഴുകി

www.malankaralibrary.com



വൃത്തിയാക്കിയിരുന്നതും മാർഗരററ് തന്നെയായിരുന്നു. തോമസ് മൂറിനെ വധിക്കുന്നതിനു മുമ്പ് അവസാനമായി അദ്ദേഹത്തെ ചുംബിച്ചതും അവരം തന്നെയായിരുന്നു.

തോമസ് മൂർ വധിക്കപ്പെട്ടതിനുശേഷം, അദ്ദേഹത്തിന്റെ ശിരസ്സ് നദിയിലെറിയപ്പെടാതെ പണം കൊടുത്ത് അതിനെ സ്വന്തമാക്കി, തന്റെ ജീവിത സർവ്വസ്വമാക്കി പൂജിച്ചതും മാർഗരററായിരുന്നു. തോമസ് മൂറിന്റെ മററു പുത്രിമാരായ എലിസബത്തിനെയും, സിസിലിയെയും കുറിച്ചുള്ള അറിവുകരം വളരെ പരിമിതമാണ്. എങ്കിലും, ഇറാസ്മസിന്റെ അഭിപ്രായത്തിൽ അവരും വിജ്ഞരായിരുന്നു; രാജസന്നിധിയിൽ വച്ചു നടത്തിയിരുന്ന തത്ത്വശാസ്ത്രപരമായ വാദപ്രതിവാദങ്ങളിൽ മാർഗരററിനോടൊപ്പം അവരും പങ്കെടുത്തിരുന്നു.

തോമസ് മൂറിന്റെ ഏകപുത്രനായ ജോണിനെപ്പററി ചരിത്രപരമായുള്ള അറിവുകരം ഏറെയില്ലെങ്കിലും ജോണിന്റെ സമകാലീനരായ ചരിത്രകാരന്മാർ 'തോമസ് മൂറിന്റെ സമർത്ഥനും ഉത്സാഹിയുമായ പുത്രൻ' എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. ഇറാസ്മസാകട്ടെ, 'അരിസ്റ്റോട്ടൽ' എന്ന തന്റെ ഗ്രന്ഥം ജോണിനു സമർപ്പിക്കുകയും ചെയ്തു. ഗ്രിനേയസ് [Gryna-eus] എന്ന പ്രശസ്ത പണ്ഡിതനും തന്റെ 'പ്ലേറോറാ' എന്ന ഗ്രന്ഥം അദ്ദേഹത്തിനു സമർപ്പിച്ചു.

തോമസ് മൂർ തന്റെ ഭാര്യയായ ആലീസ് മിഡിൽട്ടനെപ്പററി പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. "ഒരു ചെമ്പുകാശു മിച്ചം വരുത്തുന്നതിനായി ഒരു പവൻ ചെ

www.malankaralibrary.com


ലവാക്കുകയും, ഒരു മെഴുകുതിരി ലാഭിക്കുന്നതിനായി ഒരു പട്ടുവസ്ത്രം നശിപ്പിക്കുകയും ചെയ്യുന്ന സ്ത്രീ'' എന്നാണ്. രാജമന്ദിരത്തിൽ വച്ചു് തോമസ് മൂർ എഴുതിയ ലേഖനത്തിൽ നിന്നും, അദ്ദേഹത്തിനു് സ്വഭാര്യയോടുണ്ടായിരുന്ന സ്നേഹവിശ്വാസങ്ങളും, ഭാര്യക്കു് തോമസ് മൂറിന്റെ ഉന്നതാദർശങ്ങളോടുണ്ടായിരുന്ന അനുകൂലഭാവവും മനസ്സിലാക്കാവുന്നതാണ്. സൗഭാഗ്യത്തിലും ദൗർഭാഗ്യത്തിലും ആത്മസംയമനം പാലിക്കുവാനും, ദൈവത്തെ സ്തുതിക്കുവാനും, ദൈവത്തിനു നന്ദി പറയുവാനും അദ്ദേഹം ഭാര്യയെ ഓർമ്മിപ്പിച്ചു. ദ്രവ്യാസക്തിയെ അദ്ദേഹം അധിക്ഷേപിക്കുകയും, മിതമായ ധനസമ്പാദനത്തിന്റെ ആവശ്യകതയ്ക്കു് ഊന്നൽ കൊടുക്കുകയും ചെയ്തിരുന്നു. അദ്ദേഹം പറയുന്നു. ''ധനസമ്പാദനാശക്തി ശമിപ്പിക്കുക ദുസ്സാദ്ധ്യമായിരിക്കുന്നതിനെപ്പറ്റി അത്ഭുതപ്പെടേണ്ടതില്ല. ഒരു ഭോജനപ്രിയൻ തന്റെ വയർ നിറഞ്ഞു കഴിയുമ്പോൾ, മിതഭോജനത്തെപ്പറ്റി ഉപദേശം സ്വീകരിക്കുന്നതിനും, വേണമെങ്കിൽ ഉപവാസത്തിന്റെ മാഹാത്മ്യത്തെപ്പറ്റി ഘോരഘോരം പ്രസംഗിക്കുന്നതിനും മിടുക്കുകാട്ടിയേക്കാം. ഒരു വിഷയാസക്തനും, ക്ഷണികങ്ങളായ സുഖഭോഗങ്ങൾക്കുശേഷം ഇന്ദ്രിയ നിഗ്രഹത്തെപ്പറ്റി ഉപദേശം തേടുകയോ ജഢിക സുഖങ്ങളെ സ്വയം ദ്വേഷിക്കുകയോ ചെയ്തേക്കാം. എന്നാൽ ദ്രവ്യാഗ്രഹിയാകട്ടെ, സ്വന്തം സമ്പാദ്യങ്ങളെപ്പറ്റി നിരന്തരം ധ്യാനിച്ചുകൊണ്ടു്, അവ കൂടുതലായി നേടുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആലോചിച്ചു കഴിഞ്ഞു കൂടുന്നു.''

യഥാർത്ഥമായ സൗഭാഗ്യം—സ്വർഗ്ഗസൗഭാഗ്യം—അമിതമായ സുഖഭോഗങ്ങൾ അനുഭവിക്കുന്നതിൽ നിന്നല്ല ലഭിക്കുക, പ്രത്യുത, ഐഹിക ജീവിതത്തിലെ ക്ലേശങ്ങളെ

www.malankaralibrary.com



ധൈര്യസമേതം അഭിമുഖീകരിക്കുന്നതിലാണു് കുടികൊള്ളുന്നതു് എന്നു് തോമസ് മൂർ മനസ്സിലാക്കിയിരുന്നു. കുടുംബങ്ങളെ ക്രിസ്തീയാദർശങ്ങൾക്കനുസൃതമായി നിയന്ത്രിക്കുക എന്നതു് സർവ്വ തിന്മകൾക്കും പ്രത്യൗഷധമായി അദ്ദേഹം നിർദ്ദേശിക്കുന്നു. കുടുംബജീവിതത്തിലെ പരിശുദ്ധിയാണു് സാമൂഹ്യജീവിതത്തിന്റെ കെട്ടുറപ്പിനു നിദാനമായിട്ടുള്ളതു്.

www.malankaralibrary.com

# തോമസ്മൂറും ലൂതറൻ പാഷണ്ഡതയും

തോമസ്മൂർ ആദ്ധ്യാത്മിക മണ്ഡലത്തെ സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുന്നതിനുള്ള ഒരു പരിശീലനകേന്ദ്രമായി കണ്ടു.

ഇംഗ്ലീഷ് ജനതയ്ക്കു് ദൈവവിശ്വാസം നൽകുകയും അതിനെ ഊട്ടിവളർത്തുകയും ചെയ്ത ആദ്ധ്യാത്മിക ശക്തി കത്തോലിക്കാമതം മാത്രമായിരുന്നു. ഈ ആദ്ധ്യാത്മിക ശക്തിയിലുള്ള ദൃഢവിശ്വാസം പണ്ഡിത പാമര ഭേദമെന്യേ ഏവരേയും ആനന്ദിപ്പിച്ചു. ഫലിത ഭാഷണം നടത്തുവാൻ തോമസ്മൂർ പ്രാപ്തനായിത്തീർന്നതും പ്രസ്തുത വിശ്വാസം മൂലമാണു്.

തോമസ് മൂറിന്റെ യൗവ്വനദശയിൽ ഇംഗ്ലണ്ടിന്റെ ആദ്ധ്യാത്മികാന്തരീക്ഷത്തിൽ ചില വ്യതിയാനങ്ങൾ കണ്ടുതുടങ്ങിയിരുന്നു. ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാ

www.malankaralibrary.com



സം ക്രമേണ ക്ഷയിക്കുവാൻ തുടങ്ങി. ദൈവസ്ഥാപിതമായ സഭയുടെ അപരിത്യാജ്യതയിൽ ജനങ്ങൾക്കു സംശയമുണ്ടാവുകയും ചെയ്തു. മേൽ പ്രസ്താവിച്ച വിശ്വാസസംബന്ധമായ അനാസ്ഥ യൂറോപ്പിൽ വദ്ധമാനമാവുകയും ആദ്ധ്യാത്മികാന്തരീക്ഷത്തിൽ ശോകജനകമായ മാററമുണ്ടാവുകയും ചെയ്തു. ജമ്മനിയിൽ ഉടലെടുത്ത പ്രസ്തുത വിപ്ലവത്തിൻെറ ജനയിതാവു്, ആയിരത്തി നാനൂററി എൺപത്തിമൂന്നിൽ ജനിച്ച മാർട്ടിൻ ലൂതർ എന്ന സന്യാസിവര്യനായിരുന്നു.

ആയിരത്തി അഞ്ഞൂററി അഞ്ചിൽ[1505]എർഫർട്ടു് (Erfurt)സർവ്വകലാശാലയിൽനിന്നും എം. ഏ. ബിരുദം നേടിയ മാർട്ടിൻ ലൂതർ അസാമാന്യ ബുദ്ധിവൈഭവമുള്ള വ്യക്തിയായിരുന്നു. പിന്നീടു്, എർഫർട്ടിലെ അഗസ്റ്റീനിയൻ ആശ്രമത്തിൽ ചേരുകയും ആയിരത്തി അഞ്ഞൂററി ഏഴിൽ പൗരോഹിത്യ പദവി നേടുകയും ചെയ്തു. തുടന്നു് വേദസംബന്ധമായ വിഷയങ്ങളെപ്പററി പ്രത്യേകം പഠിച്ചു. ആയിരത്തി അഞ്ഞൂററി എട്ടിൽ [1508] വിററൺ ബർഗ്ഗിൽ സ്ഥാപിക്കപ്പെട്ട സർവ്വകലാശാലയിലെ പ്രൊഫസറായി. മാർട്ടിൻലൂതർ, തുടന്നു്, അത്ഥരഹിതമായ സംശയങ്ങൾക്കു് വിധേയനായിത്തീന്നു; മരണാനന്തര ജീവിതത്തെപ്പററി ചിന്തിച്ചു് ഭയാകുലനായിത്തീരുകയും ചെയ്തു. ദൈവാനുഗ്രഹവും പ്രസാദവരവും കൂടാതെ സ്വപ്രവൃത്തികൊണ്ടു് മാത്രം സ്വർഗ്ഗം പ്രാപിക്കാമെന്നു് കരുതുകയും ചെയ്തു. നീതിമാനായിത്തീരുന്നതിനു് വിശ്വാസം മാത്രമേ ആവശ്യമായുള്ളു ലൂതർ വാദിച്ചു. യുക്തിയേയും വിശ്വാസത്തേയും ധ്വംസിച്ചുകൊണ്ടു് തത്വചിന്തനം നടത്തി. മനുഷ്യനിലെ മനുഷ്യസ്വഭാവം ഇല്ലാതായിരിക്കുന്നു. അവ

www.malankaralibrary.com


ൻെറ സൽപ്രവൃത്തികൾപോലും പാപമാണെന്നും, അവന്റെ പ്രവൃത്തി സ്വാതന്ത്ര്യമില്ലെന്നും ലൂതർ വാദിച്ചു. പ്രസാദവരത്തിൻെറ സഹായത്തോടെ മനുഷ്യന്റെ നന്മ ചെയ്യുവാൻ സാധിക്കുമെന്ന കത്തോലിക്കാ വിശ്വാസ ത്തിൻെറ സാധുതയെ ലൂതർ ചോദ്യം ചെയ്തു. ലൂത റിൻെറ ഈ നവീനതത്വങ്ങൾ വിററൺ ബർഗ്ഗ് സർവ്വ കലാശാലയിലാകെ വ്യാപിച്ചു തുടങ്ങി.

റോമിലെ വിശുദ്ധ പത്രോസിൻെറ ദേവാലയ ത്തിൻെറ പണി പൂർത്തിയാകുന്നതിന് ധനസഹായം ചെ യ്യുവാൻ ലിയോ പത്താമൻ മാപ്പാപ്പാ വിശ്വാസികളെ ആഹ്വാനം ചെയ്തു. പണത്തിൻെറ തോതനുസരിച്ച് ദണ്ഡവിമോചനവും അനുവദിച്ചു. ആയിരത്തി അഞ്ഞൂററി പതിനേഴിൽ [1517] ജർമ്മനിയിലും ഈ വിളംബരം പ്രസിദ്ധപ്പെടുത്തി. ജർമ്മനിയിലെ ചില സ്ഥലങ്ങളിൽ ഈ ദണ്ഡവിമോചന പ്രഖ്യാപനം അനാശാസ്യമായ രീതിയിലാണ് നടത്തിയത്.

മാർട്ടിൻ ലൂതർ തൻെറ നവീന സിദ്ധാന്തങ്ങളുടെ അവതരണത്തിന്റെ തക്കം പാർത്തിരിക്കുകയുമായിരുന്നു. വിററൺബർഗ്ഗിലെ ഭദ്രാസന ദേവാലയത്തിൻെറ പ്രധാന കവാടത്തിങ്കൽ തൊണ്ണൂററി അഞ്ചു താത്വിക സമ ർത്ഥനങ്ങൾ (Theses) എഴുതി അദ്ദേഹം സ്ഥാപിച്ചു. ദണ്ഡവിമോചന സിദ്ധാന്തത്തെയും സൽപ്രവൃത്തി കളുടെ യോഗ്യതയേയും, മാപ്പാപ്പായുടെ പരമാധികാര ത്തേയും മാർട്ടിൻ ലൂതർ ചോദ്യം ചെയ്തു.

ലൂതർ, വിപ്ലവം ആരംഭിച്ചപ്പോൾ കത്തോലിക്കാ സഭയെ നശിപ്പിക്കണമെന്നോ മാപ്പാപ്പായെ അധിക്ഷേ പിക്കണമെന്നോ ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ സഭ

www.malankaralibrary.com



യുടെ വസ്തുക്കളും, ദേവാലയങ്ങളും സ്വാധീനമാക്കുവാനും ജർമ്മനിയുടെമേൽ മാർപ്പാപ്പായ്ക്കുള്ള ആദ്ധ്യാത്മികാധികാരം ഇല്ലാതാക്കുന്നതിനും, മാർപ്പാപ്പായുടെയും, കർദ്ദിനാളന്മാരുടെയും രക്തത്തിൽ കൈ കഴുകുന്നതിനും ചാറൽസ് ചക്രവർത്തിയെ ക്ഷണിച്ചുകൊണ്ട് ലൂതർ നിരവധി ലഘുലേഖകൾ രചിച്ചു. ലൂതറിന് അനുദിനം അനുയായികൾ വർദ്ധിച്ചു വന്നു.

ലൂതറിൻെറ അനുയായികൾ ഗൗരവതരമായ വിപ്ലവം ആരംഭിച്ചതു് എർഫർട്ട് എന്നസ്ഥലത്തുവച്ചായിരുന്നു. അറുപതിലധികം വൈദികഭവനങ്ങൾ ചുട്ടെരിച്ചു. അനവധി ഗ്രന്ഥശാലകൾ നശിപ്പിച്ചു. പ്രശ്നങ്ങൾ ഇത്രത്തോളമെത്തിയപ്പോൾ സഭാ സ്നേഹികളായ കത്തോലിക്കർ ശത്രുക്കൾക്കെതിരെ അണിനിരക്കുകയും അവരെ പരാജയപ്പെടുത്തുകയും ചെയ്തു.

എന്നാൽ ദാരിദ്ര്യത്താൽ അസംതൃപ്തരായ കർഷകരും നിരാശരായ ഇടപ്രഭുക്കളും വീണ്ടും ഒത്തൊരുമിച്ച് ഒരു കർഷകവിപ്ലവം തന്നെ നടത്തി ചരിത്രത്തിൽ സ്ഥാനം പിടിച്ചു.

ലൂതറുടെ പാഷണ്ഡതയ്ക്കെതിരായി പല പണ്ഡിതന്മാരും, ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും, ആയിരത്തി അഞ്ഞൂററി ഇരുപതു് ജൂലൈ മാസത്തിൽ മാർപ്പാപ്പാ ലൂതറിൻെറ സിദ്ധാന്തങ്ങൾ അവാസ്തവങ്ങളാണെന്നും, പാഷണ്ഡകങ്ങളാണെന്നും പ്രഖ്യാപിച്ചു. തൻെറ തെററായ ഉപദേശങ്ങളെ പിൻവലിക്കുന്നതിന് ലൂതറിന് അറുപതു ദിവസത്തെ കാലാവധിയും അനുവദിച്ചു. എന്നാൽ ലൂതർ അതിന് മുതിരായ്കയാൽ സഭയിൽ നിന്നും അദ്ദേഹത്തെ പുറന്തള്ളുകയും ചെയ്തു.

www.malankaralibrary.com



കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ചിരുന്ന ഇംഗ്ലണ്ടും ലൂതറിനെ സഭാദ്രോഹിയായി കണക്കാക്കി. ആയിരത്തി അഞ്ഞൂററി ഇരുപത്തി ഒന്നു് മേയിൽ ലണ്ടനിലെ വിശുദ്ധ പൗലോസിൻെറ ദേവാലയ വാതിൽക്കൽ വച്ചു് ലൂതറിൻെറ പുസ്തകങ്ങളെല്ലാം പരസ്യമായി അഗ്നിക്കിരയാക്കി. സഭയുടെയും രാഷ്ട്രത്തിൻെറയും പ്രതിനിധിയായി തദവസരത്തിൽ കാർഡിനൽ വൂംസി സന്നിഹിതനായിരുന്നു.

ലൂതറൻതത്ത്വങ്ങളെ എതിർത്തുകൊണ്ടും, വിശുദ്ധകൂദാശകളെ ആദരിച്ചുകൊണ്ടും ഇംഗ്ലണ്ടിലെ രാജാവായ ഹെൻറി ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. പ്രസ്തുതഗ്രന്ഥം ലൂതറിനെ കോപാക്രാന്തനാക്കി. തുടന്നു് ഹെൻറിയെ ലൂതർ കണക്കററു് അധിക്ഷേപിച്ചു. ഈ ആക്ഷേപങ്ങൾക്കു് മറുപടി പറയുവാൻ രാജാവു് തോമസ് മൂറിനെ ക്ഷണിച്ചു. മാർപ്പാപ്പായുടെ പരമാധികാരം ദൈവശാസ്ത്രപരമായി മാത്രമല്ല, താത്ത്വികമായിപ്പോലും ആവശ്യമാണെന്നു് തോമസ് മൂർ വ്യക്തമാക്കി. ലൂതറിനെ, മനുഷ്യസമുദായത്തിൻെറ ഹീനതത്വങ്ങളുടെയും, നീചതത്വങ്ങളുടെയും പ്രതിനിധിയായി തോമസ് മൂർ കണക്കാക്കി. ക്രിസ്തീയ യൂറോപ്പിൻെറ രക്ഷ മാർപ്പാപ്പായിലും ആത്യന്തികമായി ദൈവത്തിലും ആശ്രയിച്ചിരിക്കുന്നുവെന്നു് തോമസ് മൂർ വ്യക്തമാക്കി.

## തോമസ് മൂറിൻെറ മററു പ്രതിയോഗികൾ:-

ആയിരത്തി അഞ്ഞൂററി ഇരുപത്തി മൂന്നു മുതൽ തോമസ് മൂർ ഒരു വേദശാസ്ത്ര പണ്ഡിതനെപ്പോലെ മതഗ്രന്ഥങ്ങൾ രചിച്ചു തുടങ്ങി. പ്രസ്തുത ഗ്രന്ഥങ്ങൾ അദ്ദേഹത്തിൻെറ യഥാർത്ഥ വിശ്വാസത്തെ വെളിപ്പെടുത്തുന്ന

www.malankaralibrary.com



വയായിരുന്നു. അദ്ദേഹത്തിന്റെ മത പ്രബോധനഗ്രന്ഥങ്ങൾ പാഷണ്ഡ മതതത്വങ്ങളെ ശക്തിയുക്തം എതിർക്കുന്നവയായിരുന്നു. ററിൻഡൽ, ജോൺ ഫ്റിത്ത് തുടങ്ങിയ വൈദികരും, സൈമൺ ഫിഷ്, ക്രിസ്റ്റഫർ തുടങ്ങിയ അഭിഭാഷകരുമായിരുന്നു തോമസ് മൂറിന്റെ മുഖ്യ പ്രതിയോഗികൾ. പാഷണ്ഡകരോട് പാർലമെൻറ് സ്വീകരിച്ച നയം, സഭയുടെ സമ്പൽ സമൃദ്ധി, ദൈവശാസ്ത്രപരമായ സിദ്ധാന്തങ്ങൾ മുതലായവയെപ്പററിയായിരുന്നു മൂർ മേൽപ്പറഞ്ഞവരുമായി വാദം നടത്തിയിരുന്നതു്.

കത്തോലിക്കാ സഭയ്ക്കുവേണ്ടി തോമസ് മൂർ നടത്തിയ സകല വാദ പ്രതിവാദങ്ങളിലും സ്വകീയമായ വാക്ചാതുരിയും സ്വഭാവ വൈശിഷ്ട്യവും പ്രത്യക്ഷപ്പെട്ടിരുന്നു. പുതിയ മതബോധന സിദ്ധാന്തങ്ങളെ ഖണ്ഡിച്ചുകൊണ്ടു് തോമസ്മൂർ രചിച്ച കൃതികളിൽ പ്രഥമമായതു്, സംഭാഷണരീതിയിലുള്ളതായിരുന്നു. ററിൻഡലിന്റെ വേദപുസ്തകതർജ്ജമ ഉദ്ദേശശുദ്ധിയോടു കൂടിയല്ലെന്നും, പൗരോഹിത്യത്തെ ബഹിഷ്ക്കരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ബൈബിൾ പ്രസ്താവങ്ങളെ സ്വന്തം മനോധർമ്മം അനുസരിച്ചു വളച്ചൊടിക്കുക മാത്രമാണു് ചെയ്തിരിക്കുന്നതെന്നും മൂർ പ്രസ്താവിച്ചു.

തോമസ് മൂർ വൈദികരെ ബഹുമാനിക്കുകയും അവരുടെ സന്മാതൃകയേയും പുണ്യ ജീവിതത്തെയും പ്രശംസിക്കുകയും ചെയ്തു. കത്തോലിക്കാസഭയുടെ ആദ്ധ്യാത്മിക സിദ്ധാന്തങ്ങൾ അർത്ഥപൂർണ്ണങ്ങളാണെന്നും, ധനലാഭത്തിനോ ഉദരപൂരണത്തിനോ, വേണ്ടി അല്ല, സഭാധികാരികൾ വിശ്വാസികളെ ഉപദേശിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു. തങ്ങളുടെ പ്രസംഗങ്ങൾ

www.malankaralibrary.com



ക്കനെയോജ്യമായി ജീവിതം നയിക്കുവാൻ അവർ പ്രാപ്തരായിരിക്കണം. അവൈദികന്മാരെപ്പോലെ വൈദികരും ബലഹീനരായതുകൊണ്ടു് അവരിൽ ചിലർ ദുർവൃത്തരായിത്തീരുന്നു. ഇതിന്റെ പേരിൽ വൈദിക പദത്തെയും വൈദിക ലോകത്തെയും ഒന്നടങ്കം അധിക്ഷേപിക്കുന്നതു് അർത്ഥരഹിതവും, അടിസ്ഥാനരഹിതവുമാണെന്നു് തോമസ് മൂർ സമർത്ഥിക്കുന്നു. പൊതുജനമദ്ധ്യത്തിൽ അഭിമാനിയായിത്തീരുന്നതിനുവേണ്ടി വൈദികർ യത്നിക്കുന്നതിൽ അദ്ദേഹം അതൃപ്തി പ്രകടിപ്പിച്ചു. ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരെന്ന നിലയിൽ വൈദികർക്കു ലഭിച്ചിട്ടുള്ള ദൈവദത്തമായ അധികാരം നിമിത്തം മാത്രമാണു് ജനങ്ങൾ അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതു്. ഭൗതികതയേക്കാൾ, ആദ്ധ്യാത്മികത വിലമതിക്കപ്പെടുന്ന കാലത്തോളം ക്രിസ്തുവും ക്രിസ്തുവിന്റെ ആദർശങ്ങളും നിലനില്ക്കും. ഇവയെല്ലാം തോമസ് മൂർ മനസ്സിലാക്കുകയും, പ്രസ്താവിക്കുകയും ചെയ്ത സംഗതികളാണു്.

പൗരോഹിത്യ വൃത്തിക്കു് ലോകാവസാനം വരെ നിലനില്പുണ്ടായിരിക്കുമെന്നും, വൈദികലോകം കളങ്കരഹിതമായിരിക്കണമെന്നും തോമസ് മൂർ പറഞ്ഞു. മതവിശ്വാസം പോലെ തന്നെ അനിവാര്യമാണു് പൗരോഹിത്യം. സ്വാർത്ഥതയും, പൊതുജനപ്രശംസയും, അമിതാഡംബരവും മാത്രം ലാക്കാക്കി ജീവിക്കുന്ന വൈദികരെ ഓർത്തു് അദ്ദേഹം ദുഃഖിച്ചു. അതിനാൽ വൈദികരുടെ നവീകരണം അദ്ദേഹം ആഗ്രഹിച്ചു.

ലൂതറിന്റെയും, തോമസ് മൂറിന്റെയും ആദർശങ്ങൾ തമ്മിൽ അജഗജാന്തരമുണ്ടായിരുന്നു. ലൂതർ

www.malankaralibrary.com



അക്ഷമനും, ചഞ്ചലമനസ്സനും ക്രമരഹിതനുമായിരുന്നെങ്കിൽ, മൂർ ശാന്തനും, ക്രമാനുസാരിയുമായിരുന്നു. തോമസ് മൂർ സ്വന്തം ന്യൂനതകളെ കണ്ടുപിടിക്കുന്നതിനു ശ്രമിച്ചപ്പോഠം മൂർ ഭരണീയരെയും ഭരണാധികാരികളെയും നിരൂപണം ചെയ്യുന്നതിൽ ഉത്സുകനായിരുന്നു. വ്യക്തികളുടെയും സമൂഹത്തിന്റെയും ആദ്ധ്യാത്മിക രക്ഷയ്ക്കു ഹാനിവരുത്തുവാൻ പര്യാപ്തമാണ് ലൂതറൻ പ്രസ്ഥാനമെന്ന് മൂർ ഗ്രഹിച്ചിരുന്നു. തോമസ് മൂറിന്റെ 'സംഭാഷണങ്ങഠം' എന്ന ഗ്രന്ഥം, മതത്യാഗിയും ലൂതറിന്റെ അനുയായിയുമായിരുന്ന റിൻഡലിനെ രോഷാകുലനാക്കുകയും അയാഠം അതിനെ ഒരു പൊട്ടക്കവിത എന്നു പഴിക്കുകയും, ദൈവശിക്ഷയ്ക്കും, മരണശിക്ഷയ്ക്കും മൂർ അർഹനാണെന്നു വിധിക്കുകയും ചെയ്തു. മൂറിന്റെ സംഭാഷണങ്ങഠംക്കു മറുപടിയായി റിൻഡൽ 'സംഭാഷണങ്ങഠംക്കു സമാധാനം' എന്ന ഗ്രന്ഥവും, റിൻഡലിന്റെ ഈ ഗ്രന്ഥത്തെ ശക്തിയുക്തം എതിർത്തുകൊണ്ട് 'പ്രത്യാഖ്യാനം' 'ആത്മസാധൂകരണം' എന്നു മററു രണ്ടു ഗ്രന്ഥങ്ങളും തോമസ് മൂർ പ്രസിദ്ധീകരിച്ചു. ഇതിനെ അപഹസിച്ചു തൃപ്തിയടയുകയല്ലാതെ മറെറാന്നും ചെയ്യുവാൻ റിൻഡലിനു കഴിഞ്ഞില്ല.

ആദ്ധ്യാത്മികാധികാരത്തെ സംരക്ഷിക്കുന്നതിന് മൂർ കൈക്കൂലി വാങ്ങിയിരുന്നുവെന്ന് റിൻഡൽ ആരോപിച്ചു. എന്നാൽ അയ്യായിരം പവനോളം വരുന്ന ഒരു തുക തനിക്ക് സംഭാവന ചെയ്യുന്നതിനായി വൈദിക മേലധികാരികഠം ശേഖരിച്ചിരുന്നുവെന്നും, എന്നാൽ താൻ അതിനെ നിഷേധിക്കുകയാണ് ചെയ്തതെന്നും 'പ്രത്യാഖ്യാന'ത്തിൽ മൂർ വ്യക്തമാക്കിയിട്ടുണ്ട്.

www.malankaralibrary.com



തോമസ് മൂറിൻെറ മറെറാരു പ്രമുഖ പ്രതിയോഗിയായിരുന്ന സൈമൺ ഫിഷ്. വൈദിക ലോകത്തെയും, പ്രത്യേകിച്ച് കാർഡിനൽ വൂംസിയേയും, അധിക്ഷേപിക്കുന്നതിനായി 'യാചകാത്ഥന' (The supplication of Beggars) എന്ന ഗ്രന്ഥം ഫിഷ് രചിച്ചു. 'ആത്മാക്കളുടെ അത്ഥന' എന്ന ഗ്രന്ഥത്തിൻെറ രചന കൊണ്ടു് തോമസ് മൂർ ഫിഷിൻെറ ഗ്രന്ഥത്തിനു മറുപടി നൽകി.

ഏതാദൃശങ്ങളായ വാദപ്രതിവാദങ്ങാക്കു ശേഷം, മൂർ, 'ക്രിസ്റ്റഫർസെയിൻറ് ജർമ്മൻ' എന്ന അഭിഭാഷകൻെറ അബദ്ധസിദ്ധാന്തങ്ങളെയും എതിർത്തു. ലൂതറിൻെറ അനുയായിയായിരുന്ന ക്രിസ്റ്റഫർ, ആദ്ധ്യാത്മികാധികാരത്തേക്കാറം ലൗകികാധികാരത്തിനു പ്രാധാന്യം നൽകിക്കൊണ്ടു് സമാധാനം സംസ്ഥാപിക്കണമെന്നും, സ്വാഭാവിക വാസനകളെ അനിയന്ത്രിതമായി വിട്ടുകൊണ്ടു് മനുഷ്യർ പരസ്പരൈക്യത്തിൽ വർത്തിക്കണമെന്നും അദ്ദേഹം വാദിച്ചു.

ഈശ്വരനിൽ നിന്നു മാത്രമേ സമാധാനം ലഭിക്കുകയുള്ളൂ എന്നും, ആദ്ധ്യാത്മികാധികാരത്തെ പുച്ഛിച്ചുകൊണ്ടുള്ള പ്രവർത്തനം ശാശ്വതമല്ലായിരിക്കില്ലെന്നും മൂർ പറഞ്ഞു.

ഫ്രിത്ത് എന്ന ഒരു കത്തോലിക്കാ വൈദികനായിരുന്നു മൂറിൻെറ മറെറാരു പ്രതിയോഗി. ലൂതറിൻെറ അനുയായിയായിരുന്ന ഇദ്ദേഹം ഇംഗ്ലണ്ടിൽ നിന്നും ജർമ്മനിയിൽ അഭയം തേടുകയും അവിടെ വച്ച് വിവാഹബന്ധത്തിൽ ഏർപ്പെടുകയും ചെയ്തു. കാർഡിനൽ വൂംസിയുടെ രാഷ്ട്രീയപരാജയാനന്തരം ഇംഗ്ലണ്ടിലെ

www.malankaralibrary.com



ത്തിയ ഫ്രീത്തിനെ, ലൂതറൻ പാഷണ്ഡ മതതത്ത്വങ്ങൾ പ്രചരിപ്പിച്ചുവെന്ന കുററത്തിനു് ചാൻസലർ തോമസ് മൂർ ബന്ധിച്ചു കാരാഗൃഹത്തിലാക്കി. കാരാഗൃഹത്തിലായിരിക്കെ, വിശുദ്ധ കുർബാനയിലുള്ള വിശ്വാസത്തെ എതിർത്തുകൊണ്ടു് ഫ്രീത്ത് ഒരു ഗ്രന്ഥം രചിച്ചു.

വിശുദ്ധ കുർബാനയിൽ ദിവ്യരക്ഷകനായ യേശുക്രിസ്തുവിൻെറ സാന്നിദ്ധ്യത്തിനു് തെളിവുകൾ നിരത്തിക്കൊണ്ടു് തോമസ് മൂർ ലളിതവും, താത്ത്വികവുമായ ഒരു പ്രത്യാഖ്യാന ഗ്രന്ഥം രചിച്ചു.

www.malankaralibrary.com

# ഹെൻറി എട്ടാമനും വിവാഹമോചനശ്രമങ്ങളും

ഒരു കാലത്തു് കത്തോലിക്കാസഭയുടെ ശക്തനായ വക്താവും, സഭയുടെ താങ്ങും തണലുമായിരുന്ന ഹെൻറി എട്ടാമൻ രാജാവു്, മാർപ്പാപ്പായുമായി തെററിപ്പിരിയുകയും, തുടർന്നു കത്തോലിക്കാ മതത്തെ അധഃപതനത്തിലേക്കു നയിക്കുവാൻ ശ്രമിക്കുകയും ചെയ്തു.

ഹെൻറിയുടെ ഭരണത്തിന്റെ പ്രഥമഘട്ടത്തിൽ, മാർപ്പാപ്പായും സഭയുമായി അദ്ദേഹം സൗഹൃദത്തിലായിരുന്നു. വൈദികലോകത്തെ അദ്ദേഹം യഥോചിതം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. കാർഡിനൽ വൂംസിയെ ചാൻസലറായി നിയമിച്ചതും അദ്ദേഹം തന്നെ ആയിരുന്നല്ലോ. ഉൽകൃഷ്ടങ്ങളായ മതഗ്രന്ഥങ്ങൾ രചിക്കുന്നതിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ഭക്തിപരമായ അനേകം ഗീതങ്ങൾ രചിക്കു

www.malankaralibrary.com



കയും, മാർപ്പാപ്പായുടെ പരമാധികാരത്തെ ലൂതർ ചോദ്യം ചെയ്തപ്പോൾ കൂദാശകളെപ്പററി ഒരു ഗ്രന്ഥമെഴുതി അദ്ദേഹം മാർപ്പാപ്പായ്ക്കു സമർപ്പിക്കുകയും ചെയ്തു. മാർപ്പാപ്പായുടെ ആത്മീയാധികാരത്തെയും ഭൗതികാധികാരത്തെയും അതിൽ പ്രകീർത്തിച്ചിരിക്കുന്നു. എന്നാൽ മാർപ്പാപ്പായുടെ അധികാരം തന്റെ സ്വന്തം അഭീഷ്ട നിവൃത്തിക്കു ഹാനികരമായിത്തീരുമെന്നു കണ്ടപ്പോൾ ഹെൻറിയുടെ ഭാവം മാറി.

ഹെൻറിയുടെ വൈവാഹിക ജീവിതത്തിന്റെ ആദ്യത്തെ പത്തുകൊല്ലം അദ്ദേഹം ഒരു മാതൃകാപുരുഷനായിരുന്നു. യൂറോപ്പു മുഴവൻ അദ്ദേഹത്തിൽ ഒരു മാതൃകാരാജാവിനു അവശ്യം ഉണ്ടായിരിക്കേണ്ട എല്ലാ ഗുണങ്ങളും കണ്ടിരുന്നു. നൃത്ത സംഗീതാദി കലകളിൽ നിപുണനും സ്പാനിഷ്, ഇററാലിയൻ, ഫ്രഞ്ച്, ലത്തീൻ മുതലായ വിദേശ ഭാഷകളിൽ പ്രസംഗിക്കുന്നതിനു കഴിവുററ ആളുമായിരുന്നു. കായികാഭ്യാസത്തിലും, കുതിര സവാരിയിലും ഉത്സുകനുമായിരുന്നു. എന്നാൽ ക്രമേണ, അദ്ദേഹത്തിൽ കാമവികാരവും വിഷയാസക്തിയും, നിയന്ത്രണാതീതമാംവിധം പ്രബലമായിത്തീർന്നു.

ഹെൻറിയുടെ ആദ്യ ഭാര്യ സ്പെയിൻ രാജാവായിരുന്ന ഫെർഡിനാൻറി (Ferdinand)ന്റെ പുത്രി കാതറയിനായിരുന്നു. ഹെൻറി ഏഴാമൻ രാജാവു തന്റെ പുത്രനായ ആർതറി [Arther] നുവേണ്ടി അവന്റെ ജനനവേളയിൽ തന്നെ, അപ്പോൾ മൂന്നുവയസ്സു പ്രായമുണ്ടായിരുന്ന, കാതറയിനുമായി വിവാഹനിശ്ചയം ചെയ്യുകയും 1501 — ൽ പ്രസ്തുതവിവാഹം അത്യാഡംബരപൂർവ്വം നടത്തുകയും ചെയ്തു. ആർതറിനു സഭാനിയമ പ്രകാരമുള്ള പ്രായം തികഞ്ഞിട്ടില്ലായിരുന്നതിനാൽ മാർപ്പാപ്പായുടെ പ്രത്യേകാനുമതിയോടെയാണു പ്രസ്തുത വിവാഹം

www.malankaralibrary.com



നടന്നത്. എന്നാൽ അധികനാളം കഴിയുന്നതിനു മുമ്പായി ആർതർ മരണമടയുകയാൽ, ഹെൻറി ഏഴാമൻ, തന്റെ ദ്വിതീയ പുത്രനായ ഹെൻറിയെക്കൊണ്ട് അവനേക്കാൾ ആറുവയസ്സു കൂടുതലുള്ള കാതറയിനെ വിവാഹം കഴിപ്പിക്കുന്നതിനു തീരുമാനിച്ചു.

സഹോദരന്റെ മരണശേഷമാണെങ്കിൽത്തന്നെയും, അയാളുടെ ഭാര്യയെ വിവാഹം കഴിക്കുന്നതു്, തിരുസ്സഭയുടെ നിയമപ്രകാരം അനുവദനീയമല്ലായിരുന്നെങ്കിലും, മാർപ്പാപ്പായുടെ പ്രത്യേകാനുമതി വാങ്ങി ഹെൻറി പ്രശ്നം പരിഹരിച്ചെങ്കിലും, പിന്നീടു്, രാജകുമാരനു പ്രായപൂർത്തിവന്നപ്പോൾ, ഹെൻറി ആ വിവാഹത്തിന്റെ സാംഗത്യത്തെപ്പററി ചിന്തിക്കുകയും തൽക്കാലം വിവാഹം മാററിവയ്ക്കുകയും ചെയ്തു. താമസിയാതെ ഹെൻറി ഏഴാമൻ ഇഹലോകവാസം വെടിയുകയും ചെയ്തു.

പിതാവിന്റെ മരണശേഷം ഹെൻറി എട്ടാമൻ ഇംഗ്ലണ്ടിന്റെ ഭരണാധിപനായിത്തീരുകയും സ്വസഹോദര ഭാര്യയെ വിവാഹം കഴിക്കുകയും ചെയ്തു. ഈ രാജദമ്പതികളുടെ ദാമ്പത്യ ജീവിതം സൗഭാഗ്യകരമായി ആരംഭിച്ചെങ്കിലും, ഹെൻറി എട്ടാമന്റെ അനന്തരാവകാശിയായി ഒരു ആൺസന്താനത്തെ നല്കാൻ കാതറയിനു കഴിയാതെ വന്നതിനാൽ അതിനു കഴിവുള്ള മറെറാരു സ്ത്രീയെ വിവാഹം കഴിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി രാജാവു് ചിന്തിച്ചു തുടങ്ങി. തൻമൂലം, കാതറയിനെ വിവാഹം കഴിക്കാൻ സഹായകമായി ഭവിച്ച മാപ്പാപ്പായുടെ പ്രത്യേകാനുമതിയുടെ സാധുതയെ ഹെൻറി ശങ്കിച്ചു. മാർപ്പാപ്പായുടെ അനുമതിയിൽ എന്തെങ്കിലും അപാകത കണ്ടുപിടിക്കാൻ കഴിഞ്ഞാൽ താൻ അവിവാഹിതനായി പരിഗണിക്കപ്പെട്ടുമെന്നു ഹെൻറി വ്യാമോഹിച്ചു.

www.malankaralibrary.com



ഹെൻറിക്ക് യോഗ്യനായ ഒരു അനന്തരാവകാശിയെ നല്കാൻ കഴിയാതെ വന്ന കാതറയിനോട് അദ്ദേഹത്തിനു വെറുപ്പുതോന്നുകയും ചെയ്തു.

ആയിരത്തി അഞ്ഞൂററി ഇരുപത്തിരണ്ടിൽ ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ യുദ്ധമുണ്ടായപ്പോൾ, ഫ്രഞ്ചുരാജധാനിയിൽ വസിച്ചിരുന്ന ആനിബോളിൻ (Anne Boly-ne) എന്ന ഇംഗ്ലീഷ്കാരി സ്വദേശത്തു തിരിച്ചെത്തുകയും ഹെൻറിയുടെഅരമനയിൽ, രാജ്ഞിയുടെ ഒരു തോഴിയായിത്തീരുകയും ചെയ്തു. മററുള്ളവരെ ആകർഷിക്കാൻ പര്യാപ്തമായ ഒരു വശീകരണശക്തി അവളിൽ കുടികൊണ്ടിരുന്നു. കാമാതുരനായ ഹെൻറി എട്ടാമൻ അവളിൽ അനുരക്തനായിത്തീരുകയും ചെയ്തു. ആനിബോളിനെ സഹിതാനുവർത്തിയാക്കി തൻെറ കൂടെ താമസിപ്പിക്കുന്നതിനു് ഹെൻറി തീരുമാനിച്ചു. തൻെറ ആദ്യവിവാഹം നിയമാനുസൃതമല്ലായിരുന്നെന്നും, താൻ ഇപ്പോൾ അവിവാഹിതനാണെന്നും, കാതറയിനുമായുള്ള തൻെറ വിവാഹം പാപകരമായിരുന്നെന്നും ഹെൻറി പരസ്യമായി പ്രസ്താവിച്ചു. ഹെൻറി വിവാഹമോചനത്തിനായി ആലോചിച്ചു തുടങ്ങിയിരിക്കുന്നുവെന്നു് ലണ്ടനിലെ ജനങ്ങൾ മനസ്സിലാക്കി.

ഇക്കാലഘട്ടത്തിൽ, സ്പെയിനിലെ രാജാവായിരുന്ന ചാറൽസ് ചക്രവർത്തി ഫ്രഞ്ചുരാജാവായിരുന്ന ഫ്രാൻസീസിനെ ബന്ധനസ്ഥനാക്കി. ഫ്രാൻസിലെ രാജസിംഹാസനം കൈക്കലാക്കുവാൻ ഹെൻറി എട്ടാമനെ സഹായിക്കുന്നതിനു് ചാറൽസ് വിസമ്മതിച്ചതുമുതൽ, ചാറൽസിൻെറ പ്രതാപത്തെ കുറയ്ക്കുവാൻ വൂംസി തക്കം പാർത്തിരിക്കുകയുമായിരുന്നു. ചാറൽസിനെതിരായി, ഫ്രാൻസിനെ താൻ സഹായിക്കുമെന്നറി

www.malankaralibrary.com



യിച്ചുകൊണ്ടു് ചാറൽസിനെ ഭയപ്പെടുത്തുവാൻ വൂംസി വീണ്ടും ശ്രമം തുടങ്ങി. അതിനു് അദ്ദേഹം കണ്ടുപിടിച്ച തന്ത്രമാകട്ടെ ഹെൻറിയുടെ വിവാഹമോചന പ്രശ്നവും. ചാറൽസിൻെറ പിതൃ സഹോദരിയായ കാതറയിനെ ഉപേക്ഷിച്ചശേഷം ഹെൻറി ഫ്രഞ്ചു രാജ കുടുംബത്തിൽ നിന്നും, ഒരു രാജകുമാരിയെ പരിഗ്രഹിക്കുവാൻ ഇടയുണ്ടെന്നു് വൂംസി പ്രസ്താവിച്ചു.

ഈ പ്രസ്താവനയുടെ പിന്നിൽ വലിയ ചില ലക്ഷ്യങ്ങൾ വൂംസി കണ്ടിരുന്നു. അന്നത്തെ മാർപ്പാപ്പാ ആയിരുന്ന ക്ലെമൻറ് ഏഴാമൻ അപ്പോൾ രോഗബാധിതനായി കഴിയുകയായിരുന്നു. ക്ലെമൻറിൻെറ മരണാനന്തരം ചാറൽസിൻെറ സഹായം കൂടി ഉണ്ടായാൽ താൻ മാർപ്പാപ്പായായി അവരോധിക്കപ്പെടാൻ സാധ്യതയുണ്ടെന്നു് വൂംസി പ്രതീക്ഷിച്ചിരുന്നു. ചാറൽസിനെ സ്വപക്ഷവർത്തിയാക്കുന്നതിനു് വിവാദവിഷയമായിത്തീന്നിരുന്ന വിവാഹമോചന പ്രശ്നത്തെതന്നെ പ്രയോജനപ്പെടുത്താൻ വൂംസി നിശ്ചയിച്ചു.

രാജാവിനെ അധാർമ്മിക ജീവിതത്തിൽനിന്നും വ്യതിചലിപ്പിക്കുന്നതിനു് അത്യധികം ആഗ്രഹിച്ച ഒരു ധീരാത്മാവായിരുന്നു തോമസ് മൂർ. രാജാവുമായി ബന്ധപ്പെട്ട വിവാഹമോചന പ്രശ്നം സഭയിൽ പല കുഴപ്പങ്ങൾക്കും കാരണമാകുമെന്നു മൂർ മനസ്സിലാക്കിയിരുന്നു. ഒരേ സമയം തന്നെ, ഗുണവാനും, ദുർഗ്ഗുണനുമായിത്തീരുവാനാഗ്രഹിക്കുന്ന ഒരു ചഞ്ചല ചിത്തനായിരുന്നു ഹെൻറി എന്നു് അദ്ദേഹം മനസ്സിലാക്കി. ഈ വിവാഹമോചന പ്രശ്നത്തിനു് എത്രയും വേഗം ന്യായമായ ഒരു തീരുമാനം ഉണ്ടായിക്കാണുന്നതിനു് മൂർ അത്യധികം ആഗ്രഹിച്ചു.

www.malankaralibrary.com



വൈവാഹിക ബന്ധം കൂടാതെ, താൻ, ഹെൻറിക്കു വിധേയയാവുകയില്ലെന്നു് ആനി ബോളിൻ ഉറപ്പിച്ചു പറഞ്ഞു. വിവാഹമോചനം അത്ര എളുപ്പത്തിൽ സാധ്യമാകുന്നതല്ലെന്നു് ഹെൻറിയും മനസ്സിലാക്കിയിരുന്നു.

ആയിരത്തി അഞ്ഞൂറ്റി ഇരുപത്തി ഏഴിൽ വൂംസി കാതറിനെയും ഹെൻറിയേയും വിളിച്ചു വരുത്തി, ശാസിച്ചു. ഇരുപതു വർഷം, വിവാഹിതരാകാതെ വിവാഹബന്ധത്തിൽ ജീവിച്ച തങ്ങളുടെ സഹവാസം പാപകരമായിരുന്നുവെന്നു് രാജ്ഞിയെക്കൊണ്ടു് സമ്മതിപ്പിക്കുക, മാർപ്പാപ്പായുടെ അനുമതിയോടെ വിവാഹമോചനം സാധിക്കുക, ഇവയായിരുന്നു വൂംസിയുടെ ലക്ഷ്യങ്ങൾ.

ഹെൻറി കുററം ഏററുപറഞ്ഞു് ക്ഷമാപണം നടത്തിയെങ്കിലും കാതറയിൻ അതിനു തയ്യാറായില്ല. ഈ കാലയളവിൽത്തന്നെ, റോമാ നഗരം ആക്രമിച്ചു് ചാറൽസ് മാർപ്പാപ്പായെ ബന്ധനസ്ഥനാക്കിയിരുന്നു. മാർപ്പാപ്പായെ ബന്ധനസ്ഥനാക്കിയെങ്കിൽ മാത്രമേ വിവാഹമോചന പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ എന്നു് വൂംസി മനസ്സിലാക്കി. ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ കരാറുണ്ടാക്കിയതിനു ശേഷം, ചാറൽസിൻെറ ശക്തിയെ ദുർബ്ബലപ്പെടുത്തി, മാർപ്പാപ്പായ്ക്കു് സ്വാതന്ത്ര്യം നൽകുവാൻ കഴിയുമെന്നു് വൂംസി പ്രത്യാശിച്ചു.

വിവാഹമോചനത്തിനുവേണ്ടിയുള്ള തൻെറ പരിശ്രമങ്ങൾ പരാജയപ്പെട്ടാലും, ആനിബോളിനെ ഏതു വിധത്തിലെങ്കിലും ഹെൻറി വിവാഹം കഴിക്കുമെന്ന കാര്യത്തിൽ വൂംസിക്കു് സംശയമില്ലായിരുന്നു.

www.malankaralibrary.com



ആനിബോളിൻെറ പക്ഷക്കാരായ പ്രഭുക്കന്മാർ, അവളെ രാജ്ഞിയായി അവരോധിക്കുന്നതിനും, അവരം മുഖേന കാർഡിനൽ വൂരംസിയെ കൊട്ടാരത്തിൽനിന്നും പുറന്തള്ളുന്നതിനും, അങ്ങനെ ഹെൻറിയെ തങ്ങളുടെ ഹിതാനുവർത്തിയാക്കിത്തീക്കുന്നതിനും ആഗ്രഹിച്ചും, തങ്ങളുടെ ഒരു പ്രതിനിധിയെ രാജാവിൻെറ സമ്മതത്തോടെ, വിവാഹമോചനം സാധിക്കുന്നതിനു് മാർപ്പാപ്പായുടെ പക്കലേക്കു് അയയ്ക്കുകയും ചെയ്തു.

യുദ്ധം നിമിത്തം റോമിൽനിന്നും പലായനം ചെയ്തു ഒർവിയേറേറായിൽ അഭയം പ്രാപിച്ചിരുന്ന പാപ്പായെ അവിടെവച്ചു് രാജപ്രതിനിധി കണ്ടുമുട്ടുകയും, ''ഹെൻറി വിവാഹിതനല്ലെങ്കിൽ വിവാഹം ചെയ്യുന്നതിനുള്ള അനുമതി സന്തോഷത്തോടുകൂടി കൊടുക്കുന്നു''വെന്നു് മാപ്പാപ്പാ കല്പന കൊടുക്കുകയും ചെയ്തു.

ആനിബോളിനുമായുള്ള വിവാഹത്തിനു് വൂരംസി എതിരാണെന്നു് രാജാവിനു് അറിയാമായിരുന്നു. ഹെൻറിയുടെ മനസ്സുമാററുന്നതിനു് വൂരംസി പല തവണ ശ്രമിക്കുകയും ചെയ്തിരുന്നു. രാജാവും ആനിബോളിനും തമ്മിലുള്ള ബന്ധം വിച്ഛേദിക്കുക ക്ഷിപ്ര സാധ്യമല്ലെന്നു് മനസ്സിലാക്കിയ വൂരംസി രാജാവിൻെറ പൂവ്വവിവാഹം അസാധുവാണെന്നു സ്ഥാപിക്കാൻ ശ്രമിച്ചു.

തൻെറ ലക്ഷ്യപ്രാപ്തിക്കായി വൂരംസി മാർപ്പാപ്പായോടു് അനുനയപൂവ്വം പെരുമാറാൻ തീരുമാനിച്ചു. അദ്ദേഹം വഴങ്ങാതെ വന്നാൽ ഭീഷണിപ്പെടുത്തി കാര്യം സാധിക്കണമെന്നും തീരുമാനിച്ചുറച്ചു. ചാരൽസിൻെറ പിടിയിൽ നിന്നും മാർപ്പാപ്പായെ സംരക്ഷിക്കുന്നതിനു് ഇംഗ്ലണ്ടു് അതീവ താൽപര്യം പ്രകടിപ്പിക്കുന്നുണ്ടെന്നും,

www.malankaralibrary.com



ഹെൻറിയുടെ താൽപര്യത്തെ സാധിച്ചു കൊടുക്കാത്തപക്ഷം, ജർമ്മനിയിലുണ്ടായതു പോലുള്ള മതവിപ്ലവം ഇംഗ്ലണ്ടിലുമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നു് വൂംസി മാർപ്പാപ്പായെ ധരിപ്പിച്ചു.

കാതറയിനും, ഹെൻറിയും തമ്മിലുള്ള വിവാഹത്തിന്റെ സാധുതയെപ്പററി തീരുമാനിക്കാൻ വൂംസിയേയും കാർഡിനൽ കംപേജിയോയെയും മാർപ്പാപ്പാ നിയോഗിച്ചു. ആർതറും കാതറയിനും തങ്ങളുടെ വൈവാഹിക ധർമ്മം പൂർണ്ണമായും അനുഷ്ഠിച്ചിരുന്നെങ്കിൽത്തന്നെയും, ആർതറിന്റെ മരണശേഷം ഹെൻറിയും കാതറയിനും തമ്മിൽ വിവാഹം നടത്തുന്നതിനുള്ള അനുമതി മാർപ്പാപ്പായിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നു തെളിയിക്കുന്ന ഒരു സാക്ഷ്യം, ചാറൽസ് അഞ്ചാമൻ ആയിടെ കണ്ടെടുത്തിരുന്നുവെന്നറിഞ്ഞു് കാർഡിനൽ വൂംസി പരിഭ്രാന്തനായിത്തീർന്നു. ഈ അവസരത്തിൽ കംപേജിയോ പക്ഷപാതപരമായി രാജാവിനെ അനുകൂലിച്ചും, കാതറയിനു വിരോധമായും പ്രവർത്തിക്കുന്നുവെന്നു് ജനങ്ങൾ ആരോപിച്ചു. തുടർന്നു് മാർപ്പാപ്പാ പ്രതിനിധിയെ തിരികെ വിളിക്കുകയും, പ്രശ്നം സ്വയം ഏറെറടുക്കുകയും ചെയ്തു.

വിവാഹമോചന പ്രശ്നം ഏതു വിധേനയും സാധിച്ചുകൊള്ളാമെന്നു് കാർഡിനൽ വൂംസി രാജാവിനു് വാക്കു കൊടുത്തിരുന്നു. എന്നാൽ അതു സാധിക്കാതെ വന്നപ്പോൾ, മാർപ്പാപ്പായുടെ ഒരു പ്രതിനിധിക്കുള്ള അധികാരാവകാശങ്ങളെ അതിലംഘിച്ചുവെന്ന കുററം ചുമത്തി ഒരു അവൈദിക കോടതിക്കു മുമ്പാകെ ഹാജരാകുന്നതിനു് കാർഡിനൽ വൂംസി നിർബന്ധിക്കപ്പെടുകയും ചെയ്തു.

O

www.malankaralibrary.com



ആയിരത്തി അഞ്ഞൂററി ഇരുപത്തി ഒൻപതു് ഒക്ടോബർ പത്താം തീയതി വൂംസിയെ ചാൻസലർ പദത്തിൽ നിന്നും രാജാവു് നീക്കം ചെയ്യുകയും അദ്ദേഹത്തിൻെറ സ്വത്തുക്കളെ കണ്ടുകെട്ടുകയും ചെയ്തു. ഒരു വർഷത്തിനു ശേഷം ഹെൻറി വൂംസിയിൽ രാജദ്രോഹക്കുററം ചുമത്തുകയും തൻെറ മുന്നിൽ ഹാജരാകുന്നതിനു് കല്പന കൊടുക്കുകയും ചെയ്തു.

വാർദ്ധക്യം മൂലം അവശനായിത്തീർന്നിരുന്ന വൂംസിക്കു് രാജമന്ദിരത്തിലേക്കുള്ള യാത്ര ക്ലേശകരമായിരുന്നു. പ്രസ്തുത യാത്രയിൽത്തന്നെ, ലെയിസെസ്റ്ററിൽ വച്ചു് അദ്ദേഹം മരണം പ്രാപിച്ചു. [1530. നവം:29]. അന്ത്യസമയത്തു് അദ്ദേഹം ഉച്ചരിച്ച വാക്കുകൾ ശ്രദ്ധേയങ്ങളാണു്. ''എൻെറ രാജാവിനെ സേവിക്കുന്നതിൽ പ്രദർശിപ്പിച്ചിടത്തോളമെങ്കിലും വിശ്വസ്തത എൻെറ ദൈവത്തെ സേവിക്കുന്നതിൽ ഞാൻ പ്രദർശിപ്പിച്ചിരുന്നെങ്കിൽ അവിടുന്നു് എന്നെ ഇതു പോലെ വാർദ്ധക്യകാലത്തു പരിത്യജിക്കുകയില്ലായിരുന്നു. എന്നാൽ ദൈവശുശ്രൂഷയെ അവഗണിച്ചു് രാജസേവയിൽ ഔത്സുക്യം പ്രദർശിപ്പിച്ചതിനുള്ള ന്യായമായ പ്രതിഫലം ഇതു തന്നെ''.

ആനിബോളിനുമായുള്ള വിവാഹോദ്യമം സാധുവും സ്വീകാര്യവുമാക്കിത്തീർക്കുന്നതിനും, അതു്, അവഹേളനാർഹമായി പരിഗണിക്കപ്പെടാതിരിക്കുന്നതിനുമായി, ഇംഗ്ലണ്ടിൽ, മതിപ്പും, പൊതുജന സമ്മതിയുമുള്ള ഒരാളെ ചാൻസലറായി നിയമിക്കുന്നതിനു് ഹെൻറി തീരുമാനിക്കുകയും, തൽസ്ഥാനത്തിനു് സർവ്വഥാ യോഗ്യനായിരുന്ന തോമസ് മൂറിനെത്തന്നെ ചാൻസലറായി നിയമിക്കുകയും ചെയ്തു.

www.malankaralibrary.com



തോമസ് മൂർ ചാൻസലറായി നിയമിതനായ അവസരത്തിൽ, എല്ലാവരും അതിൽ സന്തുഷ്ടരാവുകയും, സത്യസന്ധനും, പണ്ഡിതനും, രാജ്ഞിയായ കാതറയിന്റെ ഉത്തമ ഭൃത്യനുമാണ് അദ്ദേഹം എന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

ആയിരത്തി അഞ്ഞൂററി ഇരുപത്തിഒൻപത് ഒക്ടോബർ ഇരുപത്താറാം തീയതി നിരവധി പ്രഭുക്കന്മാരുടെയും, മററു വിശിഷ്ട വ്യക്തികളുടെയും സാന്നിധ്യത്തിൽ തോമസ് മൂർ സത്യപ്രതിജ്ഞ ചെയ്ത് ചാൻസലർ പദം ഏറെറടുത്തു. അപ്പോൾ അദ്ദേഹത്തിന് അൻപത്തിയാറു വയസ്സുതികഞ്ഞിരുന്നു. തദനന്തരം മൂറിനെ അത്യധികം പ്രശംസിച്ചുകൊണ്ട് നോർഫക്ക് പ്രഭു നടത്തിയ പ്രസംഗത്തിനു മറുപടിയായി തോമസ് മൂർ ''ബുദ്ധിമാനും അഭിവന്ദ്യനുമായ ഒരു വൈദിക ശ്രേഷ്ഠന് അടുത്തു തന്നെ സംഭവിച്ചു കഴിഞ്ഞ അധഃപതനത്തെ അനുസ്മരിക്കുമ്പോൾ, ഈ പുതിയ സ്ഥാനം ലഭിച്ചതിൽ സന്തോഷിക്കുന്നതിന് എനിക്കു കാരണമില്ല....'' എന്നാണ് പ്രസ്താവിച്ചത്. ○

www.malankaralibrary.com

# ചാൻസലറായ തോമസ് മൂർ

ചാൻസലർ സ്ഥാനം നൽകി തോമസ് മൂറിനെ, വിവാഹമോചന പ്രശ്നത്തിൽ തന്റെ പക്ഷാനുവർത്തിയാക്കാമെന്നായിരുന്നു ഹെൻറി എട്ടാമൻ രാജാവ് കരുതിയിരുന്നത്. എന്നാൽ ഹെൻറിയുടെ ഈ പ്രതീക്ഷ അസ്ഥാനത്തായിരുന്നു. ചാൻസലർ എന്ന നിലയിൽ മൂർ, തന്റെ മുൻഗാമികൾ ചെയ്തു തീർക്കാതിരുന്ന പല ജോലികളും ചെയ്തു തീർക്കുകയും, പ്രസ്തുത രണ്ടരവർഷക്കാലം രാജ്യത്തിന്റെയും ജനങ്ങളുടെയും ക്ഷേമത്തിനായി യത്നിക്കുകയും ചെയ്തു.

വൂംസിയുടെ സ്ഥാനത്ത് നാലു ചാൻസലർമാരാണ് നിയമിതരായത്. അവരിൽ തോമസ് മൂറിനു, നീതിന്യായവകുപ്പിന്റെ പൂർണ്ണചുമതലയായിരുന്നു. അദ്ദേഹം ആ സ്ഥാനത്തിനു പൂർണ്ണമായും യോഗ്യനുമായിരുന്നു. അദ്ദേഹം തന്റെ മഹനീയവും ഉന്നതവുമായ ഔദ്യോഗിക ജീവിതത്തിൽ ഒരിക്കലും കൈക്കൂലിവാങ്ങി

www.malankaralibrary.com



യിരുന്നില്ല. ഈ കാരണങ്ങളാൽ കാതറയിൻ രാജ്ഞി അദ്ദേഹത്തെ അത്യധികം ബഹുമാനിക്കുകയും, രാജ്യത്തെ ഏററം വിശ്വസ്തനായ ഉദ്യോഗസ്ഥൻ എന്നു് അഭിപ്രായപ്പെടുകയും ചെയ്തു.

ഉന്നതമായ ചാൻസലർ പദവി ലഭിച്ചതിനുശേഷവും തോമസ് മൂറിൻെറ പിതൃഭക്തി വദ്ധമാനമായിക്കൊണ്ടിരുന്നു. അക്കാലത്തു് തൻെറ പിതാവായ ജോൺമൂർ ന്യായാധിപനായി ജോലി ചെയ്തിരുന്ന വെസ്റ്റ്മിനിസ്റ്റർ ഹാളിലെ ''കിങ്സ് ബഞ്ചിൽ'' തോമസ് മൂർ പതിവായി ചെന്നു് അദ്ദേഹത്തിൻെറ മുന്നിൽ മുട്ടുകുത്തി അനുഗ്രഹം വാങ്ങിയിരുന്നു.

തോമസ്മൂറിൻെറ ദീനാനുകമ്പ അവണ്ണനീയം തന്നെയായിരുന്നു. സമയം കിട്ടുമ്പോഴെല്ലാം അദ്ദേഹം ദരിദ്രരെ കണ്ടു് അവരുടെ ആവശ്യങ്ങൾ അന്വേഷിച്ചറിഞ്ഞു് അവയെ പരിഹരിക്കുന്നതിനു് ശ്രമിക്കുകയും ചെയ്തിരുന്നു. കൊലക്കുററക്കെന്നപോലെ മോഷ്ടാക്കൾക്കും വധശിക്ഷ നൽകിയിരുന്ന ഇംഗ്ലീഷ് ശിക്ഷാനിയമത്തിൻെറ കാഠിന്യം അദ്ദേഹം കുറച്ചു. ദാരിദ്ര്യം കൊണ്ടും നിസ്സഹായതകൊണ്ടും നീതി ലഭ്യമാകാതിരുന്നവരുടെ കേസുകൾ പ്രസ്തുത കോടതികളിൽ നിന്നും നീക്കി, തോമസ് മൂർ തന്നെ അവസ്സു് വിധി കല്പിച്ചിരുന്നു.

തോമസ് മൂർ അഗതികളെയും, രോഗികളെയും താമസിപ്പിക്കുന്നതിനായി ഒരു വീടു് വാടകയ്ക്കെടുക്കുകയും അവക്കുവേണ്ട ശുശ്രൂഷകൾ ചെയ്തുകൊടുക്കുകയും ചെയ്തിരുന്നു.

www.malankaralibrary.com



പാഷണ്ഡതയിൽ നിന്നും ഇംഗ്ലണ്ടിനെ സംരക്ഷിക്കുന്നതിനു് ഹെൻറി എല്ലാ പ്രകാരത്തിലും ആഗ്രഹിച്ചിരുന്നു. എന്നാൽ അതിനിടയിൽത്തന്നെ അദ്ദേഹം പാഷണ്ഡമതാനുയായികളെ പ്രോത്സാഹിപ്പിനും തയ്യാറായി. ഇപ്രകാരം പരസ്പര വിരുദ്ധമായി ഹെൻറി അനുവർത്തിച്ചിരുന്ന നയങ്ങൾ ആരെയാണു് വിസ്മയിപ്പിക്കാത്തതു്?

തോമസ് മൂർ പാഷണ്ഡികളോടു് വളരെ നയപൂർവ്വമാണു് പെരുമാറിയിരുന്നതു്. എന്നാൽ ആവശ്യമായി ത്തോന്നിയ അവസരങ്ങളിൽ കർക്കശമായി പെരുമാറുന്നതിനും മടിച്ചിരുന്നില്ല. രണ്ടു പാഷണ്ഡികൾക്കു് അദ്ദേഹം ഇക്കാലത്തു് അടിശിക്ഷ നൽകുന്നതിനു് വിധിച്ചു. മതത്യാഗിയായ ഒരു വൈദികനിൽ നിന്നും പാഷണ്ഡമതതത്വങ്ങൾ പഠിച്ചു് മൂറിന്റെ കുടുംബത്തിലെ കുട്ടികളുടെ ഇടയിൽപോലും അവയെ പ്രചരിപ്പിക്കുന്നതിനു് ധൈര്യപ്പെട്ടവനായിരുന്നു അവരിൽ ഒരുവൻ. അപരനാകട്ടെ വിശുദ്ധ കർബാനയുടെ സമയത്തു് ദേവാലയത്തിൽ കടന്നു ചെന്നു് ഭക്തജനങ്ങളെ ശല്യപ്പെടുത്തുകയും കത്തോലിക്കരെ പരിഹസിക്കുകയും ചെയ്ത ആൾ ആയിരുന്നു. തോമസ് മൂർ ചാൻസലറായി ഒന്നരവർഷത്തിനുശേഷം, ഹെൻറി സ്വയം "ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരിയായി" പ്രഖ്യാപിക്കുകയും വൈദികരെയും മററും ഭീഷണിപ്പെടുത്തി അതു് അംഗീകരിപ്പിക്കുകയും മതത്യാഗികളായ മൂന്നുപേരെ വധശിക്ഷയ്ക്കു വിധേയരാക്കുകയും ചെയ്തു. പാഷണ്ഡതയുടെ പേരിലുള്ള ആദ്യത്തെ ഈ കൊലപാതകം നടക്കുന്ന അവസരത്തിൽ തോമസ് മൂർ ചാൻസലർ പദവി രാജിവയ്ക്കുന്നതിനായി ആഗ്രഹിച്ചിരുന്നു.

www.malankaralibrary.com



തോമസ് മൂർ ഹെൻറിയുടെ ദുർനടപടികളോടും, കുതന്ത്രങ്ങളോടും അനുകൂലമായ നിലപാടല്ല സ്വീകരിച്ചിരുന്നതെങ്കിലും, രാജാവിന്റെ പ്രശംസയും സ്നേഹവും നേടത്തക്കവിധത്തിലാണ് ഭരണകാര്യങ്ങളിൽ ഇടപെട്ടിരുന്നത്. രാജാവിന്റെയും, ജനങ്ങളുടെയും ഹിതത്തെ സംരക്ഷിക്കുന്നതിന് മൂർ സർവ്വഥാ ശ്രദ്ധിച്ചിരുന്നതിനാൽ, അദ്ദേഹം എല്ലാവർക്കും അഭിവന്ദ്യനായ ഒരു ഉദ്യോഗസ്ഥനായിരുന്നു.

ചാൻസലർ സ്ഥാനത്തിന് അനുയോജ്യമായവിധം വേഷഭൂഷണാദികൾ അണിയുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ചാൻസലറായിരുന്നപ്പോൾ അദ്ദേഹം രാജമന്ദിരത്തിലേക്കും അവിടെ നിന്നും തിരികെ തന്റെ ഭവനത്തിലേക്കും യാത്ര ചെയ്തിരുന്നത് എട്ടുപേർ അകമ്പടി സേവിച്ച ഒരു ബോട്ടിലായിരുന്നു. തന്റെ ഔദ്യോഗിക കാര്യ വ്യഗ്രതയ്ക്കിടയിൽപ്പോലും സാഹിത്യത്തിന്റെയും മററു സുകുമാരകലകളുടെയും ആസ്വാദനത്തിനു അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. ചെത്സിയിലെ തന്റെ ഭവനത്തെ തന്റെ ഔദ്യോഗിക സ്ഥാനത്തിനുയോജിച്ച രീതിയിൽ അദ്ദേഹം അലങ്കരിച്ചിരുന്നു. ഇപ്രകാരം തോമസ് മൂർ വളരെ ആഡംബരപൂർവ്വം ജീവിച്ചതു്, തന്റെ സുഖസൗകര്യങ്ങൾക്കുവേണ്ടിയായിരുന്നില്ല; പ്രത്യുത, താൻ നിലകൊള്ളുന്ന ചാൻസലർ സ്ഥാനത്തെ ബഹുമാനിക്കുന്നതിനായിരുന്നു.

## ഹെൻറിയുടെ കുതന്ത്രങ്ങൾ

തന്റെ വിവാഹമോചനം, പ്രധാനമന്ത്രിയായ വൂൾസി ഏതു വിധേനയും സാധിച്ചുതരുമെന്ന് ഹെൻറി ഉറച്ചു വിശ്വസിച്ചിരുന്നു. എന്നാൽ വൂൾസിയുടെ ശ്രമം

www.malankaralibrary.com



നിഷ്ഫലമായിത്തീന്നതിനാൽ, കാര്യസാദ്ധ്യത്തിനായി ഏതു മാൎഗ്ഗവും സ്വീകരിക്കാൻ ഹെൻറി തയ്യാറായി.

തന്റെ വിവാഹം സാധുവാണോ എന്ന പരിശോധിച്ച് തീരുമാനം ഉണ്ടാക്കുന്നതിനായി യൂറോപ്പിലെ വിവിധ സൎവ്വകലാശാലകളിലെ പണ്ഡിതന്മാരോട് ഹെൻറി അഭ്യൎത്ഥിക്കുകയും, അവർ അതു് രാജാവിനു് അയച്ചു കൊടുക്കുകയും ചെയ്തു. പ്രസ്തുതാഭിപ്രായങ്ങൾ പാർലമെൻറിൽ വായിക്കുന്നതിനു് മൂറിനെയാണു് ഹെൻറി നിയോഗിച്ചതു്. എന്നാൽ പാർലമെൻറംഗങ്ങളെ ഒരു വിധത്തിലും സ്വാധീനിക്കാൻ പോന്നതായിരുന്നില്ല അദ്ദേഹത്തിന്റെ മറുപടി.

തന്റെ അഭിലാഷ സാദ്ധ്യത്തിനായി ഹെൻറി സ്വീകരിച്ച അടുത്ത മാൎഗ്ഗം, വിവാഹമോചനത്തെ മാർപ്പാപ്പാ അംഗീകരിക്കാത്ത പക്ഷം, സഭയുടെ സ്വാതന്ത്ര്യത്തെ നിരോധിക്കുകയും അവളുടെ ധനം കവൎന്നെടുക്കുകയും ചെയ്യുമെന്നു് മാർപ്പാപ്പായെ അറിയിക്കുകയായിരുന്നു. പാർലമെൻറംഗങ്ങളും ഹെൻറിയുടെ അഭിപ്രായത്തോടു് പൂൎണ്ണയോജിപ്പു് ഉള്ളവരായിരുന്നു.

ആയിരത്തി അഞ്ഞൂററി ഇരുപത്തി ഒൻപതു് നവംബർ മൂന്നാം തീയതി പാർലമെൻറിന്റെ പ്രഥമ സമ്മേളനം, തോമസ് മൂറിനാൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. തന്റെ അഭിലാഷ സാദ്ധ്യത്തിനായി പ്രസ്തുത പാർലമെൻറംഗങ്ങളെ രാജാവു തന്നെ തെരഞ്ഞെടുത്തതായിരുന്ന തന്മൂലം, ആദ്യസമ്മേളനത്തിൽത്തന്നെ സഭയെ സംബന്ധിക്കുന്നതും അപ്രധാനങ്ങളായതുമായ ഏതാനും ബില്ലുകൾ പാർലമെൻറ് പാസാക്കി. വൈദികാധികാരത്തിന്മേൽ രാജാധികാരം നടത്തിയ ആദ്യ കൈയേററമായി ഇതിനെ പരിഗണിക്കാവുന്നതാണു്.

www.malankaralibrary.com



ഈ സന്ദർഭത്തിൽ തൻെറ വിവാഹ പ്രശ്നം ഒന്നു കൂടി അവതരിപ്പിക്കാൻ തീരുമാനിക്കുകയും, മാർപ്പാപ്പാ തൻെറ പൂർവ്വനിശ്ചയത്തിൽ ഉറച്ചു നിന്നതിനാൽ, അദ്ദേഹത്തിനും സഭയ്ക്കുമെതിരെ, കൂടുതൽ കശ്നമായി പ്രവർത്തിക്കുന്നതിന് ഹെൻറി തീരുമാനിക്കുകയും ചെയ്തു.

ആയിരത്തി മുന്നൂററി അൻപത്തി മൂന്നിൽ പാസാക്കിയ മാർപ്പാപ്പായുടെ പരമാധികാരത്തെ നിയന്ത്രിക്കുന്ന നിയമത്തെ ലംഘിച്ചു പ്രവർത്തിച്ചുവെന്ന കുററത്താലാണല്ലോ വൂംസിയിൽ രാജദ്രോഹകുററം ചുമത്തിയതു്. പൊറുതി ലഭിക്കുന്നതിനായി വൂംസി കുററം സമ്മതിച്ചെങ്കിലും, ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരിയായ വൂംസി കുററം ചെയ്തപ്പോഠം, ഇംഗ്ലണ്ടിലെ വൈദികരും ജനങ്ങളും ഒന്നടങ്കം വൂംസിയോടൊപ്പം ശിക്ഷാർഹരാണെന്നു് ഹെൻറി പ്രഖ്യാപിച്ചു. ശിക്ഷയിൽ നിന്നും മോചനം ലഭിക്കുന്നതിനായി അവർ വൻതുകകഠം പിഴ കൊടുക്കാൻ തയ്യാറായിരുന്നെങ്കിലും, അവരോടു ക്ഷമിക്കണമെങ്കിൽ ''ഇംഗ്ലണ്ടിലെ സഭയുടെ ഏക സംരക്ഷകനും പരമാധികാരിയും'' ഹെൻറിയാണെന്നു് സമ്മതിക്കുകയും വേണ്ടിയിരുന്നു. പലപ്പോഴായി രാജാവിൻെറ ദാക്ഷിണ്യങ്ങഠം നേടിയിരുന്ന വൈദികർ, ആയിരത്തി അഞ്ഞൂററി മുപ്പത്തി ഒന്നിൽ സമ്മേളിച്ചു് രാജാവിനു സഭയുടെ മേലുള്ള പരമാധികാരത്തെ അംഗീകരിച്ചു് രാജാവിൽനിന്നും മാപ്പുനേടി.

ഇംഗ്ലണ്ടിലെ സഭയ്ക്കും, സഭാധികാരികഠംക്കും ഹെൻറിയിൽ നിന്നും സംഭവിക്കാനിരിക്കുന്ന ദുരിതങ്ങളെ ഓർത്തു് തോമസ് മൂർ ആകുലനായിത്തീരുകയും, ചാൻസലർ ഉദ്യോഗം രാജിവയ്ക്കുവാൻ സൗകര്യപ്രദമായ ഒരു അവസരം കാത്തിരിക്കുകയും ചെയ്തു.

www.malankaralibrary.com



ആയിരത്തി അഞ്ഞൂററി മുപ്പതു്, ജൂലൈ–13–ാം തീയതി ഹെൻറി കാതറയിൽ രാജ്ഞിയെ കൊട്ടാരത്തിൽ നിന്നും പുറന്തള്ളുകയും, ഒന്നരവഷത്തിനു ശേഷം, ആനിബോളിനെ ഭാര്യയായി പരിഗണിച്ചു തുടങ്ങുകയും ചെയ്തു.

ആയിരത്തി അഞ്ഞൂററി മുപ്പത്തിരണ്ടിൽ ഹെൻറി മാപ്പ്പാപ്പായുടെ അധികാരത്തെ ചോദ്യം ചെയ്തു തുടങ്ങി. തൽഫലമായി, പുതിയതായി നിയമിതനാകുന്ന ഓരോ വൈദികനും മാപ്പ്പാപ്പാക്കു് കൊടുത്തുവന്ന അനേററ്സ് (Annates) എന്ന അവകാശം നിത്തൽ ചെയ്യുന്ന നിയമം പാർലമെൻറിനെക്കൊണ്ടു് രാജാവു് പാസാക്കിയെടുത്തു.

ഇതേ അവസരത്തിൽ തന്നെ, ആദ്ധ്യാത്മിക കാര്യങ്ങടം തീരുമാനിക്കുന്നതിനുള്ള അധികാരം പുരോഹിതന്മാരിൽ നിന്നും എടുത്തു കളയണമെന്നു് ആവശ്യപ്പെടുന്ന ഒരു ഹർജി, 'കോമൺസ്' സഭാംഗങ്ങടം രാജാവിൻെറ പ്രേരണമൂലം അദ്ദേഹത്തിനു തന്നെ സമപ്പിച്ചു. ഇതേപ്പററി ചച്ച് നടത്തിയ മെത്രാന്മാരാകട്ടെ, തങ്ങളുടെ പ്രസ്തുത അവകാശത്തെ ഉപേക്ഷിക്കാമെന്നു് സമ്മതിക്കുകയും ചെയ്തു. തോമസ് മൂറാകട്ടെ ഇതിനെ ശക്തമായി എതിത്തെങ്കിലും ഫലമൊന്നും ഉണ്ടായില്ല. ഇപ്രകാരം ആദ്ധ്യാത്മിക കാര്യങ്ങളിൽപ്പോലും വൈദികർ പാർലമെൻറിനു കീഴടങ്ങുന്ന ദയനീയരംഗം കണ്ടപ്പോടം ഇനിയും 'ചാൻസലർ' പദവിയിൽ തുടരുന്നതു് അനുചിതമെന്നു തോന്നുകയാലും, ആയിടക്കു അദ്ദേഹത്തിനുണ്ടായ ഹൃദ്രോഗം മൂലവും, ആയിരത്തി അഞ്ഞൂററി മുപ്പത്തിരണ്ടു് മെയ് മാസം പതിനാറാം തീയതി, തോമസ് മൂർ ചാൻസലർ ഉദ്യോഗം രാജിവച്ചു.

www.malankaralibrary.com



## ചൈത്യലിഖിതം

തോമസ് മൂർ ചാൻസലർ സ്ഥാനം രാജിവച്ചതിനു ശേഷമാണ്, അദ്ദേഹത്തിൻെറ സ്വഭാവ ഗതിയെ വളരെ സൂക്ഷ്മമായി ഗ്രഹിക്കുന്നതിന് ഉപകരിക്കുന്ന 'ചൈത്യലിഖിതം' എഴുതിയത്. തൻെറ മരണത്തെ അനുസ്മരിപ്പിക്കുകയും, ലോകസമക്ഷം തൻെറ പ്രവൃത്തികളെ ന്യായീകരിക്കുകയുമായിരുന്നു 'ചൈത്യലിഖിത'ത്തിൻെറ ലക്ഷ്യം.

തോമസ് മൂറിനെ രാജാവ് ഉദ്യോഗത്തിൽ നിന്നും പിരിച്ചയച്ചതാണെന്നും, അത് പാഷണ്ഡികളോട് നിർദ്ദയം പെരുമാറിയതു കൊണ്ടാണെന്നും ററിൻഡൽ അഭിപ്രായപ്പെട്ടു. തൻെറ അഭിമാനത്തെയും, യശസ്സിനെയും മലിനപ്പെടുത്തുന്ന പ്രസ്തുത വാർത്തകളുടെ അസാധുതയെ വെളിപ്പെടുത്തുന്നതിന് 'ചൈത്യലിഖിത' ത്തിൽ തോമസ് മൂർ ശ്രമിച്ചിട്ടുണ്ട്.

തൻെറ രാജാവായ ഹെൻറി, ആത്മമിത്രമായിരുന്ന കത്ബെർട്ട് ടൺസ്റ്റൽ (Cath bert Tunstall), സ്വപിതാവായ ജോൺ മൂർ എന്നു മൂന്നുപേരെപ്പററി ചൈത്യലിഖിതത്തിൽ തോമസ് മൂർ പ്രസ്താവിക്കുകയും അവരോട് അതിയായ ബഹുമാനവും കൃതജ്ഞതയും പ്രകാശിപ്പിക്കുകയും ചെയ്തിരിക്കുന്നു.

'ചൈത്യലിഖിത'ത്തിൽ അടുത്തതായി തോമസ് മൂർ തന്നെത്തന്നെ അവതരിപ്പിക്കുന്നു. രാജപ്രതിനിധിയെന്ന നിലയിൽ 'കാംബ്രെയ് ഉടമ്പടി' മുഖാന്തരം ചിരപ്രതീക്ഷിതമായ സമാധാനം സ്വരാജ്യത്തിനു പ്രദാനം ചെയ്തതിനെ അദ്ദേഹം അനുസ്മരിച്ചിട്ടുണ്ട്. താൻ എല്ലാവരോടും, ദയാപൂർവ്വമാണ് വർത്തിച്ചിരുന്നതെന്നും,

www.malankaralibrary.com



മോഷ്ടാക്കാംക്കം, കൊലപാതകികാംക്കം, മതദ്രോഹികാംക്കം മാത്രമേ താൻ ഉപദ്രവകാരി ആയിരുന്നുള്ളവെന്നും അദ്ദേഹം തുടന്നു പറയുന്നു. 'ചൈത്യലിഖിത'ത്തിന്റെ രചനാരീതി തന്നെ തൽകത്താവിന്റെ പാണ്ഡിത്യത്തെ വെളിവാക്കുന്നതാണു്.

'ചൈത്യലിഖിത' ത്തിന്റെ അവസാന ഭാഗം തോമസ് മൂറിന്റെ മരണത്തെ സംബന്ധിക്കുന്നതാണു്. തന്നെ ബാധിച്ചിരുന്ന ഹൃദ്രോഗം മുൻപത്തേക്കാളേറെ വത്തമാനമാവുകയും തൽഫലമായി തന്റെ ശക്തി ക്ഷയിച്ചു തുടങ്ങിയതു കൊണ്ടുമാണു് ചാൻസർ സ്ഥാനം രാജിവച്ചതെന്നു് അദ്ദേഹം പറയുന്നു. തന്റെ 'ചൈത്യലിഖിതം' വായിക്കുന്ന എല്ലാവരുടെയും പ്രാത്ഥനയെ അഭ്യത്ഥിച്ചു കൊണ്ടു് അദ്ദേഹം 'ചൈത്യലിഖിതം' അവസാനിപ്പിച്ചിരിക്കുന്നു.

ചാൻസലർ ആയിരുന്ന കാലത്തു് തോമസ് മൂർ തന്റെ ഔദ്യോഗിക നിലയ്ക്കനുസരിച്ചാണു് ജീവിച്ചിരുന്നതെങ്കിൽ ഇന്നു് അദ്ദേഹം നിർദ്ധനനാണു്. അന്നു് അദ്ദേഹം തനിക്കു ലഭിച്ചിരുന്ന പണം മുഴുവനും സാധുജനങ്ങളെ സംരക്ഷിക്കുന്നതിനും, അനേകം അംഗങ്ങളടങ്ങിയ തന്റെ കുടുംബത്തെ പുലത്തുന്നതിനു വേണ്ടിയും ചെലവഴിച്ചിരുന്നു. തന്റെ വലിയ കുടുംബത്തിൽ കുടുംബാംഗങ്ങളെ കൂടാതെ, അതിഥികാം, നിദ്ധനരായ വിരുന്നുകാർ, ഭൃത്യജനങ്ങാം, തന്റെ അനുകമ്പയ്ക്കു പാത്രീഭൂതരായ പാഷണ്ഡികാം എന്നിവരും ഉാംപ്പെട്ടിരുന്നു.

ചാൻസലർ സ്ഥാനത്തു നിന്നും വിരമിച്ചതിനു ശേഷം, തോമസ് മൂറിനു് ശമ്പളം തുടങ്ങിയുള്ള വരുമാ

www.malankaralibrary.com



ങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. വിറകു വാങ്ങു വാൻ പോലും പണമില്ലാതെ അദ്ദേഹം പലപ്പോഴും വിഷമിച്ചിരുന്നു. എങ്കിലും, തന്റെ കഷ്ടസ്ഥിതിയിൽ പ്പോലും അദ്ദേഹം ആത്മസംയമം പാലിച്ചിരുന്നു. തന്റെ നിർദ്ധനാവസ്ഥ മൂലം ഭൃത്യജനങ്ങളെയും, കുടും ബാംഗങ്ങളെയും വൈമനസ്യത്തോടെ അദ്ദേഹം പിരി ച്ചയച്ചു. അങ്ങനെ തോമസ് മൂറും ഭാര്യയും വിശ്വസ്ത രായ രണ്ടു ഭൃത്യരും മാത്രം ഉൾപ്പെട്ട ഒരു ചെറിയ കുടും ബമായിത്തീർന്നു അദ്ദേഹത്തിന്റേതു്. ഏദ്രോഗം പൂർണ്ണ മായും വിട്ടുമാറിയിരുന്നില്ലെങ്കിൽ തന്നെയും, ഇക്കാല ത്തു് തോമസ് മൂർ 'പ്രത്യാഖ്യാനം', 'ആത്മസാധൂക രണം' എന്നീ രണ്ടു ഗ്രന്ഥങ്ങൾ പൂർത്തിയാക്കി.

കാതറയിനെ, രാജാവ് ഉപേക്ഷിക്കുന്ന കാര്യത്തിൽ, തോമസ് മൂറിനു് താല്പര്യമില്ലായിരുന്നെന്നും, തങ്ങളുടെ പ്രവൃത്തികളെ ശാസിക്കുന്നതിനു വേണ്ടിയാണു് അദ്ദേ ഹം ചാൻസലർ പദം രാജിവച്ചതെന്നും ആനിബോളി നിന്റെ പക്ഷക്കാർ മനസ്സിലാക്കിയതിന്റെ ഫലമാ യി അവർ അദ്ദേഹത്തെ ശിക്ഷിപ്പിക്കുന്നതിനു് ആഗ്ര ഹിച്ചു.

കാർഡിനൽ വൂൾസിയേക്കാൾ തന്ത്രജ്ഞനും, ദയാ രഹിതനും, ആത്മീയാധികാരത്തെ, ലൗകികാധികാര ത്തിനു കീഴ്പ്പെടുത്തണമെന്നു നിശ്ചയിച്ചു കഴിഞ്ഞയാ ളുമായിരുന്ന തോമസ് ക്രോംവെൽ, പുതിയ ചാൻസല റായിത്തീർന്നപ്പോൾ തോമസ് മൂറിൽ ആശങ്കയും ഭയവും ഉളവായി.

ആയിരത്തി അഞ്ഞൂററി മുപ്പത്തിരണ്ടു് ആഗസ്റ്റ് മാ സത്തിൽ കാന്റർബറി മെത്രാപ്പോലീത്താ ദിവംഗത നായപ്പോൾ, തൽസ്ഥാനത്തു് ഹെൻറിയുടെ നിർദ്ദേശ

www.malankaralibrary.com



പ്രകാരം, ദുർമാൎഗ്ഗിയും, പാഷണ്ഡവാദിയുമായ ക്രാൻമർ [Cranmer] എന്ന വൈദികനെ മാപ്പ്ളാപ്പാ നിയമിച്ചു.

ആയിരത്തി എണ്ണൂററി മുപ്പത്തിമൂന്നു ജനുവരി മാസത്തിനുമുമ്പായി ആനിബോളിൻ ഗർഭിണിയായിത്തീരുകയും അക്കൊല്ലം തന്നെ ഹെൻറി അവളെ രഹസ്യമായി വിവാഹം കഴിക്കുകയും ചെയ്തു.

ക്രാൻമർ മെത്രാപ്പോലീത്താ ആയിത്തീൎന്നതിനുശേഷം, ഹെൻറിയുടെ വിവാഹമോചന പ്രശ്നം പരിഗണിക്കപ്പെട്ടു. ഇരുപതുവർഷക്കാലം, കാതറയിനുമായി വ്യഭിചാരത്തിൽ ജീവിച്ച കുററത്തിനു ഹെൻറി രാജാവിന്റെ മുന്നിൽ ഹാജരാകുന്നതിനു ക്രാൻമർ കല്പനകൊടുക്കുകയും, ഹെൻറി തന്റെ അപരാധം ഏററുപറഞ്ഞു, കാതറയിനെ ഉപേക്ഷിക്കുകയും, അദ്ദേഹത്തിൽ നിന്നു തന്നെ പാപമോചനം പ്രാപിക്കുകയും ചെയ്തു. തദനന്തരം ക്രാൻമർ, ഹെൻറിയും കാതറയിനും തമ്മിലുള്ള വിവാഹം അസാധുവായി പ്രഖ്യാപിക്കുകയും ചെയ്തു. മേൽ പ്രസ്താവിച്ച സംഭവം ഹെൻറിയുടെ കുതന്ത്രഫലമായിട്ടുണ്ടായതായിരുന്നു.

മാപ്പ്ളാപ്പായുടെ നിരോധനാജ്ഞ നിലനില്ക്കെത്തന്നെ ഹെൻറി ആനിബോളിനെ വിവാഹം കഴിച്ചതിനുശേഷം, ആയിരത്തി അഞ്ഞൂററി മുപ്പത്തി മൂന്നു ജൂൺ മാസം ഒന്നാം തീയതി അവളുടെ കിരീടധാരണം അത്യാഡംബരത്തോടെ ആഘോഷിക്കപ്പെടുകയും ചെയ്തു. പ്രസ്തുത വാൎത്തയറിഞ്ഞു മാപ്പ്ളാപ്പാ ഹെൻറിയെ സഭയിൽ നിന്നും ഭ്രഷ്ടനാക്കി. തത്സംബന്ധമായുണ്ടായ ഘോഷയാത്രയിൽ ധാരാളം ആളുകൾ പങ്കുകൊണ്ടു. അവരാക

www.malankaralibrary.com



ട്ടെ രാജശാസനയെ ഭയന്നായിരുന്ന പ്രസ്തുത ചടങ്ങിൽ പങ്കുകൊണ്ടതു്.

അന്നത്തെ ഘോഷയാത്രയിൽ തോമസ് മൂർ നിർബ്ബന്ധമായും പങ്കെടുക്കുന്നതിനായി, രാജാവു് അദ്ദേഹത്തിൻെറ സുഹൃത്തുക്കളായ ടൺസ്റ്റൽ മെത്രാൻ തുടങ്ങിയ പ്രമാണികൾ മുഖേന അദ്ദേഹത്തെ ക്ഷണിക്കുകയും, അദ്ദേഹത്തിനു വിലപിടിച്ച പട്ടുവസ്ത്രങ്ങൾ കൊടുത്തയക്കുകയും ചെയ്തു. തോമസ് മൂറാകട്ടെ, രാജാവിൻെറ ക്ഷണത്തെയും, സമ്മാനത്തെയും, നിരസിക്കുകയാണുണ്ടായതു്. തോമസ്മൂറിൻെറ അസാന്നിദ്ധ്യം രാജാവിനെയും, ആനിബോളിനെയും കോപാകുലരാക്കി.

തുടന്നു്, ആദ്ധ്യാത്മികാധികാരങ്ങളെ ദുർവിനിയോഗം ചെയ്തതുവഴി മാപ്പാപ്പാ ശിക്ഷാർഹനായിത്തീന്നിരിക്കുകയാണെന്നും, ഹെൻറിയുടെ വിവാഹമോചനത്തെ നിരസിച്ചതുവഴി അദ്ദേഹം പാഷണ്ഡതയിൽ നിപതിച്ചിരിക്കുകയാണെന്നുമുള്ള ഒൻപതു് നിയമങ്ങൾ രാജസഭ പ്രസിദ്ധംചെയ്തു. തോമസ് മൂറാകട്ടെ, ഈ വിഷയത്തെപ്പററി യാതൊന്നും അഭിപ്രായപ്പെട്ടതേ ഇല്ല. ഈ അവസരത്തിൽ, മുൻപറഞ്ഞ ഒൻപതു നിയമങ്ങളെയും താത്വികമായി ഖണ്ഡിക്കുന്ന ഒരു ലഘുപ്രബന്ധം സഭാസ്നേഹിയായ ആരോ പ്രസിദ്ധീകരിച്ചു. അതിൻെറ കർത്തൃത്വം ക്രോംവെൽ, തോമസ് മൂറിൽ ആരോപിക്കുകയുംചെയ്തു. തോമസ് മൂറാകട്ടെ പ്രസ്തുത പ്രബന്ധത്തിൻെറ രചനയിൽ തനിക്കു് യാതൊരു പങ്കുമില്ലെന്നു് ക്രോംവെല്ലിനെ അറിയിച്ചു. ഇതിനുശേഷം പല തവണ ക്രോംവെൽ തോമസ് മൂറിൽ രാജദ്രോഹകുററം ചുമത്തുന്നതിനുള്ള തന്ത്രങ്ങൾ ആവി

www.malankaralibrary.com



ഷ്കരിച്ചെങ്കിലും അവയെല്ലാം പരാജയപ്പെടുകയാണുണ്ടായതു്.

തോമസ് മൂറിനെ പിടികൂടുന്നതിനായി വിശ്വാസപ്രതിജ്ഞ ചെയ്യിക്കുക എന്ന ഒരു തന്ത്രം ക്രോംവെൽ ആവിഷ്കരിക്കുകയും, അതു് രാജാവിനെയും, രാജ്ഞിയേയും അറിയിക്കുകയും ചെയ്തു. ക്രോംവെല്ലിൻെറ പുതിയ തന്ത്രം വ്യക്തമായി മനസ്സിലാക്കിയ മൂർ അദ്ദേഹത്തിനു് ഒരു ലേഖനമയച്ചു. തന്നെപ്പററി തെററിദ്ധാരണ ഒന്നും ഉണ്ടാകാതിരിക്കുന്നതിനു വേണ്ടിയായിരുന്നു അതു്.

പ്രസ്തുത ലേഖനത്തിൽ മാർപ്പാപ്പായുടെ പരമാധികാരത്തെ മൂർ ശക്തിയുക്തം സ്ഥാപിക്കുകയും, അതിനു തെളിവുകൾ നിരത്തുകയും ചെയ്തു. മാർപ്പാപ്പായുടെ പദവി ദൈവസ്ഥാപിതമാണു് എന്ന വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ടാണു് അദ്ദേഹം ഇതു സ്ഥാപിച്ചതു്.

തൻെറ വിശ്വാസത്തിനനുകൂലമായ സാഹചര്യങ്ങളിൽ രാജാവിൻെറ അഭിപ്രായങ്ങളെ വിലമതിക്കുവാൻ താൻ തയ്യാറാണെന്നും, ന്യായമായ കാര്യങ്ങളിൽ താൻ രാജാവിനെ അനുസരിച്ചിട്ടുണ്ടെന്നും പിന്നീടും അപ്രകാരം തന്നെ പ്രവർത്തിക്കുന്നതാണെന്നും തോമസ് മൂർ പ്രസ്താവിച്ചു.

ആയിരത്തി അഞ്ഞൂററി മുപ്പത്തിനാലു് മാർച്ചു് മാസത്തിൽ, കാതറയിൻെറ പുത്രിക്കു് രാജ്യഭരണാവകാശം നിഷേധിക്കുന്നതും, ആനിബോളിൻെറ പുത്രിക്കു് ഭരണാവകാശം ലഭ്യമാക്കുകയും ചെയ്യുന്ന 'പിന്തുടർച്ചാവകാശബിൽ' (Act of Succession) ഹെൻറിയുടെ നിർ

www.malankaralibrary.com


ദ്ദേശപ്രകാരം പാർലമെൻററ് പാസാക്കി. ഇതിനോടൊപ്പം, ഹെൻറിയുടെ പുനർവിവാഹത്തെ സാധൂകരിക്കുന്നതും, മാപ്പാപ്പായുടെ പരമാധികാരത്തെ നിഷേധിക്കുന്നതുമായ വാക്യങ്ങരം കൂട്ടിച്ചേർക്കപ്പെട്ടു. മാത്രമല്ല, രാജ്യത്തെ വൈദികരും, മെത്രാന്മാരും ഉരംപ്പെടെ എല്ലാവരും പ്രസ്തുതബില്ലിനെ അനുകൂലിക്കുകയും, സംരക്ഷിക്കുകയും ചെയ്യുന്നതാണെന്ന ശപഥം ചെയ്യേണ്ടിയിരുന്നു.

പ്രഭുക്കന്മാരും, ജനപ്രതിനിധികളും മെത്രാന്മാരും രാജനിർദ്ദേശപ്രകാരം പ്രസ്തുത ശപഥം ചെയ്തു. ശപഥം ചെയ്യുന്നതിനായി താൻ രാജാവിനാൽ വിളിക്കപ്പെട്ടമെന്ന് തോമസ് മൂറിന് തീച്ച്യയുണ്ടായിരുന്നതിനാൽ അദ്ദേഹം ഭാവിവിപത്തിനുവേണ്ടി തയ്യാറാവുക തന്നെ ചെയ്തു.

ആയിരത്തി അഞ്ഞൂററി മുപ്പത്തിനാലു് ഏപ്രിൽ പതിന്നാലാം തീയതി, തോമസ് മൂർ, പ്രസ്തുത ശപഥം ചെയ്യുന്നതിനായി, ലാംബത്തിൽ രാജകീയ കമ്മീഷൻെറ മുമ്പിൽ ഹാജരാകണമെന്നുള്ള രാജകല്പനയുണ്ടായി. കല്പനയുടെ ഗൗരവം മനസ്സിലാക്കിയ മൂർ, പ്രസ്തുത ദിവസം, രാവിലെ തന്നെ, ദിവ്യബലിയിൽ സംബന്ധിച്ച് വിശുദ്ധകർബാനയും സ്വീകരിച്ച് യാത്രതിരിച്ചു. അദ്ദേഹം തൻെറ ജീവിതത്തിലെ എല്ലാ പ്രധാന ദിവസങ്ങളിലും ഇപ്രകാരം ദിവ്യബലിയിൽ പങ്കെടുത്ത് വിശുദ്ധകർബാന സ്വീകരിച്ചിരുന്നു.

ലാംബത്തിലെത്തിയ തോമസ് മൂറിനോടു്, രാജകീയ കമ്മീഷനിലെ അംഗങ്ങളായ വെസ്ററ്മിനിസ്ററിലെ ആൽബർട്ട്, ക്രാൻമർ, ആഡ്ലി പ്രഭു,

www.malankaralibrary.com



ക്രോംവെൽ മുതലായവർ ശപഥംചെയ്യാൻആവശ്യപ്പെട്ടു. എന്നാൽ ബില്ലും, ബില്ലിനോടനുബന്ധിച്ചുള്ള പ്രതിജ്ഞാവാചകവും ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം, പ്രതിജ്ഞാവാചകമനുസരിച്ചു സത്യം ചെയ്യുന്ന പക്ഷം, അതു് തൻെറ ആത്മാവിനെ നിത്യനാശത്തിലേക്കു നയിക്കുമെന്നുള്ളതിനാൽ ശപഥം ചെയ്യുന്നതിനു് താൻ വിസമ്മതിക്കുന്നുവെന്നു് തോമസ് മൂർ അവരെ അറിയിച്ചു.

കമ്മീഷനിലെ അംഗങ്ങളാകട്ടെ, തോമസ് മൂറിനു മുമ്പായി ശപഥം ചെയ്തു് ഒപ്പുവച്ചവരുടെ ലിസ്റ്റ് അദ്ദേഹത്തെ കാണിക്കുകയും, അതിനായി അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു. തോമസ് മൂറിനെ, വശീകരിക്കുക സാധ്യമല്ലെന്നു കണ്ട അവർ അദ്ദേഹത്തെ ലാംബെത്തിനു താഴെ ഒരു തോട്ടത്തിൽ കൊണ്ടു നിറുത്തി. പ്രസ്തുത ശപഥം ചെയ്യുന്നതിനു വിസമ്മതിച്ച ഹെൻറിയുടെ കൊട്ടാരത്തിലെ മുൻ പുരോഹിതനായ ഡോക്ടർ വിൽസനെ ലണ്ടൻ ടൗവ്വറിലേക്കു കൊണ്ടുപോകുന്നതും, ഫിഷർ മെത്രാനെ തോട്ടത്തിൽ കൂടി, പുറത്തേക്കു കൊണ്ടുപോകാതെ ഒരു മുറിയിൽ ഇരുത്തുന്നതും തോമസ് മൂർ പ്രസ്തുത തോട്ടത്തിൽ വച്ചു് കണ്ടു.

ശപഥം ചെയ്യുന്നതിനായി വന്നവർ എല്ലാവരും അവിടെ നിന്നും നിഷ്ക്രമിച്ചതിനു ശേഷം, വീണ്ടും തോമസ് മൂർ കമ്മീഷൻ മുമ്പാകെ ആനയിക്കപ്പെടുകയും, ശപഥം ചെയ്യുന്നതിനു് വിസമ്മതിച്ചതിൻെറ കാരണം ആരായുകയും ചെയ്തു. ശപഥം ചെയ്യായ്കയാൽ രാജാവു് തന്നോടു കോപിച്ചിരിക്കുമെന്നും, ഇനിയും കാരണങ്ങൾ പറഞ്ഞു് അദ്ദേഹത്തെ വീണ്ടും കോപിപ്പിക്കുന്നതിനു് താൻ ആഗ്രഹിക്കുന്നില്ലെന്നും തോമസ് മൂർ ഉത്തരം നൽകി.

www.malankaralibrary.com



മാർപ്പാപ്പായുടെ പരമാധികാരത്തെ സംബന്ധി ക്കുന്ന ഭാഗം ഒഴികെ പിന്തുടർച്ചാവകാശ ബില്ലിലെ മറെറല്ലാഭാഗവും അനുസരിക്കുന്നതിന് തോമസ് മൂർ തയ്യാറായിരുന്നു. എന്നാൽ അദ്ദേഹത്തെ ഏതു വിധേ നേയും കുററക്കാരനായി വിധിക്കണമെന്ന ലക്ഷ്യമായി രുന്നു രാജകീയ കോടതിക്ക് ഉണ്ടായിരുന്നതു്. അതി നാൽ അവർ അദ്ദേഹത്തിൻെറ എല്ലാ അപേക്ഷകളും നിരസിച്ചു. 'പിന്തുടർച്ചാവകാശബിൽ' ശപഥം ചെയ്യു ന്നതിനായി മൂറിനെ കമ്മീഷനിലെ എല്ലാ അംഗങ്ങളും നിർബ്ബന്ധിക്കുകയും, ശപഥം ചെയ്താൽ ഉണ്ടാകുന്ന നേട്ടങ്ങളെപ്പററി അദ്ദേഹത്തെ ധരിപ്പിക്കുകയും ചെയ്തു. എന്നാൽ തങ്ങളുടെ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടെന്നു മനസ്സിലാക്കിയ അവർ മൂറിനെ ലണ്ടൻ ടൗവറിലേക്ക് അയച്ചു. (1534 ഏപ്രിൽ 17)

കാരാഗൃഹവാസം അനുഷ്ഠിക്കുന്നതിനായി തോമസ് മൂർ ലണ്ടൻ ടൗവറിലേക്ക് അയയ്ക്കപ്പെട്ടെങ്കിലും അദ്ദേ ഹം അതിനെ സന്തോഷത്തോടും അഭിമാനത്തോടും കൂടെ സ്വാഗതം ചെയ്യുകയാണുണ്ടായതു്. സർ. റിച്ചാർഡ് ക്രോംവെല്ലാണ് അദ്ദേഹത്തെ കാരാഗൃഹത്തിലേക്കാന യിച്ചതു്.

തോമസ് മൂർ കാരാഗൃഹത്തിലടയ്ക്കപ്പെട്ടതിനു ശേഷം തൻെറ പ്രിയ പുത്രിയായ മാർഗ്ഗരററിനു് സുദീ ർഘമായ ഒരു കത്തയച്ചു. അതിൽ ലാംബത്തിലെ വിസ്താരം മുതലുള്ള എല്ലാ സംഗതികളും വിസ്തരിച്ച് എഴുതിയിരുന്നു.

സ്വപിതാവിൻെറ കത്തു ലഭിച്ച ഉടൻ തന്നെ മാർ ഗരററ് ക്രോംവെല്ലിൻെറ അനുമതിയോടെ പിതാ വിനെ വന്നു കണ്ടു. അവളുടെ അതിയായ വ്യസനം കണ്ടു് തോമസ് മൂർ ദുഃഖിച്ചെങ്കിലും അദ്ദേഹം സ്വപു ത്രിയുമൊന്നിച്ച് 'അനുതാപകീർത്തനങ്ങളും' 'വിശുദ്ധ ന്മാരുടെ ലുത്തിനിയായും ചൊല്ലി.

www.malankaralibrary.com

# കാരാഗ്രഹ വാസം

ലുണ്ടൻ ടവറിലെ കാരാഗൃഹവാസം, തോമസ് മൂറിൻെറ ശക്തിക്കതീതമായിരുന്നു. ക്ലേശപൂർണ്ണമായ പ്രസ്തുതരംഗത്തേക്കു് അദ്ദേഹം ഒരു യോദ്ധാവിനെപ്പോലെ അഭിമാനത്തോടും ധൈര്യത്തോടും കൂടി പ്രവേശിച്ചു.

തോമസ് മൂറിനെ കാരാഗൃഹത്തിലേക്കു് ആനയിച്ചതു് ധനാഗ്രഹിയായിരുന്ന ക്രോംവെൽ ആയിരുന്നു. അദ്ദേഹം മൂറിൻെറ കഴുത്തിൽ, ചാൻസലറായിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന വലിയ സ്വർണ്ണമാല കാണുകയും, അതു് കുടുംബാംഗങ്ങൾക്കായി അയച്ചു കൊടുക്കരുതോ എന്നു ചോദിക്കുകയും ചെയ്തു. എന്നാൽ മൂറാകട്ടെ "അപ്രകാരം ഞാൻ ചെയ്യുകയില്ല. എന്തെന്നാൽ, എന്നെ ശത്രുക്കൾ വധസ്ഥലത്തേക്കു കൊണ്ടുപോകുമ്പോൾ, പ്രയോജനപ്രദമായ എന്തെങ്കിലും, അവക്കു് എ

www.malankaralibrary.com



ന്നിൽ നിന്നും ലഭിക്കണമെന്നാണ് എൻെറ ആഗ്രഹം''
എന്ന പ്രതിവചിച്ചു.

തോമസ് മൂർ കാരാഗൃഹത്തിലടയ്ക്കപ്പെട്ടതിനുശേഷം തൻെറ പുത്രിയായ മാർഗരററിന്, ലാംബത്തിലെ വിസ്താരം മുതൽ നടന്ന എല്ലാ സംഭവങ്ങളും സവിസ്തരം പ്രതിപാദിച്ച് ഒരു കത്തയച്ചു. താമസിയാതെ തന്നെ മാർഗരററ് ക്രോം വെല്ലിൻെറ അനുവാദം വാങ്ങി തൻെറ പിതാവിനെ സന്ദർശിച്ചു. മൂറിൻെറ കഷ്ടസ്ഥിതി കണ്ട് മാർഗരററിനുണ്ടായ വ്യസനം മൂറിന് ദുഃഖഹേതുവായിത്തീർന്നെങ്കിലും, അദ്ദേഹം അവളെ ആശ്വസിപ്പിച്ചു. തദനന്തരം മാർഗരററുമൊന്നിച്ച് 'അനുതാപകീർത്തനങ്ങളും' വിശുദ്ധന്മാരുടെ ലുത്തിനിയായും ചൊല്ലി.

കാരാഗൃഹവാസകാലത്തും, തോമസ് മൂറിന് തൻെറയും ഭൃത്യൻെറയും ജീവിത ചെലവ് വഹിക്കേണ്ടിയിരുന്നു. തന്നിമിത്തം, അതിനായി ആഴ്ചതോറും മൂറിൻെറ ഭാര്യ പതിനഞ്ചു് ഷില്ലിങ്ങ് കൊടുത്തിരുന്നു. ഒടുവിൽ പണം തികയാതെ വന്ന അവസരത്തിൽ, ആ സ്ത്രീരത്നം തൻെറ വസ്ത്രഭൂഷണാദികൾ പോലും വിററ് പണം ഉണ്ടാക്കി ഭർത്താവിൻെറ ആവശ്യം സാധിച്ചിരുന്നു. ഇപ്രകാരം തൻെറ ഭാര്യയെ കഷ്ടസ്ഥിതിയിലാക്കേണ്ടി വന്നതിനെയോർത്ത് അദ്ദേഹം ദുഃഖിച്ചു. മൂറിനെ ഏതുവിധത്തിലെങ്കിലും സ്വാധീനമാക്കണമെന്നുള്ള രാജാവിൻെറ ആജ്ഞ പ്രകാരം, കാരാഗൃഹത്തിലെ ഉദ്യോഗസ്ഥർ അദ്ദേഹത്തിൻെറ ഭക്ഷണം മോശപ്പെടുത്തി. ഏതാദൃശകാരണങ്ങളാൽ അദ്ദേഹത്തിൻെറ ശരീരാരോഗ്യം ക്ഷയിച്ചു തുടങ്ങി.

www.malankaralibrary.com



തോമസ് മൂറിന്, തന്റെ കാരാഗൃഹജീവിതത്തിന്റെ ആദ്യ കാലങ്ങളിൽ, ടൗവറിന്റെ മുററത്തിറങ്ങി നടക്കുന്നതിനും, ഭാര്യയേയും മാർഗരററിനേയും ഇടയ്ക്കിടെ കാണുന്നതിനും അനുവാദമുണ്ടായിരുന്നു. അനുകമ്പാപൂർവ്വമായ ഇടപെടൽ കൊണ്ടു് മൂറിന്റെ മനസ്സു മാററാമെന്നു് കരുതിയിരുന്ന അവർ, ക്രമേണ, തങ്ങളുടെ പ്രതീക്ഷ അസ്ഥാനത്താണെന്നറിഞ്ഞു് അദ്ദേഹത്തോടു് കൂടുതൽ ക്രൂരമായി പെരുമാറുകയും അദ്ദേഹത്തെ മുറിയ്ക്കകത്തു് അടയ്ക്കുകയും ചെയ്തു. കുടുംബാംഗങ്ങളുടെ സന്ദർശനങ്ങൾ നിരോധിക്കപ്പെട്ടു. അക്കാലത്തെ ശൈത്യം അദ്ദേഹത്തിനു് ദുസ്സഹമായിരുന്നു, കൂടാതെ രോഗങ്ങളും അദ്ദേഹത്തെ ബാധിച്ചു തുടങ്ങി. ക്ഷീണാധിക്യത്താൽ രണ്ടു മൂന്നു തവണ അദ്ദേഹം മരിച്ചു പോകുമോ എന്നു സംശയിക്കപ്പെട്ടു. എന്നാൽ തോമസ് മൂർ മരണത്തെ സന്തോഷപൂർവ്വം സ്വീകരിക്കുവാൻതയ്യാറായിരുന്നു.

കാരാഗൃഹവാസകാലത്തു് ദിവ്യപൂജയിൽ സംബന്ധിക്കുന്നതിനോ, വിശുദ്ധ കൂദാശകൾ സ്വീകരിക്കുന്നതിനോ തോമസ് മൂറിനു് മാർഗ്ഗമുണ്ടായിരുന്നില്ല. കുടുംബാംഗങ്ങളെയും, സ്നേഹിതന്മാരെയും ദർശിക്കുന്നതിനുപോലും അനുവദിച്ചിരുന്നില്ല. ഇപ്രകാരമുള്ള പ്രതികൂല സാഹചര്യത്തിൽ കഴിഞ്ഞു കൂടിയതിനാൽ അദ്ദേഹത്തിന്റെ ശരീരം അതിമാത്രം ക്ഷീണിച്ചിരുന്നെങ്കിലും നയനങ്ങൾ കൂടുതൽ പ്രകാശമാനങ്ങളും ഹൃദയം സന്തുഷ്ടവുമായിരുന്നു. തന്മൂലം അദ്ദേഹം അതിയായ സന്തോഷത്തോടെ ഇപ്രകാരം എഴുതി.

''യൗസേപ്പ് കാരാഗൃഹത്തിലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ സഹോദരന്മാർ സ്വതന്ത്രരായിരുന്നു; എ

www.malankaralibrary.com



കിലും അവർക്ക്, അദ്ദേഹത്തോടു പല തവണ ഭക്ഷണം യാചിക്കേണ്ടതായി വന്നു.''

''ദാനിയേൽ കാരാഗൃഹത്തിലായിരുന്നു. അദ്ദേഹത്തിനു ചുററും സിംഹങ്ങൾ ഉണ്ടായിരുന്നെങ്കിലും അവിടെയും ദൈവം അദ്ദേഹത്തെ ആപത്തിൽ നിന്നും രക്ഷിച്ചു. ദൈവം അതുപോലെ തന്നെ നമ്മോടും പ്രവർത്തിക്കുകയില്ലെന്നു വിചാരിക്കരുതു്.''

ഇപ്രകാരമുള്ള തോമസ് മൂറിൻെറ ചിന്തകൾ നിരന്തരമായ ധ്യാനങ്ങളുടെ ഫലമാണു്. അതിലൂടെ അദ്ദേഹം ദിനരാത്രങ്ങളിൽ ആശ്വാസം കണ്ടെത്തി. അനന്യസാധാരണമായ സാഹിത്യാഭിരുചി പ്രകടിപ്പിച്ചിരുന്ന മൂർ, കാരാഗൃഹവാസകാലത്തും അതിൽ വ്യാപൃതനായിരുന്നു. ദിവ്യരക്ഷകൻെറ പീഡാനുഭവങ്ങളെക്കുറിച്ചും വിശുദ്ധ കുർബാനയെപ്പററിയും അദ്ദേഹം ഈ അവസരത്തിൽ ഓരോ ഗ്രന്ഥം രചിച്ചു.

തോമസ് മൂറിൻെറ പ്രിയതമയും, വത്സല പുത്രിയും അദ്ദേഹത്തെ കാരാഗൃഹത്തിൽ സന്ദർശിച്ചിരുന്ന അവസരങ്ങളിലെല്ലാം, ശപഥം ചെയ്യുന്നതിനു്, അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നു. ക്രോംവെൽ ഇപ്രകാരമുള്ള സന്ദർശനങ്ങൾ അനുവദിച്ചതു്, മൂറിൻെറ ഭാര്യയും പുത്രിയും ശപഥം ചെയ്യുന്നതിനു് അദ്ദേഹത്തെ പ്രേരിപ്പിക്കുമെന്നും, തന്മൂലം അദ്ദേഹം അപ്രകാരം പ്രവർത്തിക്കുമെന്നും കരുതിയായിരുന്നു.

ഒരിക്കൽ, തോമസ് മൂറിൻെറ ഭാര്യ, അദ്ദേഹത്തെ കാണുന്നതിനായി കാരാഗൃഹത്തിൽ ചെല്ലുകയും, ആഡംബര ജീവിതം നയിക്കുന്നതിനു് കഴിയുമായിരുന്നിട്ടും കാരാഗൃഹത്തിൽ വസിക്കുന്നതു് ഭോഷത്വം കൊണ്ടാ

www.malankaralibrary.com



ണെന്നും, ശപഥം ചെയ്തു് രാജപ്രീതിക്കു പാത്രമായി ത്തീരണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്തു. തോമസ് മൂറാകട്ടെ ഭാര്യയുടെ വാക്കുകൾക്കു് മറുപടിയായി ഒരു മന്ദസ്മിതം പൊഴിക്കുകമാത്രമാണു് ചെയ്തതു്.

തോമസ് മൂറിൻെറ വത്സലപുത്രി മാർഗരററും, അദ്ദേഹത്തിൻെറ നിശ്ചയത്തെ മാററുന്നതിനായി സ്നേഹദ്യോതകങ്ങളായ ലേഖനങ്ങളും, ഹൃദയസ്പൃക്കായ വാക്കുകളും കൊണ്ടു് ശ്രമിച്ചു വന്നിരുന്നു. മൂറാകട്ടെ, താൻ സ്വീകരിച്ചിരിക്കുന്ന ആദർശങ്ങൾ പുത്രിയെ ഗ്രഹിപ്പിക്കുന്നതിനു വേണ്ടി ഹൃദയം തുറന്നു് അവളോടു സംസാരിച്ചു. അദ്ദേഹം തൻെറ ദൃഢനിശ്ചയത്തിൽ ഉറച്ചു നിന്നു.

രാജാവു് ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരിയാണെന്നും, അദ്ദേഹത്തിൻെറ അനന്തരഗാമികളായ രാജാക്കന്മാരും ഈ അധികാരത്തിനു് അവകാശികളാണെന്നും, രാജശാസനത്തെ സ്വീകരിക്കാൻ വൈമനസ്യം കാട്ടുന്നവർ രാജനിയമപ്രകാരം ശിക്ഷാർഹരാണെന്നും സ്ഥാപിക്കുന്ന ഒരു നിയമം അക്കൊല്ലം തന്നെ നവംബറിൽ പാർലമെൻറ് പാസ്സാക്കിയിരുന്നു. ക്രോംവെൽ, മൂറിനെ സന്ദർശിച്ച അവസരത്തിൽ ഈ നിയമം കണ്ടില്ലയോ എന്നു് അദ്ദേഹത്തോടു ചോദിക്കുകയും തോമസ് മൂർ അതിനു് ഇപ്രകാരം മറുപടി പറയുകയും ചെയ്തു. ''രാജാവിനോടു് ഞാൻ എൻെറ അഭിപ്രായങ്ങൾ തുറന്നു പറഞ്ഞിട്ടുണ്ടു്. ഞാൻ രാജാവിൻെറ ഒരു വിശ്വസ്ത പ്രജയാണു്. മേലിലും അപ്രകാരം തന്നെ ആയിരിക്കും. അദ്ദേഹത്തിനുവേണ്ടിയും അദ്ദേഹത്തിൻെറ ആലോചനാ സഭയ്ക്കുവേണ്ടിയും അനുദിനം ഞാൻ പ്രാർത്ഥിക്കുന്നുണ്ടു്.''

www.malankaralibrary.com



രാജാവിൻെറ ഉദാരമനസ്സതയെ പ്രശംസിച്ചുകൊണ്ടു് ക്രോംവെൽ മൂറിനോടു സംസാരിച്ചു. മൂറാകട്ടെ, തൻെറ ചിന്ത മുഴുവൻതൻെറ മരണത്തെപ്പററിയും, ക്രിസ്തുവിൻെറ പീഡാനുഭവങ്ങളെക്കുറിച്ചുമാണെന്നു പ്രതിവചിച്ചു.

ക്രോംവെല്ലിൻെറ ഈ സന്ദർശനത്തെപ്പററി മൂർ വിശദമായി മാർഗരററിനു് എഴുതി. തൻെറ പിതാവു് മരണശിക്ഷയ്ക്കു വിധിക്കപ്പെടുമെന്നു മനസ്സിലാക്കിയ അവരം അദ്ദേഹത്തെ കാണുന്നതിനായി അധികാരികളുടെ അനുമതിയോടെ കാരാഗൃഹത്തിലെത്തി.

അതിനുശേഷം, തോമസ് മൂറിനെ അനുനയിപ്പിക്കുന്നതിനു വേണ്ടി, രാജാവിൻെറ കല്പനയെ അനുസരിക്കുന്ന പക്ഷം, തോമസ് മൂറിനെ രാജാവു് പൂർവ്വോപരി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുമെന്നും, അദ്ദേഹത്തിനു സൗഭാഗ്യകരമായി ജീവിക്കാൻ കഴിയുമെന്നും, ക്രോംവെല്ലിൻെറ പ്രേരണയാൽ മന്ത്രിസഭാംഗങ്ങളെല്ലാവരും ചേർന്നു് മൂറിനോടു് പറഞ്ഞു: ''മാർപ്പാപ്പായെ സാർവ്വത്രികസഭയുടെ അധികാരിയായി അംഗീകരിക്കുന്ന നിയമവും, ഇംഗ്ലണ്ടിനെ മാത്രം ബാധിക്കുന്ന നിയമവും തമ്മിൽ വലിയ അന്തരമുണ്ടു്'' എന്നു മൂർ ഉറച്ച സ്വരത്തിൽ പറഞ്ഞു.

തോമസ് മൂറിൻെറ നിശ്ചയത്തെ മാററാൻ അധികാരികരം നടത്തിയ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോരം, അദ്ദേഹത്തിൻെറ മേൽ വിധി നടത്തുവാൻ അവർ നിശ്ചയിച്ചു. ഒരു നിയമജ്ഞനായ തോമസ് മൂറിൻെറ മേൽ കുററം ആരോപിക്കുന്നതിനു് തക്കതായ കാരണം കണ്ടുപിടിക്കുന്നതിനു് അവർ ശ്രമിച്ചു വന്നു.

www.malankaralibrary.com



ഏതാദൃശ കാരണങ്ങളാൽ, തന്റെ മരണം സമീപിച്ചിരിക്കുന്നുവെന്നു മൂർ മനസ്സിലാക്കി. തന്റെ പേരിൽ കുററം ആരോപിക്കുന്നതിനും രാജദ്രോഹിയെന്ന നിലയിൽ നിഷ്ട്ടയം വധിക്കുന്നതിനും ശ്രമങ്ങൾ നടക്കുന്നുണ്ടെന്നു് മനസ്സിലാക്കിയ അദ്ദേഹം, അപ്രകാരമുള്ള പീഡകളെ ധൈര്യപൂർവ്വം സഹിക്കുന്നതിനു തയ്യാറാവുകയും ചെയ്തു.

www.malankaralibrary.com

# രക്തസാക്ഷിത്വവും വിശുദ്ധപദവിയും

തോമസ് മൂറിൻെറ വിസ്താരം ജൂലൈ ഒന്നാം തീയതി നടത്തുവാനാണ് നിശ്ചയിക്കപ്പെട്ടത്. പന്ത്രണ്ടു നിയമജ്ഞന്മാരും, നിരവധി പ്രഭുക്കൻമാരുമടങ്ങിയ ന്യായാധിപസംഘത്തിൻെറ മുൻപാകെയാണ് അദ്ദേഹം വിസ്തരിക്കപ്പെട്ടത്.

കർത്തൂസ്യൻ സന്യാസികളുടെ രണ്ടാമത്തെ കൂട്ടത്തെ ജൂൺ പത്തൊമ്പതാം തീയതിയും, ഫിഷർമെത്രാനെ ജൂൺ 22–ാം തീയതിയും വധിച്ചു. ഇതിനു ശേഷം മൂറിൻെറ വിസ്താരം നടത്തിയാൽ, അദ്ദേഹത്തിൻെറ മനസ്സിൽ ഭീതി ഉണ്ടാവുകയും അദ്ദേഹം തൻെറ നിശ്ചയം മാററുകയും ചെയ്യുമെന്ന് ഹെൻറി പ്രത്യാശിച്ചിരുന്നു.

ചാൻസലറായിരുന്ന കാലത്ത് മൂറിൻെറ നീതി നിഷ്ഠയും, ബുദ്ധിവൈഭവിഷ്യവും നിയമപാടവവും മുൻ

www.malankaralibrary.com



പറഞ്ഞ നിയമങ്ങൾക്ക്, തങ്ങളുടെ സ്വാതന്ത്ര്യത്തിനും അമിതമായ ധനേച്ഛയ്ക്കും പ്രതിബന്ധമായിത്തീർന്നിരുന്നു. തന്മൂലം അതിനു പ്രതികാരമെന്നോണം, പൊതുജന ദൃഷ്ടിയിൽ മൂറിനെ ഒരു ഭ്രാന്തനോ രാജദ്രോഹിയോ ആക്കി ചിത്രീകരിക്കാൻ അവർ ആഗ്രഹിച്ചു. സ്വന്തം നിലയെ പരിരക്ഷിക്കുന്നതിനു വേണ്ടിയാണ് അവർ ഇപ്രകാരം ആഗ്രഹിച്ചത്. തോമസ് മൂറിനെ കുററ പത്രം വായിച്ചു കേൾപ്പിക്കുന്നതിനും അദ്ദേഹത്തിന്റെ മേൽ വിധി പ്രസ്താവിക്കുന്നതിനുമായിരുന്നു അവർ അദ്ദേഹത്തെ തങ്ങളുടെ മുമ്പിൽ ഹാജരാക്കിയത്. ലത്തീൻ ഭാഷയിൽ എഴുതപ്പെട്ട പ്രസ്തുത കുററപത്രം നിയമോദ്ധാരണങ്ങളാൽ നിറഞ്ഞതായിരുന്നു;

വിസ്താരസമയത്തു ന്യായാധിപനായ റിച്ച് മൂറിനോടു ചോദിച്ചു. ''ഞാൻ രാജാവായി പാർലമെന്റിനാൽ തിരഞ്ഞെടുക്കപ്പെടുകയോ അഥവാ മാർപ്പാപ്പായായി അംഗീകരിക്കപ്പെടുകയോ ചെയ്താലോ?'' ''ദൈവം ദൈവമല്ലെന്നു പാർലമെന്റു തീരുമാനിച്ചാലോ?'' എന്നു മൂർ പ്രത്യുത്തരം പറഞ്ഞു. അതിന്റെ അർത്ഥമാകട്ടെ, ഹെൻറിയെ സഭയുടെ പരമാധികാരിയാക്കാൻ പാർലമെന്റിനു് അധികാരം ഇല്ലെന്നായിരുന്നു.

ക്ലേശപൂർണ്ണമായിരുന്ന പതിനഞ്ചുമാസത്തെ കാരാഗൃഹവാസഫലമായി തോമസ് മൂറിന്, സുദീർഘമായ കുററപത്രം എഴുന്നേററു നിന്നു് കേൾക്കുന്നതിനുള്ള ശക്തിയില്ലായിരുന്നു. തന്മൂലം ജഡ്ജിമാർ അദ്ദേഹത്തിന് ഇരിക്കാൻ ഒരു കസേര നൽകി.

ഈയവസരത്തിൽ കുതന്ത്രനായ റിച്ച്, സാക്ഷിയായി വന്നു്, കുററപത്രത്തിൽ പറയുന്നതുപോലെ

www.malankaralibrary.com



രാജാവിന്ന് സഭയുടെ മേലുള്ള പരമാധികാരത്തെ മൂർ നിഷേധിച്ചു എന്ന മൊഴി കൊടുത്തു.

കുററപത്രത്തിന മറുപടിയായുള്ള ന്യായവാദത്തിൽ മൂർ, തൻെറ മേൽ ആരോപിതമായിരിക്കുന്ന കുററങ്ങൾ ഒന്നും നിയമാനുസൃതം തെളിഞ്ഞിട്ടില്ലെന്ന യുക്തിയുക്തം വാദിച്ചു. ഉൽകൃഷ്ടനായ ഒരു ന്യായാധിപനായിരുന്ന തോമസ് മൂറിന്ന്, തന്നെ വിധിക്കുന്നതും നിയമാനുസൃതമായിരിക്കണമെന്ന് നിർബ്ബന്ധമുണ്ടായിരുന്നു.

വിധി പ്രസ്താവിക്കുന്നതിന മുമ്പായി കുററക്കാരന്ന് —മൂറിന്ന്—എന്തെങ്കിലും പറയുന്നതിനുള്ള അവസരം ചാൻസലർ നൽകി. താൻ എന്തെല്ലാം പറഞ്ഞാലും തൻെറ മനസ്സാക്ഷിക്ക വിരുദ്ധമായ പാർലമെൻറ് നിയമത്തെ അംഗീകരിക്കാത്തിടത്തോളം തന്നിൽ നിന്നും വധശിക്ഷ നീങ്ങില്ലെന്ന് തോമസ് മൂറിന്ന് അറിയാമായിരുന്നു. എങ്കിലും തൻെറ അഭിമതം ഒരു തവണ കൂടി വെളിപ്പെടുത്തുവാൻ അദ്ദേഹം നിശ്ചയിച്ചു. പാർലമെൻറു നിയമം സാധുവല്ലെന്ന് ഇത്തവണ അദ്ദേഹം വാദിച്ചു. ''അതു ക്രിസ്തീയ വിശ്വാസത്തിന വിരുദ്ധമാണ്. ഇംഗ്ലണ്ടിൻെറ കത്തോലിക്കാ വിശ്വാസത്തെ നശിപ്പിക്കുന്നതിന പര്യാപ്തമായ ഒന്നാണ പാർലമെൻറ് നിയമം. സാർവ്വത്രികമായ കത്തോലിക്കാ സഭയുടെ നിയമങ്ങൾക്ക മാത്രമല്ല, ഇംഗ്ലണ്ടിലെ രാജ്യനിയമങ്ങൾക്കും വിരുദ്ധമായ ഒന്നാണ പ്രസ്തുത പാർലമെൻറു നിയമം.'' എന്ന് അദ്ദേഹം സമർത്ഥിച്ചു.

തോമസ് മൂർ തൻെറ വാദം അവസാനിപ്പിച്ചപ്പോൾ ചാൻസലറും പ്രധാന ജഡ്ജിയായ സർ ജോൺ ഫിററ് ജയിസും കൂടി അനന്തര നടപടികളെപ്പററി ആലോചിക്കുകയും, കുററപത്രം സാധുവാണെന്ന വിധിക്കുകയും

www.malankaralibrary.com



ചെയ്തു. അനന്തരം "ചാൻസലർ സർ തോമസ് മൂറിനെ കഴവിൽ തൂക്കി ശരീരം നാലായിക്കീറുകയും ചെയ്യട്ടെ" എന്ന് ഔദ്യോഗികമായി വിധി പ്രസ്താവിച്ചു.

വധശിക്ഷ സുനിശ്ചിതമാണെന്ന മനസ്സിലാക്കിയ തോമസ് മൂർ, താൻ ഒരു വേദ സാക്ഷിയായിട്ടാണല്ലോ മരിക്കാൻ പോകുന്നതെന്നോർത്ത് സന്തോഷിക്കുകയാണുണ്ടായത്. തദനന്തരം തോമസ് മൂർ ലണ്ടൻ ടൗവറിലേക്ക് വീണ്ടും ആനയിക്കപ്പെട്ടു. വഴിമദ്ധ്യേ അദ്ദേഹത്തിന്റെ വത്സലപുത്രനായ ജോൺ ഭഗ്നചിത്തനായി, പിതാവിന്റെ കാല്ക്കൽ വീണ് അനുഗ്രഹം അത്ഥിക്കുകയും, ആ വന്ദ്യപിതാവ് അയാളെ ആശീർവ്വദിക്കുകയും ചെയ്തു. ഈ സന്ദർഭങ്ങളിലൊന്നും സമചിത്തത അദ്ദേഹത്തെ കൈവിട്ടിരുന്നില്ല.

പിന്നീടുള്ള യാത്രയിൽ, തോമസ് മൂർ ലണ്ടൻ ടൗവറിൽ എത്താറായപ്പോഴേക്കും അദ്ദേഹത്തിന്റെ പ്രിയ പുത്രിയായ മാർഗരററ് പിതാവിന്റെ അന്ത്യാശിസ്സുകരം വാങ്ങുന്നതിനായി വഴിയിൽ കാത്തുനില്ക്കുന്നുണ്ടായിരുന്നു. പിതാവിനെ കണ്ടമാത്രയിൽത്തന്നെ അവരം ആരംക്കൂട്ടത്തെയോ, ആയുധധാരികളായ പടയാളികളെയോ വകവയ്ക്കാതെ അദ്ദേഹത്തിന്റെ പക്കൽ ഓടിയെത്തി, "എന്റെ പ്രിയ പിതാവേ," "എന്റെ വത്സല പിതാവേ" എന്ന മാത്രം ഉച്ചരിച്ചുകൊണ്ട് ഗാഢമായി അദ്ദേഹത്തെ ആശ്ലേഷിച്ചു. തോമസ് മൂറും അവളെ പ്രത്യാശ്ലേഷണത്താൽ അനുഗ്രഹിച്ചു.

തോമസ് മൂർ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടതിനു ശേഷവും, അദ്ദേഹത്തെ തന്റെ ദൃഢനിശ്ചയത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും, അങ്ങനെ മരണശിക്ഷയിൽ നിന്നും ഒഴിവാക്കുന്നതിനും ഹെൻറി ആത്മാർ

www.malankaralibrary.com



ത്ഥമായി ശ്രമിച്ചുകൊണ്ടിരുന്നു. അതിനായി രാജാവു് ഒരു ദൂതനെ മൂറിൻെറ സമീപം അയച്ചെങ്കിലും അതു് വിഫലമാവുകയാണുണ്ടായതു്.

തോമസ്സ് മൂർ അവസാനമായി കത്തെഴുതിയതു് തൻെറ വത്സല പുത്രി മാർഗരററിനായിരുന്നു. കുടുംബ കാര്യങ്ങളിൽ പ്രദർശിപ്പിക്കേണ്ട ഔത്സുക്യത്തെയും, സ്വർഗ്ഗത്തിലുള്ള സൗഭാഗ്യത്തെയും അതിൽ അദ്ദേഹം സരസമായി പ്രതിപാദിച്ചിരുന്നു. തൻെറ മററു കുടുംബാംഗങ്ങളെയും അദ്ദേഹം ആ കത്തിൽ പരാമർശിച്ചിട്ടുണ്ടു്.

ആയിരത്തി അഞ്ഞൂററി മുപ്പത്തി അഞ്ചു് ജൂലൈ ആറാം തീയതി അതിരാവിലെ തോമസ്സ് മൂറിൻെറ ഒരു സ്നേഹിതനായ സർ തോമസ്സ് പോപ്പ്, അദ്ദേഹത്തെ വിളിച്ചുണർത്തി അന്നു പത്തുമണിക്കുതന്നെ വധശിക്ഷ നടപ്പാക്കുന്ന കാര്യം അറിയിച്ചു. "നല്ലവനായ മിസ്റ്റർ പോപ്പ്, എൻെറ ശരീരം സംസ്കരിക്കുമ്പോൾ എൻെറ പ്രിയപുത്രി മാർഗരററിനു വന്നുചേരുവാനുള്ള അനുവാദം രാജാവിൽനിന്നു നിങ്ങൾ വാങ്ങിത്തരണം" എന്നു് മൂർ പോപ്പിനോടു് അഭ്യർത്ഥിക്കുകയും ചെയ്തു.

തൻെറ സ്വർഗ്ഗീയ ജീവിതാരംഭ ദിനത്തിൽ തന്നെ അതിനായി സഹായിച്ച തൻെറ ഘാതകനു് ഒരു സ്വർണ്ണ നാണയം അയച്ചുകൊടുക്കുവാൻ തോമസ്സ് മൂർ റോപ്പറിനോടു് ആജ്ഞാപിച്ചിരുന്നു.

തോമസ്സ് മൂറിൽ കുടികൊണ്ടിരുന്ന ഫലിതഭാഷണം അവസാന നാഴികയിൽപ്പോലും അദ്ദേഹം വിനിയോഗിച്ചു. വധസ്ഥലത്തേക്കു കയറാനുള്ള കോവണി വേണ്ടത്ര ഉറപ്പില്ലാത്തതാണെന്നു കണ്ട മൂർ, തന്നെ പ്രസ്തുത സ്ഥലത്തേക്കു നയിച്ചിരുന്ന ഉദ്യോഗസ്ഥനോടു്

www.malankaralibrary.com



''മുകളിലേയ്ക്കു അപകടംകൂടാതെ കയറുന്നതിനു് എന്നെ സഹായിക്കുക. താഴോട്ടുവരുന്ന കാര്യം ഞാൻ തന്നെ നോക്കിക്കൊള്ളാം'' എന്നുപറഞ്ഞു. എല്ലാവരും തനിക്കു വേണ്ടി പ്രാൎത്ഥിക്കണമെന്നും, കത്തോലിക്കാ സഭയ്ക്കു വേണ്ടിയാണു് താൻ മരിക്കുന്നതെന്നും അതിനു് എല്ലാവരും സാക്ഷ്യം വഹിക്കണമെന്നും വധസ്ഥലത്തിനു ചുററും നിന്ന എല്ലാവരേയും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

അനന്തരം മുട്ടിന്മേൽ നിന്നുകൊണ്ടു് കൎത്താവേ, എൻെറ മേൽ 'കരുണയായിരിക്കേണമേ' എന്നു തുടങ്ങുന്ന പ്രാൎത്ഥന ചൊല്ലി. അനന്തരം പ്രശാന്തനായി എഴുന്നേററു് ഘാതകനെ സ്നേഹപൂൎവ്വം ചുംബിച്ചുകൊണ്ടു പറഞ്ഞു. ''സ്നേഹിതാ, ധൈര്യം അവലംബിക്കുക. നിങ്ങളുടെ കൎത്തവ്യം ചെയ്യുവാൻ ഒട്ടും സംശയിക്കേണ്ട. എൻെറ കഴുത്തിനു നീളം വളരെ കുറവാണു്. അതിനാൽ നിങ്ങൾക്കു് അപകീൎത്തി ഉണ്ടാകാതിരിക്കണമെങ്കിൽ ലക്ഷ്യം പിഴയ്ക്കാതിരിപ്പാൻ സൂക്ഷിച്ചു കൊള്ളണം.'' തുടൎന്നു് തോമസ് മൂർ ഒരു കൈലേസുകൊണ്ടു് മുഖം മൂടിക്കെട്ടി വധമണ്ഡപത്തിൽ നിവൎന്നു കിടന്നു. ''എൻെറ താടിമീശ യാതൊരപവാദവും ചെയ്യിട്ടില്ല. അതു ഛേദിക്കപ്പെടാതിരിക്കട്ടെ'' എന്നു് ഫലിതത്തോടെ പറഞ്ഞു് അദ്ദേഹം മീശ ഒരു വശത്തേക്കു മാററിപ്പിടിച്ചു. അനന്തരം ഘാതകൻെറ വാൾ വീരാത്മായ മൂറിൻെറ കഴുത്തിനെ ഛേദിച്ചു. അദ്ദേഹത്തിൻെറ ആത്മാവു് ദൈവസന്നിധിയെ പ്രാപിക്കുകയും ചെയ്തു.

തോമസ് മൂറിൻെറ വധത്തെപ്പററിയുള്ള വൃത്താന്തം അറിയുമ്പോൾ ഹെൻറി ആനിബോളിനുമൊന്നിച്ചു് ചൂതുകളിക്കുകയായിരുന്നു. പ്രസ്തുത നിമിഷത്തിൽ ത്തന്നെ അദ്ദേഹം ചൂതുകളി അവസാനിപ്പിച്ചു്, ''നീയാ

www.malankaralibrary.com



ണ്ട് അദ്ദേഹത്തിൻെറ വധത്തിന കാരണം'' എന്നു് ആനിബോളിനോട്ട് പറയുകയും, അത്യധികമായ ദുഃഖത്തോടെ വളരെ നേരം കരയുകയും ചെയ്തു.

തോമസ് മൂറിനെ ജീവിതകാലം മുഴുവൻ കാരാഗൃഹത്തിലടയ്ക്കുകയെന്നല്ലാതെ, വധശിക്ഷയ്ക്കു വിധേയനാക്കണമെന്നു് ഹെൻറി ആഗ്രഹിച്ചിരുന്നില്ല. അദ്ദേഹത്തിൻെറ ശിരച്ഛേദനം കൊണ്ടു മാത്രമേ ആനിബോളിൻ സന്തുഷ്ടയാകു എന്നു മനസ്സിലാക്കിയതു കൊണ്ടാണു് ഹെൻറി അപ്രകാരം ചെയ്യാൻ സമ്മതം മൂളിയതു്.

തോമസ് മൂറിൻെറ വധത്തിൽ എല്ലാ പ്രകാരത്തിലും സന്തോഷിച്ചതു് ആനിബോളിൻ മാത്രമായിരുന്നു. എന്നാൽ അവളുടെ സന്തോഷം അധികനാറം നീണ്ടുനിൽക്കുന്നതിനു് ദൈവം അനുവദിച്ചില്ല. തോമസ് മൂറിൻെറ മരണശേഷം ഒരുവർഷം കഴിയുന്നതിനുമുമ്പായി ഹെൻറി അവളിൽ വ്യഭിചാര കുററം ആരോപിക്കുകയും, ആനിബോളിനുമായുള്ള ഹെൻറിയുടെ വിവാഹം അസാധുവായിരുന്നുവെന്നു് ആയിരത്തി അഞ്ഞൂററി മുപ്പത്തി ആറു് മെയ് മാസം പതിനേഴാം തീയതി ക്രാൻമർ മെത്രാപ്പോലീത്താ ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു. തോമസ് മൂർ വധിക്കപ്പെട്ട അതേ സ്ഥലത്തുവച്ചു തന്നെ ആനിബോളിൻ ശിരച്ഛേദനം ചെയ്യപ്പെട്ടു. ആനിബോളിൻെറ വധത്തിൽ ഹെൻറി വളരെ സന്തുഷ്ടനായാണു് കാണപ്പെട്ടതു് എന്നതും വളരെ ശ്രദ്ധേയമാണു്.

ക്രോംവെൽ ആകട്ടെ, ഹെൻറിയുടെ വികാരി ജനറാറം (Vicar General) ആയിരുന്ന കാലത്തു് അദ്ദേഹം തന്നെ സൃഷ്ടിച്ച, ബിൽ ഓഫ് അററയിൻഡർ (Bill of Attainder) എന്ന നിയമത്താൽ വിസ്തരിക്കപ്പെട്ടു. കേസ്സു വിസ്താര സമയത്തു തൻെറ പ്രവൃത്തികളെ

www.malankaralibrary.com



സാധൂകരിക്കുന്നതിനായി ഒരൊററ വാക്കുപോലും പറയുന്നതിന് ക്രോം വെല്ലിന് അനുവാദം ലഭിച്ചില്ല. അയാളുടെ ദുർവൃത്തികൾക്ക് അർഹമായി അയാൾ നിഷ്കരുണം വധിക്കപ്പെട്ടു.

ഗളഛേദനം ചെയ്തു വധിക്കപ്പെട്ടുന്നവരുടെ ശിരസ്സുകൾ കുന്തങ്ങളിൽ കുത്തി, സകലർക്കും മാതൃകയായി ത്തീരുന്നതിനും, പിന്നീട് തെംസ് നദിയിൽ എറിയപ്പെട്ടുന്നതിനുമായി, ലണ്ടൻ പാലത്തിൽ നാട്ടിനിർത്തുകയെന്ന അക്കാലത്തെ പതിവനുസരിച്ച് തോമസ് മൂറിൻെറ പൂജ്യ ശിരസ്സും അവിടെ സ്ഥാപിക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തിൻെറ ശരീരം യഥാവിധി സംസ്കരിക്കുന്നതിന് ദുഃഖിതയായ മാർഗരററിന് അനുവാദം ലഭിച്ചു. അതു പ്രകാരം മൂറിൻെറ ഭൗതിക ശരീരം ലണ്ടൻ ടൗവറിലെ വിശുദ്ധ പത്രോസിൻെറ കപ്പേളയിൽ അവർ സംസ്കരിച്ചു. പിന്നീട് രാജശാസനയനുസരിച്ച് മൂറിൻെറ ശരീരവും തെംസ് നദിയിൽ എറിയപ്പെട്ടുന്നതിനു സമയമായപ്പോൾ മാർഗരററ് സേവകനു കൈക്കൂലി കൊടുത്തു് രഹസ്യമായി ശരീരം കരസ്ഥമാക്കുകയും സ്വഭവനത്തിൽ ആദരപൂർവ്വം സൂക്ഷിക്കുകയും ചെയ്തു.

സത്യ വിശ്വാസത്തിനും, കത്തോലിക്കാസഭയ്ക്കും വേണ്ടി സ്വജീവനെ ബലികഴിക്കുന്നതിനു സന്നദ്ധനായ ആദ്യത്തെ അവൈദികൻ തോമസ് മൂർ ആയിരുന്നു. ഇത്തരത്തിൽ കർത്തൂസ്യൻസന്യാസികളും, റോച്ചസ്റ്ററിലെ ഫിഷർ മെത്രാനും രക്തസാക്ഷിത്വം വരിച്ചിട്ടുണ്ടെങ്കിലും, ഇംഗ്ലണ്ടിലെ ജനഹൃദയങ്ങളിൽ ഗാഢമായി പതിഞ്ഞതു് തോമസ് മൂറിൻെറ മരണമായിരുന്നു. തോമസ് മൂർ തൻെറ സ്ഥാനൗന്നത്യങ്ങളെല്ലാം കത്തോലിക്കാ മതത്തിനും, വിശ്വാസത്തിനും വേണ്ടി വിനി

www.malankaralibrary.com



യോഗിക്കുകയും അതിനുവേണ്ടിത്തന്നെ വധിക്കപ്പെടുകയുമാണല്ലോ ചെയ്തതു്.

മരണശേഷവും സ്വപിതാവിനെ സ്നേഹപൂർവ്വം അനുഗമിക്കുന്നതിനായി, തോമസ് മൂറിൻെറ ശിരസ്സ് തൻെറ ശവശരീരത്തോടൊന്നിച്ചു് സംസ്കരിക്കണമെന്നു് മാർഗരററു് അഭിലഷിച്ചു. ആ പുണ്യാത്മാവിൻെറ ഭൗതികാവശിഷ്ടം മാർഗരററിൻെറ ശവകുടീരത്തിൽ ത്തന്നെ അന്ത്യവിശ്രമം കൊള്ളുന്നുവെന്നുള്ളതു് ചരിത്ര സത്യമാണു്.

തോമസ് മൂറിൻെറ മരണത്തെ ഇംഗ്ലീഷ് കത്തോലിക്കർ ഒരു വേദസാക്ഷിയുടെ മരണമായിട്ടാണു് കരുതിയതു്.

അന്നത്തെ മാർപ്പാപ്പാ ആയിരുന്ന ലിയോ പതിമൂന്നാമൻെറ കാലത്തു്, കാർഡിനൽ ഹെൻറി മാനിംഗ് ഇംഗ്ലണ്ടിലെ മെത്രാന്മാരുടെ സഹകരണത്തോടും സമ്മതത്തോടും കൂടി ഇംഗ്ലണ്ടിലെ വേദസാക്ഷികളുടെ നാമകരണത്തിനായി മാർപ്പാപ്പായോടു് അഭ്യർത്ഥിച്ചു. തന്നിമിത്തം വേണ്ടത്ര അന്വേഷണങ്ങൾ നടത്താൻ മാർപ്പാപ്പാ ഒരു കമ്മീഷനെ നിയോഗിക്കുകയും, ആയിരത്തി എണ്ണൂററി എൺപത്തി ആറ് ഡിസംബർ ഇരുപത്തി ഒൻപതാം തീയതി, ഫിഷർ മെത്രാനോടും, വേറെ ചില വേദ സാക്ഷികളോടുമൊന്നിച്ചു്, തോമസ് മൂറിനെ വാഴ്ത്തപ്പെട്ടവൻ എന്നു് പ്രഖ്യാപിക്കുകയും ചെയ്തു. ആയിരത്തി തൊള്ളായിരത്തി മുപ്പത്തി അഞ്ചു് മെയ് പത്തൊമ്പതാം തീയതി പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തൻെറ അപ്രമാദിത്വ വരമുപയോഗിച്ചു് വാഴ്ത്തപ്പെട്ട തോമസ്മൂറിനെ വിശുദ്ധനായി നാമകരണം ചെയ്തു.